# കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 25–ാം വാർഷിക പൊതുയോഗം

## 2016 ജൂലൈ 16 ശനിയാഴ്ച 2 p.m.

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 25–ാമത് വാർഷിക പൊതുയോഗം 2016 ജൂലൈ 16–ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.00ന് പി.ഒ.സി.യിൽവച്ച് നടത്തപ്പെടുന്നതാണ്. സൊസൈറ്റി ചെയർമാന്റെ അധ്യക്ഷതയിലായിരിക്കും പൊതുയോഗം.

## കാര്യപരിപാടി

1. പ്രാർത്ഥന
2. സ്വാഗതം - **ശ്രീ. ആന്റണി പാലിമറ്റം**
   (വൈസ് ചെയർമാൻ, കെ.സി.ബി.എസ്.)
3. അനുസ്മരണ പ്രാർത്ഥനാശുശ്രൂഷ -
4. അധ്യക്ഷപ്രസംഗം - **ആർച്ച് ബിഷപ് മോസ്റ്റ് റവ. ഡോ. സൂസൈപാക്യം**
   (ചെയർമാൻ, കെ.സി.ബി.എസ്.)
5. റിപ്പോർട്ടുകൾ - **റവ. ഡോ. ജോൺസൺ പുതുശ്ശേരി CST**
   (സെക്രട്ടറി, കെ.സി.ബി.എസ്.)
6. വാർഷിക കണക്കുകൾ - **റവ. സി. ആൽഫി സി.റ്റി.സി**
   (ട്രഷറർ, കെ.സി.ബി.എസ്.)
7. ചർച്ച
8. തിരഞ്ഞെടുപ്പ്
9. ഓഡിറ്ററുടെ നിയമനം
11. നന്ദി - **ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ**
   (ജോയിന്റ് സെക്രട്ടറി, കെ.സി.ബി.എസ്.)

**ശ്രീ. ആന്റണി പാലിമറ്റം**
വൈസ് ചെയർമാൻ

**റവ. ഡോ. ജോൺസൺ പുതുശ്ശേരി CST**
സെക്രട്ടറി

**റവ. സി. ആൽഫി C.T.C.**
ട്രഷറർ

**ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ**
ജോ. സെക്രട്ടറി

# ബൈബിൾ സൊസൈറ്റിക്കു വേണ്ടിയുള്ള പ്രാർത്ഥന

*വചനത്താൽ സർവ്വവും സൃഷ്ടിച്ച പിതാവേ, അങ്ങേക്കു സ്തുതി. മാംസം ധരിച്ച വചനമേ, അങ്ങേക്ക് ആരാധന. വചനത്തിനു കന്യകാമറിയത്തിന്റെ ഉദരത്തിൽ മനുഷ്യരൂപം പ്രദാനം ചെയ്ത പരിശുദ്ധാത്മാവേ, അങ്ങേക്കു മഹത്ത്വം.*

*'പാദത്തിനു വിളക്കും പാതയിൽ പ്രകാശവു'മായ വചനം ജീവിതവീഥിയിൽ ഞങ്ങൾക്കു വഴികാട്ടിയാകട്ടെ! തമസ്സിൽനിന്നു പ്രകാശത്തിലേക്കും അസത്യത്തിൽ നിന്നു സത്യത്തിലേക്കും മൃതിയിൽനിന്ന് ജീവനിലേക്കുമുള്ള ഞങ്ങളുടെ പ്രയാണത്തെ ത്വരിതപ്പെടുത്തിയാലും. തിന്മയുടെ ഗർത്തത്തിൽ നിന്നു നന്മയുടെ തീരങ്ങളിലേക്കും ദു:ഖദുരിതങ്ങളുടെ മരുഭൂമിയിൽ നിന്നു സംതൃപ്തിയുടെ നീരുറവകളിലേക്കും അസമാധാനത്തിന്റെ യുദ്ധഭൂവിൽനിന്ന് സമാധാനത്തിന്റെ പൂവാടിയിലേക്കും ഞങ്ങൾ നീങ്ങട്ടെ.*

*കേരള കാത്തലിക് ബൈബിൾ സൊസൈറ്റി അംഗങ്ങളെന്ന നിലയിൽ ഞങ്ങളുടെ കടമകൾ ഭംഗിയായി നിറവേറ്റുവാൻ ഞങ്ങൾക്കു കഴിയട്ടെ. വചനം വായിക്കാനും ധ്യാനിക്കാനും ഗ്രഹിക്കാനും ജീവിക്കാനും ഞങ്ങളെ പ്രചോദിപ്പിക്കണമേ. സഭാമക്കൾ എല്ലാവരും സൊസൈറ്റിയിൽ അംഗങ്ങളായി ചേരുന്നതിനും ക്രൈസ്തവസമൂഹത്തിന്റെ വിശ്വാസസാക്ഷ്യമായി ഞങ്ങളുടെ പ്രവർത്തനങ്ങൾ മാറുന്നതിനും ഇടയാക്കണമേ. എല്ലാ സൊസൈറ്റി അംഗങ്ങളിലും സാരഥികളിലും വചനപ്രചോദിതമായ ഉണർവ്വും പ്രേഷിതതീക്ഷ്ണതയും ഉളവാക്കണമേ. തിരുവചനോപാസകരായി, പരസ്നേഹനിർഭരരായി സഭയിലും ലോകത്തിലും ഞങ്ങൾ വളരട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, ആമ്മേൻ.*

# ബൈബിൾ പാരായണത്തിലൂടെ കരുണാസമ്പന്നരാകൂ!



## 2015 ഡിസംബർ: ബൈബിൾ പാരായണ മാസം
## ഡിസംബർ 27: ബൈബിൾ ഞായർ

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

വിശുദ്ധഗ്രന്ഥത്തിന്റെ ഉള്ളടക്കത്തെ ഒരു പദത്തിൽ സംഗ്രഹിക്കാമെങ്കിൽ അതാണ് 'കരുണ'. വിശുദ്ധ ലിഖിതങ്ങളിൽ ദൈവകരുണയുടെ പ്രകാശനം കാണാൻ കരുണയുടെ അസാധാരണ ജൂബിലി വർഷം തികച്ചും അനുയോജ്യമായ കാലമാണ്. ഈ വർഷത്തെ ബൈബിൾ പാരായണ മാസം വിശുദ്ധഗ്രന്ഥത്തിലെ കാരുണ്യ സാഗരത്തെ തിരിച്ചറിയാനും അത് ആവോളം ആസ്വദിച്ചു കരുണയുടെ സുഗന്ധം ജീവിതത്തിൽ പേറുന്നവരാകാനും നമ്മെ സഹായിക്കട്ടെ.

**പഴയനിയമത്തിലെ കാരുണ്യക്കാഴ്ചകൾ**

കരുണയുടെ നേർക്കാഴ്ചയാണ് ബൈബിളിലെ സൃഷ്ടിവിവരണം. എല്ലാം നന്നായി ക്രമപ്പെടുത്തി ഒരുക്കിയതിനുശേഷം ദൈവം മനുഷ്യനെ സൃഷ്ടിച്ചു എന്ന ഉത്പത്തിഗ്രന്ഥവിവരണം കരുതലുള്ള കരുണാമയനായ ദൈവത്തിന്റെ ഒരു വാങ്മയചിത്രമാണ്. മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല എന്നു പറഞ്ഞുകൊണ്ട് ആദത്തിന് ഇണയും തുണയുമായി ഹവ്വായെ സൃഷ്ടിക്കുന്നതും കാരുണ്യവാനായ ദൈവം തന്നെ. ആദിപാപത്തിനുശേഷം ലജ്ജയിലും ഭീതിയിലും പൂണ്ടുപോയ മനുഷ്യജീവിതം മരത്തിനുപിന്നിൽ മറഞ്ഞപ്പോൾ കാരുണ്യത്തിന്റെ സുവിശേഷവുമായി, അതായത് യേശുക്രിസ്തുവിനെക്കുറിച്ചുള്ള വാഗ്ദാനവുമായി, കരുണാസമ്പന്നനായ ദൈവം ഉടൻ പാഞ്ഞെത്തി (ഉത്പ 3:15). പിന്നീടുള്ള ഇസ്രായേൽചരിത്രം മുഴുവൻ ഈ കാരുണ്യവിശേഷത്തിന്റെ സാക്ഷാത്കാരത്തിനുള്ള തയ്യാറെടുപ്പാണ്.

പഴയനിയമത്തിൽ ദൈവത്തിന്റെ കാരുണ്യവിവരണം സമൃദ്ധമായുണ്ട്. പഴയനിയമത്തിലെ ദൈവജനത്തിന്റെ ചരിത്രം ദൈവകാരുണ്യത്തിന്റെ അനുഭവചരിത്രം കൂടിയാണ്. അബ്രാഹത്തോടുള്ള ദൈവത്തിന്റെ വാഗ്ദാനവും ഒരു ജനമായുള്ള ഇസ്രായേലിന്റെ രൂപീകരണവും ഈജിപ്തിലെ കഷ്ടതകളും മോശയെന്ന രക്ഷകന്റെ വരവും മരുഭൂമിയിലെ പരിപാലനയുടെ അനുഭവങ്ങളും ഉടമ്പടിസംസ്ഥാപനവുമെല്ലാം ഇസ്രായേലിന്റെ വിമോചകനായ ദൈവത്തിന്റെ കരുണയുടെ നേർക്കാഴ്ചകളാണ്. പത്തു കല്പനകളുടെ ആമുഖം ഏറെ ചിന്തനീയമാണ്: "അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽ നിന്നു നിന്നെ പുറത്തു കൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്" (പുറ 20:1). ഇസ്രായേലിനെ സ്വാതന്ത്ര്യത്തിലേക്കു നയിച്ച ദൈവമാണ് കല്പനകൾ നല്കുന്നത്. ഇസ്രായേൽ സിദ്ധിച്ച സ്വാതന്ത്ര്യം പരിപോഷിപ്പിക്കാനും നിലനിർത്താനുമുള്ള സംരക്ഷണക്കോട്ടയാണു കല്പനകൾ. മറ്റു വാക്കുകളിൽ പറഞ്ഞാൽ, കാരുണ്യപ്പലകകളാണ് കല്പനയുടെ കല്പലകകൾ (പുറ 31:18). ഈ കല്പനകൾ ജനത്തിനു നല്കാനായി മോശയെ ദൈവം ഏല്പിച്ചതിനു തൊട്ടുപിന്നാലെ പുറപ്പാടുപുസ്തകം വിവരിക്കുന്നത് സ്വർണകാളക്കുട്ടിയെ ആരാധിക്കുന്ന ഇസ്രായേലിന്റെ പാപമാണ്. വീണ്ടും നിയമം നല്കാൻ സന്നദ്ധനാകുന്ന അവിടന്ന് മോശയ്ക്ക് തന്റെ സ്വഭാവസവിശേഷതകൾ വ്യക്തമാക്കിക്കൊടുക്കുന്ന രംഗം ബൈബിളിലെ സുപ്രധാനമായ ദൈവികവെളിപാടിന്റെ രംഗമാണ്: "കർത്താവ്, കാരുണ്യവാനും കൃപാനിധിയുമായ ദൈവം, കോപിക്കുന്നതിൽ വിമുഖൻ, സ്നേഹ

ത്തിലും വിശ്വസ്തതയിലും അത്യുദാരൻ; തെറ്റുകളും കുറ്റങ്ങളും പാപങ്ങളും ക്ഷമിച്ചുകൊണ്ട് ആയിരങ്ങളോട് കരുണ കാണിക്കുന്നവൻ" (പുറ 34:6–7a).

### പ്രവാചകന്മാരുടെ കാരുണ്യശുശ്രൂഷ

ഇസ്രായേലിന്റെ കൊടിയ പാപങ്ങൾക്കൊന്നും കർത്താവിന്റെ കരുണയുടെ കവാടം അടച്ചുകളയാനായില്ല. പ്രവാചകന്മാരിലൂടെ ദൈവം ജനത്തെ തന്റെ കരുണയിലേക്കു ക്ഷണിച്ചു. ജനത്തിന്റെ അവിശ്വസ്തത ദൈവത്തെ ക്ഷുഭിതനാക്കുകയും മടുപ്പിക്കുകയും ചെയ്തപ്പോൾപോലും അവിടത്തെ കൃപയും അചഞ്ചലസ്നേഹവും അവിടത്തെ കോപത്തെ കീഴടക്കിയെന്നതിന് പ്രവാചകന്മാർ തന്നെ സാക്ഷി. "എഫ്രായിം, ഞാൻ നിന്നെ എങ്ങനെ ഉപേക്ഷിക്കും? ഇസ്രായേൽ, ഞാൻ നിന്നെ എങ്ങനെ കൈവിടും? . . . എന്റെ അനുകമ്പ ഊഷ്മളവും ആർദ്രവുമായിരിക്കുന്നു. ഞാൻ എന്റെ ഉഗ്രകോപം നടപ്പാക്കുകയില്ല. എഫ്രായിമിനെ വീണ്ടും നശിപ്പിക്കുകയില്ല; ഞാൻ ദൈവമാണ്, മനുഷ്യനല്ല" എന്ന തിരുവചനം (ഹോസി 11:8–9) ദൈവകരുണയുടെ ജയഭേരിയല്ലേ മുഴക്കുന്നത്? അവിശ്വസ്തയായ ഇസ്രായേലിനെക്കുറിച്ച് ജറെമിയാ പ്രവാചകനിലൂടെ ദൈവം പറയുന്നത് നമുക്കേവർക്കും മനഃപാഠമാണല്ലോ: "എഫ്രായിം എന്റെ വത്സല പുത്രനല്ലേ; എന്റെ ഓമനക്കുട്ടൻ, അവനു വിരോധമായി പെരുമാറുമ്പോഴെല്ലാം അവന്റെ സ്മരണ എന്നിലുദിക്കുന്നു. എന്റെ ഹൃദയം അവനുവേണ്ടി തുടിക്കുന്നു; എനിക്ക് അവനോടു നിസ്സീമമായ കരുണ തോന്നുന്നു" (ജറെ 31:20). ബാബിലോൺ വിപ്രവാസത്തിലേക്ക് ഇസ്രായേൽക്കാരെ തന്റെ കോപത്തിൽ വിട്ടുകൊടുത്ത ദൈവം എശയ്യാ പ്രവാചകനിലൂടെ വ്യക്തമാക്കുന്നു: "നിമിഷനേരത്തേക്കു നിന്നെ ഞാൻ ഉപേക്ഷിച്ചു. മഹാകരുണയോടെ നിന്നെ ഞാൻ തിരിച്ചു വിളിക്കും . . . നിന്നോടു കരുണയുള്ള കർത്താവ് അരുൾചെയ്യുന്നു: മലകൾ അകന്നു പോയേക്കാം; കുന്നുകൾ മാറ്റപ്പെട്ടേക്കാം. എന്നാൽ എന്റെ അചഞ്ചലമായ സ്നേഹം നിന്നെ പിരിയുകയില്ല" (ഏശ 54:7–10). "ദൈവത്തിന് കരുണയെന്നതിനെക്കാൾ കോപത്തെ അടക്കി നിറുത്തുകയാണ് എളുപ്പം" എന്ന വിശുദ്ധ അഗസ്തീനോസിന്റെ പ്രസ്താവന നീതിക്കും അപ്പുറം പോകുന്ന കരുണയുടെ പ്രവാചകസാക്ഷ്യങ്ങൾക്കുള്ള കൈയൊപ്പാണ്.

### കാരുണ്യകീർത്തനങ്ങൾ

സങ്കീർത്തനഗ്രന്ഥത്തിലെ ഏറ്റവും പ്രധാനപ്പെട്ട ദൈവശാസ്ത്രപ്രമേയമാണ് കരുണ. 'ഹെസെദ്' എന്ന ഹീബ്രു പദമാണ് മുഖ്യമായും ഇതിനായി ഉപയോഗിച്ചിട്ടുള്ളത്. ദൈവിക സ്വഭാവത്തെ ഒറ്റ ഹീബ്രുവാക്കിൽ ഒതുക്കണമെങ്കിൽ അതാണ് ആ പദം. 'സ്നേഹം', 'അചഞ്ചല സ്നേഹം', 'കാരുണ്യം', 'കാരുണ്യാതിരേകം' എന്നിങ്ങനെ പലവിധത്തിൽ പി.ഒ.സി. ബൈബിൾ പരിഭാഷപ്പെടുത്തിയിരിക്കുന്ന പദമാണിത്. "കർത്താവിന്റെ കാരുണ്യം കൊണ്ടു ഭൂമി നിറഞ്ഞിരിക്കുന്നു" എന്ന സങ്കീർത്തനവാക്യം (33:5) കാരുണ്യത്തെ നാം ശ്വസിക്കുന്ന വായുവിന്റെപോലും ഒരു പകരപ്പദമായി മുന്നോട്ടുവയ്ക്കുന്നു. ചില സങ്കീർത്തനങ്ങളുടെ പ്രാരംഭവാക്യം ദൈവത്തിന്റെ കരുണയുടെ ആഘോഷമാണ്. "കർത്താവിനു നന്ദി പറയുവിൻ; അവിടന്നു നല്ലവനാണ്; അവിടത്തെ കാരുണ്യം അനന്തമാണ്" എന്ന വാക്യം 107; 118; 136 എന്നീ സങ്കീർത്തനങ്ങളുടെ ആരംഭത്തിലും സങ്കീർത്തനം 100:5–ലും ഏതാണ്ടു സമാനമായി പ്രത്യക്ഷപ്പെടുന്നുവെന്നത് കരുണയുടെ ഈ ആഘോഷം ഒരു കൊച്ചു പദ്യശകലമായി ഇസ്രായേലിൽ പരന്നിരുന്നു എന്നതിന്റെ തെളിവായിരിക്കില്ലേ? 2 ദിന 5:13; 7:3; 20:21; എസ്രാ 3:11 എന്നിവിടങ്ങളിൽ ദൈവാലയത്തിലെ സ്തുതികീർത്തനങ്ങളായി ഇത്തരം ശകലങ്ങളുണ്ട് എന്നതു ചേർത്തു വായിക്കുമ്പോഴാണ് ഈ കാരുണ്യാഘോഷം ഇസ്രായേലിന് എത്ര പ്രിയങ്കരവും ആവർത്തന സ്വഭാവമുള്ളതുമായിരുന്നുവെന്നു നാം ഗ്രഹിക്കുന്നത്. ഇസ്രായേലിന്റെ അടിസ്ഥാനപരമായ ഒരു വിശ്വാസപ്രമാണമായിരുന്നു ഈ കരുണാശകലങ്ങൾ.

**ദൈവകരുണയുടെ തിരുമുഖം**

സഖറിയായുടെ വീട്ടിൽ വച്ച് തലമുറതോറുമുള്ള കാരുണ്യപ്രവാഹത്തെ അനുസ്മരിച്ച മറിയം തന്റെ ഉദരത്തിൽ മാംസം ധരിക്കുന്ന കാരുണ്യത്തെ അനുഭവിച്ചറിഞ്ഞുകൊണ്ടാണ് അതു പാടിയത്. ദൈവകാരുണ്യത്തിന്റെ മുഖം മനുഷ്യൻ ആദ്യമായി നേരിട്ടു കണ്ടത് ബത്‌ലെഹെമിലാണ്. യേശു തന്റെ വാക്കുകൾകൊണ്ടും പ്രവൃത്തികൾ കൊണ്ടും മുഴുവൻ വ്യക്തിത്വം കൊണ്ടും തന്റെ പെസഹാരഹസ്യങ്ങൾകൊണ്ടും ദൈവത്തിന്റെ കാരുണ്യത്തെ ഇന്ദ്രിയഗോചരമാക്കിത്തീർത്തു. പരിഭ്രാന്തരും നിസ്സഹായരുമായ ജനക്കൂട്ടങ്ങളെ കണ്ട് മനസ്സലിഞ്ഞ ഈശോ (മത്താ 9:36) പ്രബോധനങ്ങളിലൂടെയും രോഗശാന്തിയിലൂടെയും മൃതരെ ഉയിർപ്പിച്ചതിലൂടെയും പിശാചുബഹിഷ്കരണത്തിലൂടെയും അപ്പംവർധിപ്പിക്കലിലൂടെയും പാപമോചനത്തിലൂടെയുമെല്ലാം കരുണയുടെ മഹാവിപ്ലവംതന്നെ ഭൂമിയിൽ സൃഷ്ടിച്ചു. പാപികളോടും ദരിദ്രരോടും പാർശ്വവത്കരിക്കപ്പെട്ടവരോടും രോഗികളോടുമെല്ലാം യേശു പുലർത്തിയ ഐക്യദാർഢ്യം ദൈവകരുണയുടെ മൃദുലഭാവമായിരുന്നു.

**കരുണയുടെ ഉപമകൾ**

കാണാതായ ആട്, കാണാതായ നാണയം, ധൂർത്തപുത്രൻ, കരുണകാണിക്കാത്ത സഹസേവകൻ, നല്ല സമരിയാക്കാരൻ എന്നിങ്ങനെ കരുണയുടെ ഉപമകൾ എന്നു വിളിക്കാവുന്ന ഉപമകൾ പലതുണ്ട് പുതിയനിയമത്തിൽ. ഒടുവിൽ പറഞ്ഞ മൂന്ന് ഉപമകളിലും യേശു ആവശ്യപ്പെടുന്നത് ദൈവകരുണയുടെ പ്രേഷിതരായിത്തീരാനാണ്. ദൈവകാരുണ്യത്തിന്റെ സാരാംശം ലളിതവും അഗാധവുമായി വെളിവാക്കുന്ന ഉപമയാണ് ധൂർത്തപുത്രന്റേത് (ലൂക്കാ 15). "മനസ്സലിഞ്ഞ് ഓടിച്ചെന്ന് അവനെ കെട്ടിപ്പിടിച്ചു ചുംബിച്ച" പിതാവിന്റെ ആഘോഷമേളത്തിലും നൃത്തച്ചുവടുകളിലും നാം കാണുന്നത് മനുഷ്യൻ നഷ്ടപ്പെടുത്തിയ മൂല്യവും മഹത്ത്വവും അവനു തിരികെനല്കുന്നതിലുള്ള സ്വർഗപിതാവിന്റെ ആനന്ദാതിരേകമാണ്. "ഞാൻ നിന്നോടു കരുണ കാണിച്ചതുപോലെ നീയും നിന്റെ സഹസേവകനോട് കരുണ കാണിക്കേണ്ടതായിരുന്നില്ലേ?" (മത്താ 18:33) എന്ന ചോദ്യം ഓരോ മനുഷ്യനോടുമുള്ള ദൈവത്തിന്റെ ചോദ്യമായിത്തന്നെ കരുതണം. അങ്ങനെ കരുണ പിതാവിന്റെ ഒരു പ്രവൃത്തി മാത്രമല്ല, അവിടത്തെ യഥാർത്ഥ മക്കൾ ആരെന്നു നിശ്ചയിക്കാനുള്ള മാനദണ്ഡം കൂടിയാണെന്നു വ്യക്തമാകുന്നു. യേശു കാരുണ്യത്തെ ക്രൈസ്തവന്റെ ജീവിതാദർശവും വിശ്വാസത്തിന്റെ വിശ്വാസ്യതയ്ക്കുള്ള മാനദണ്ഡവുമാക്കിത്തീർത്തിരിക്കുന്നു: "നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (ലൂക്കാ 6:36).

**കരുണയുടെ പെസഹാഘോഷം**

യേശുക്രിസ്തുവിന്റെ പീഡാസഹന-മരണോത്ഥാനങ്ങളിലാണ് കരുണയുടെ ഏറ്റവും വലിയ മാതൃക ലോകത്തിനു കാണാനായത്. ലോകത്തോടുള്ള പിതാവിന്റെ കരുണ വെളിവായത് "പാപം അറിയാത്തവനെ ദൈവം നമുക്കുവേണ്ടി പാപമാക്കി"യതിലാണ് (2 കോറി 5:21). യേശു കുരിശിൽ പിടയുന്ന നിമിഷത്തിലും ലോകം അവിടത്തെ കരുണ കണ്ടു: "പിതാവേ, അവരോടു ക്ഷമിക്കണമേ; അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല" (ലൂക്കാ 23:34). "എല്ലാം പൂർത്തിയായിരിക്കുന്നു" എന്ന് യേശു പറഞ്ഞത് കരുണയെക്കുറിച്ചായിരുന്നില്ലേ? ഈയർത്ഥത്തിൽ, കാരുണ്യത്തിന്റെ വിജയാഘോഷമാണ് ഉത്ഥാനം എന്നു പറയാനാകില്ലേ? "ഗോതമ്പുമണി നിലത്തു വീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലോ അതു വളരെ ഫലം പുറപ്പെടുവിക്കും" (യോഹ 12:24) എന്ന തിരുവചനത്തിന്റെ ആന്തരാർത്ഥം വെളിവാകുന്ന നിമിഷമാണത്.

"ക്രിസ്ത്യാനികൾ ഉള്ള സ്ഥലത്തെല്ലാം എല്ലാവർക്കും കാരുണ്യത്തിന്റെ മരുപ്പച്ച കാണാനാകണം" എന്ന ഫ്രാൻസിസ് പാപ്പായുടെ ഉപദേശത്തിലും (*കാരുണ്യ*

*ത്തിന്റെ മുഖം*, 12) കരുണയുടെ ഈ ഉത്ഥാനപ്പച്ചപ്പുതന്നെയാണ് വ്യംഗ്യം. വിശക്കുന്നവരെ തീറ്റിപ്പോറ്റുക, ദാഹിക്കുന്നവർക്കു കുടിക്കാൻ നല്കുക, നഗ്നരെ ഉടുപ്പിക്കുക, പരദേശികളെ സ്വീകരിക്കുക, രോഗികളെയും ബന്ധനസ്ഥരെയും സന്ദർശിക്കുക, മൃതരെ സംസ്കരിക്കുക എന്നീ ജീവകാരുണ്യത്തിന്റെ ശാരീരിക പ്രവൃത്തികൾ വിശുദ്ധഗ്രന്ഥം തന്നെ നമ്മെ പഠിപ്പിക്കുന്നതാണല്ലോ (cf. മത്താ 25:31–46; തോബിത്ത് 1:18–19; 2:3–8). സംശയമുള്ളവരെ ഉപദേശിക്കുക, അജ്ഞരെ പഠിപ്പിക്കുക, പാപികൾക്കു മുന്നറിയിപ്പു നല്കുക, പീഡിതരെ ആശ്വസിപ്പിക്കുക, കുറ്റങ്ങൾ ക്ഷമിക്കുക, നമുക്കെതിരേ തിന്മ പ്രവർത്തിക്കുന്നവരോട് സഹനശീലം പ്രദർശിപ്പിക്കുക, ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും വേണ്ടി പ്രാർത്ഥിക്കുക എന്നീ ജീവകാരുണ്യത്തിന്റെ ആത്മീയപ്രവൃത്തികളും തിരുവചനത്തിൽ നിന്നുതന്നെ നാം പഠിക്കുന്നതാണ്. "കരുണയുള്ളവരായിരിക്കാൻ കഴിയുന്നതിന് ദൈവവചനം ശ്രവിക്കാൻ നാം തയ്യാറാകണം" എന്ന പാപ്പായുടെ നിർദേശം (*കാരുണ്യത്തിന്റെ മുഖം*, 13) സഹർഷം നമുക്കു സ്വാഗതം ചെയ്യാം.

**സഭയിലൂടെ തുടരുന്ന ക്രിസ്തുകാരുണ്യം**

വിഭിന്നശേഷിയുള്ളവരോട് യേശു പ്രദർശിപ്പിച്ച പ്രത്യേക കാരുണ്യവും കരുതലും ഇന്നു സഭയിലൂടെ തുടരുകയാണ്. അവർക്കുവേണ്ടി ആംഗ്യഭാഷയിലെ ബൈബിളും (Sign Bible) ബ്രെയ്‌ലി ബൈബിളും (Braille Bible) ആക്സെസ്സിബിൾ ബൈബിളും (Accessible Bible) തയ്യാറാക്കാൻ രജതജൂബിലി വർഷത്തിൽ ബൈബിൾ സൊസൈറ്റിക്കായി എന്നത് ഏറെ ചാരിതാർത്ഥ്യജനകമാണ്. കരുണയുടെ ജൂബിലിവർഷാചരണത്തിനു മുന്നോടിയായി വിഭിന്നശേഷിക്കാരായ ദൈവമക്കളോടുള്ള കരുതലും കാരുണ്യവും ഇത്തരത്തിൽ സഭയ്ക്കു പുലർത്താനായതിൽ നമുക്ക് ദൈവത്തിനു നന്ദിപറയാം. ഇവ വിഭിന്നശേഷിക്കാരായവർക്ക് സംലഭ്യമാക്കാൻ നമുക്കു ശ്രമിക്കാം. കേരള കാത്തലിക് ബൈബിൾ സൊസൈറ്റി ശ്രവ്യബൈബിൾ പുറത്തിറക്കിയതോടെ നിരന്തര വചനശ്രവണം തികച്ചും ലളിതമായിരിക്കുകയാണ്. ബൈബിൾ സൊസൈറ്റിയുടെ രജതജൂബിലി വർഷത്തിൽ കേരളമെമ്പാടും സൗജന്യ ബൈബിളുകൾ വിതരണം ചെയ്യാൻ സൊസൈറ്റിക്കു കഴിഞ്ഞു. ഇതിനായി ഒരു ലക്ഷം രൂപ വീതം സംഭാവന ചെയ്ത ഒമ്പത് ജൂബിലി ബൈബിൾ മിഷൻ അംബാസഡർമാരെ കേരള ജനതയുടെ ഹൃദയം നിറഞ്ഞ നന്ദി അറിയിച്ചുകൊള്ളട്ടെ.

**ബൈബിൾപാരായണത്തിന്റെ കാരുണ്യമാസം**

ഡിസംബർ 1 മുതൽ 31 വരെ ബൈബിൾപാരായണമാസമായും ഡിസംബർ 27 –ാം തീയതി ബൈബിൾ ഞായറായും കേരളസഭ ആചരിക്കുകയാണ്. അക്ഷരം ധരിച്ച വചനമായ വിശുദ്ധലിഖിതം, വചനം മാംസം ധരിച്ചവന്റെ തീവ്രസ്മരണയിൽ, പരസ്യമായും സുന്ദരമായും പാരായണം ചെയ്യണമെന്ന് എല്ലാ കത്തോലിക്കാവിശ്വാസികളെയും വിശ്വാസീസമൂഹങ്ങളെയും ഞങ്ങൾ ഓർമിപ്പിക്കുന്നു. പൊതുസമൂഹത്തിൽതന്നെയും ബൈബിൾപാരായണ താത്പര്യം ഉളവാക്കുന്ന വിധത്തിലായിരിക്കണം അത്. ദിവസവും $3^1/_2$ മണിക്കൂർ ബൈബിൾ വായനയ്ക്കായി നാം മാറ്റിവച്ചാൽ ഒരു മാസം കൊണ്ട് മുഴുവൻ ബൈബിളും വായിച്ചുതീർക്കാവുന്നതാണ്. 95 മണിക്കൂർകൊണ്ട് സമ്പൂർണ ബൈബിൾ വായിച്ചു തീർക്കാമെന്ന് നമ്മൾ പരീക്ഷിച്ചറിഞ്ഞിട്ടുള്ളതാണ്. 2011–ൽ പി.ഒ.സി.യിൽ വച്ചു നടത്തിയ അഖണ്ഡ ബൈബിൾപാരായണ യജ്ഞത്തെത്തുടർന്ന് കേരളത്തിൽ അങ്ങോളമിങ്ങോളം വ്യത്യസ്തരീതികളിൽ ബൈബിൾ പാരായണയജ്ഞങ്ങൾ സംഘടിപ്പിക്കപ്പെട്ടത് സന്തോഷത്തോടെ അനുസ്മരിക്കുകയാണ്. വ്യക്തികളോടും കുടുംബങ്ങളോടും കുടുംബക്കൂട്ടായ്മകളോടും ഇടവകകളോടും പ്രസ്ഥാനങ്ങളോടും ഈ മാസാചരണം സമുചിതമായി നടത്താൻ ഞങ്ങൾ സസ്നേഹം ആഹ്വാനം ചെയ്യുന്നു. ഒപ്പം, ബൈബിൾസൊസൈറ്റിയിൽ അംഗത്വമെടുത്ത് കേരളസഭയുടെ ദൈവവചനശുശ്രൂ

ഷയെ ശക്തിപ്പെടുത്താൻ ഞങ്ങൾ എല്ലാ കത്തോലിക്കാ വിശ്വാസികളെയും ക്ഷണിക്കുകയാണ്. ബൈബിൾ പാരായണമാസം ഇതിന് ഏറ്റവും അനുയോജ്യമായ കാലഘട്ടമാണ്.

കെ.സി.ബി.സി. ബൈബിൾകമ്മീഷനും രൂപതാ ബൈബിൾ അപ്പോസ്തലേറ്റിനും വേണ്ടി ബൈബിൾഞായറാഴ്ചയിൽ നടത്തുന്ന ദിവ്യബലി മധ്യേയുള്ള പിരിവ് രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഏവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ടും,

സ്നേഹത്തോടെ,

**ആർച്ച് ബിഷപ്പ് മോസ്റ്റ് റവ. ഡോ. സൂസൈപാക്യം**
ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ
**ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ
**ബിഷപ്പ് സാമുവൽ മാർ ഐറേനിയോസ്**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

NB: *2015 നവംബർ 22-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.*

## പി.ഒ.സി.യിൽ ബൈബിൾ പാരായണ മാസാചരണം

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ആഹ്വാനപ്രകാരം ഡിസംബർ മാസം ബൈബിൾ പാരായണമാസമായി ആചരിക്കുന്നതിന്റെ ഔദ്യോഗിക ഉദ്ഘാടനം വിശുദ്ധഗ്രന്ഥം വായിച്ചുകൊണ്ട് തിരുവല്ല അതിരൂപതാധ്യക്ഷൻ തോമസ് മാർ കുറിലോസ് പി.ഒ.സി.യിൽ നിർവഹിച്ചു. സഭയിലും സമൂഹത്തിലും ബൈബിൾ സന്ദേശം പ്രചരിക്കുന്നതിനും വ്യക്തികൾക്കും കുടുംബങ്ങൾക്കും ആത്മീയ ചൈതന്യം പകരുന്നതിനും ബൈബിൾ പാരായണ മാസാചരണം സഹായിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.



ഹൈന്ദവസഹോദരങ്ങളുടെ രാമായണമാസം തീർച്ചയായും ഈ ആചരണത്തിനു പ്രചോദനമേകിയിട്ടുണ്ടെന്ന് പി.ഒ.സി. ഡയറക്ടർ ഫാ. വർഗീസ് വള്ളിക്കാട്ട് പ്രസ്താവിച്ചു. കേരള കത്തോലിക്കർ ബൈബിൾ പാരായണ മാസാചരണം എന്ന ആശയത്തെ ഹൃദയത്തോടു ചേർത്തു കഴിഞ്ഞെന്നത് ഏറെ ചാരിതാർത്ഥ്യജനകമാണെന്ന് ബൈബിൾ കമ്മീഷൻ സെക്രട്ടറി ഫാ. ജോഷി മയ്യാറ്റിൽ പറഞ്ഞു.

# കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 2015–2016 ലെ വാർഷിക റിപ്പോർട്ട്

കേരള സഭയുടെ ബൈബിൾ പ്രേഷിതത്വമേഖലയിൽ സഭാമക്കൾക്ക് ഒന്നിച്ചുപ്രവർത്തിക്കുന്നതിന് വേദിയൊരുക്കുക എന്ന ലക്ഷ്യവുമായി 1990–ൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ സ്ഥാപിതമായ കേരള കാത്തലിക് ബൈബിൾ സൊസൈറ്റി അതിന്റെ ജൈത്രയാത്ര തുടങ്ങിയിട്ട് 25 വർഷങ്ങൾ പിന്നിടുന്നു. കേരളസഭയിൽ സഭാമക്കളുടെ പങ്കാളിത്തത്തോടെ വിശുദ്ധഗ്രന്ഥശുശ്രൂഷയിൽ വിപ്ലവകരമായ മുന്നേറ്റങ്ങൾ നടത്തിയ ബൈബിൾ സൊസൈറ്റിയുടെ 25–ാമത് വാർഷിക റിപ്പോർട്ട് ഞാനിവിടെ അവതരിപ്പിക്കട്ടെ. 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള കാലഘട്ടത്തിലെ സൊസൈറ്റിയുടെ പ്രവർത്തനങ്ങളാണ് ഈ റിപ്പോർട്ടിലുള്ളത്.

**യോഗങ്ങൾ**

2015–2016 പ്രവർത്തനവർഷത്തിൽ വാർഷിക പൊതുയോഗവും (09 ആഗസ്റ്റ് 2015) 3 എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളും (11 ഏപ്രിൽ 2015; 23 ജൂലൈ 2015; 25 നവംബർ 2015) 3 മാനേജിംഗ് കൗൺസിൽ യോഗങ്ങളും (11 ഏപ്രിൽ 2015; 8 ആഗസ്റ്റ് 2015; 25 നവംബർ 2015) ചേരുകയുണ്ടായി.

**1. എക്സിക്യൂട്ടിവ് കമ്മിറ്റിയോഗം 2015 ഏപ്രിൽ 11**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യുട്ടിവ് യോഗം 2015 ഏപ്രിൽ 11ന് ഉച്ചയ്ക്ക് 2.30ന് സി. നിമ സി.റ്റി.സിയുടെ ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ചു. യോഗത്തിൽ 6 അംഗങ്ങൾ പങ്കെടുത്തു. സെക്രട്ടറിയച്ചൻ എല്ലാവർക്കും സ്വാഗതമോതി. അംഗത്വവരിസംഖ്യയും അതിന്റെ ചെലവും, ലോഗോസ് സമർപ്പിത പ്രതിഭ, ജനറൽബോഡി എന്നിവയൊക്കെയാണ് യോഗത്തിന്റെ മുഖ്യ അജണ്ട എന്ന് അദ്ദേഹം അറിയിച്ചു. മുൻയോഗ റിപ്പോർട്ടും പ്രവർത്തന റിപ്പോർട്ടും സെക്രട്ടറിയച്ചൻ വായിച്ചു യോഗം അത് രണ്ടും പാസാക്കി.

**അംഗത്വ വരിസംഖ്യയും ചെലവും:** 2014–2015 സാമ്പത്തിക വർഷത്തിലെ അംഗത്വശേഖരണത്തിന്റെ വരവുചെലവു കണക്ക് സി. നിമ സി.റ്റി.സി. അവതരിപ്പിച്ചു. 2611 പുതിയ അംഗത്വങ്ങളും 16 വർദ്ധിത താരിഫംഗങ്ങളും ഈ വർഷം ഉണ്ടായി. ഇവയുടെ മാത്രം കണക്കെടുക്കുമ്പോൾ വരും വർഷങ്ങളിൽ 50,000/–ത്തിലേറെ രൂപയുടെ അധികച്ചെലവ് ഉണ്ടാവുകയും കോർപ്പസ് ഫണ്ടിൽ നിന്ന് പണം ചെലവഴിക്കേണ്ട അവസ്ഥ ഉണ്ടാവുകയും ചെയ്യുമെന്ന് ട്രഷറർ സി. നിമ സി.റ്റി.സി. വ്യക്തമാക്കി.

അധികച്ചെലവ് വരാതെ എങ്ങനെ ഇത് മുന്നോട്ട് കൊണ്ടുപോകാം എന്ന ചോദ്യത്തിന് വ്യത്യസ്ത സാധ്യതകൾ സെക്രട്ടറിയച്ചൻ നിരത്തി.

1. 2000 രൂപയ്ക്കു മുകളിലുള്ള താരിഫുകളിലേക്കുള്ള അംഗത്വങ്ങളിൽ പ്രൊമോട്ടർമാർക്കുള്ള വിഹിതം 20% എന്നതിൽ നിന്ന് 10% ആക്കി ചുരുക്കുക.
2. സൊസൈറ്റിയിലേക്ക് സംഭാവന പ്രോത്സാഹിപ്പിക്കുക.
3. Audio Bible internetൽ നിന്നും purchase ചെയ്യാൻ പരസ്യവും പ്രോത്സാഹനവും നല്കുക.
4. എല്ലാ വർഷവും ഗിഫ്റ്റിനത്തിൽ കൊടുക്കുന്ന ബൈബിളധിഷ്ഠിത പുസ്തകം നിർത്തലാക്കുക.

സൊസൈറ്റിക്ക് ബാധ്യതയാവുകയാണെങ്കിൽ മെമ്പർഷിപ്പ് ക്യാമ്പെയിൻ തുടരുന്നതിൽ അർത്ഥമില്ലെന്ന് ശ്രീമതി കൊച്ചുത്രേസ്യാ സൈമണും ശ്രീമതി ജാൻസി ജേക്കബും പറഞ്ഞു. ക്യാമ്പെയിൻ നിർത്തലാക്കുന്നതിനോട് ശ്രീ. ആന്റണി പാലിമറ്റം ഉൾപ്പെടെ പലർക്കും യോജിപ്പുണ്ടായില്ല.

എല്ലാവർഷവും ബൈബിളധിഷ്ഠിത പുസ്തകം സമ്മാനമായി നല്കുന്ന ഏർപ്പാട് നിർത്തലാക്കാം എന്ന് യോഗം അഭിപ്രായപ്പെട്ടു. പക്ഷേ ഇക്കാര്യം ജനറൽ ബോഡി

യിൽ ആലോചിക്കേണ്ടതുണ്ടെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു. ബുള്ളറ്റിനിൽ കൂടി ഇക്കാര്യം വ്യക്തമാക്കാം എന്നും യോഗം അഭിപ്രായപ്പെട്ടു.

ജൂബിലി കൂപ്പൺ ഇറക്കുന്നത് നല്ലതായിരിക്കുമെന്ന് ശ്രീ. ജോസഫ് പന്തല്ലാക്കൽ അഭിപ്രായപ്പെട്ടു. അത് ആർക്കും അത്ര സ്വീകാര്യമായില്ല.

**ജനറൽബോഡി (9, ആഗസ്റ്റ് 2015):** ഒരു ഏകദിന പരിപാടിയായി ഏകദേശം 400 പേരെയെങ്കിലും ഉൾക്കൊള്ളിച്ച് വളരെ ആഘോഷമായി നടത്താൻ തീരുമാനമായി.

**ലോഗോസ് ക്വിസ് 2015:** സന്ന്യസ്ത വർഷം പ്രമാണിച്ച് സംസ്ഥാനതല ലോഗോസ് ക്വിസിലേക്ക് എല്ലാ രൂപതകളിൽ നിന്നും ഏറ്റവും കൂടുതൽമാർക്കുള്ള 5 സന്ന്യസ്തരെ വീതം പ്രത്യേകം രജിസ്റ്റർ ചെയ്ത് അവർക്കുവേണ്ടി പ്രത്യേകം എഴുത്തു പരീക്ഷയും ടെലിക്വിസ്സും സംഘടിപ്പിച്ച് ഒന്നാം സ്ഥാനത്തെത്തുന്ന വ്യക്തിയെ ലോഗോസ് സമർപ്പിത പ്രതിഭയായി പ്രഖ്യാപിച്ച് വിശുദ്ധനാട് തീർത്ഥാടനത്തിന് തിരഞ്ഞെടുക്കാൻ യോഗം തീരുമാനിച്ചു. രൂപതാതല രജിസ്ട്രേഷൻ, പരീക്ഷാ നടത്തിപ്പ്, മൂല്യനിർണയം എന്നിവയും സംസ്ഥാനതലത്തിലെ പരീക്ഷകളും ലോഗോസ് പ്രതിഭയ്ക്കുള്ള വിശുദ്ധനാടു തീർത്ഥാടനവുമെല്ലാം സമർപ്പിത അല്മായ വ്യത്യാസം കൂടാതെ നടക്കും.

സമയക്കുറവുകൊണ്ട് എല്ലാ വിഷയങ്ങളും ചർച്ച ചെയ്യാനായില്ല. മാനേജിങ്ങ് കൗൺസിൽ യോഗത്തിനായി 3.20ന് യോഗം അവസാനിപ്പിച്ചു.

**2. മാനേജിങ്ങ് കൗൺസിൽ യോഗം 2015 ഏപ്രിൽ 11**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിങ്ങ് കൗൺസിൽ യോഗം 2015 ഏപ്രിൽ 11ന് വൈകീട്ട് 3.30ന് ശ്രീമതി ജാൻസി ജേക്കബിന്റെ ഈശ്വരപ്രാർത്ഥനയോടെ വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ അധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗത്തിൽ 15 അംഗങ്ങൾ പങ്കെടുത്തു. സെക്രട്ടറിച്ചൻ സ്വാഗതമാശംസിച്ചു. ഈയിടെ നടന്ന സംഭവവികാസങ്ങളെക്കുറിച്ച് അച്ചൻ സ്വാഗത പ്രസംഗത്തിൽ സൂചിപ്പിച്ചു.

ജൂബിലിയോടനുബന്ധിച്ചു നടന്ന അംഗത്വശേഖരണത്തിന്റെ ഭാഗമായി 75 ഓളം പള്ളികളിൽ നടത്തിയ കാമ്പെയിൻ ജനങ്ങളിൽ സൊസൈറ്റിയെക്കുറിച്ചുള്ള അവബോധം ഉളവാക്കാൻ ഇടയാക്കി. മുൻയോഗ റിപ്പോർട്ടും പ്രവർത്തന റിപ്പോർട്ടും സെക്രട്ടറിയച്ചൻ വായിച്ചു. യോഗം അതു പാസാക്കി.

ബൈബിൾ മിഷൻ അംബാസിഡർമാരായി 8 പേർ മാത്രമേ ഇതുവരെ വന്നിട്ടുള്ളൂ. അതിൽ 7 പേരുടെ സംഭാവനത്തുക (80,000X7= 5,60,000/-) ധ്യാന കേന്ദ്രങ്ങൾ, നൊവേന കേന്ദ്രങ്ങൾ, ഉദയാ കോളനി, ജനറൽ ആശുപത്രികൾ എന്നിവിടങ്ങളിൽ ബൈബിൾ വിതരണത്തിനായി ചെലവഴിച്ചു കൊണ്ടിരിക്കുകയാണ്. ഇന്നത്തെ യോഗത്തിൽ മുഖ്യമായും ചർച്ച ചെയ്യേണ്ട വിഷയങ്ങളെക്കുറിച്ചുള്ള ഒരു ധാരണയും സ്വാഗതപ്രസംഗത്തിൽതന്നെ അച്ചൻ ഏവർക്കും നല്കുകയുണ്ടായി.

**അംഗത്വ വരിസംഖ്യയും ചെലവും:** 2014-2015 സാമ്പത്തിക വർഷത്തിലെ അംഗത്വശേഖരണത്തിന്റെ വരവു ചെലവു കണക്ക് സി. നിമ സി.റ്റി.സി. അവതരിപ്പിച്ചു. 2590 പുതിയ അംഗങ്ങളും 22 വർദ്ധിത താരിഫംഗങ്ങളും ഈ വർഷം ഉണ്ടായി. ഇവയുടെ മാത്രം കണക്കെടുക്കുമ്പോൾ വരും വർഷങ്ങളിൽ 50,000/- ത്തിലേറെ രൂപയുടെ അധികച്ചെലവ് ഉണ്ടാവുകയും കോർപ്പസ് ഫണ്ടിൽ നിന്ന് പണം ചെലവഴിക്കേണ്ട അവസ്ഥ ഉണ്ടാവുകയും ചെയ്യുമെന്ന് ട്രഷറർ സി. നിമ സി.റ്റി.സി. വ്യക്തമാക്കി.

അധികച്ചെലവ് വരാതെ എങ്ങനെ മുന്നോട്ട് കൊണ്ടുപോകാം എന്ന് ആരാഞ്ഞുകൊണ്ട് വ്യത്യസ്ത സാധ്യതകൾ സെക്രട്ടറിയച്ചൻ നിരത്തി.

1) 2000/- രൂപയ്ക്കു മുകളിലുള്ള താരിഫുകളിലേക്കുള്ള അംഗത്വങ്ങളിൽ പ്രൊമോട്ടർമാർക്കുള്ള വിഹിതം 20% എന്നതിൽ നിന്ന് 10% ആക്കി ചുരുക്കുക.

2) സൊസൈറ്റിയിലേക്ക് സംഭാവന പ്രോത്സാഹിപ്പിക്കുക, വരുമാനം വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ തയ്യാറാക്കുക.

3) ഓഡിയോ ബൈബിൾ ഇന്റർനെറ്റിൽ നിന്നും വാങ്ങി ഡൗൺലോഡു ചെയ്യാൻ പരസ്യവും പ്രോത്സാഹനവും നല്കുക.

4) എല്ലാ വർഷവും ഗിഫ്റ്റിനത്തിൽ കൊടുക്കുന്ന ബൈബിളധിഷ്ഠിത പുസ്തകം നിർത്തലാക്കുക.

പ്രൊമോട്ടേഴ്സിന്റെ റെമ്യൂനറേഷൻ 20% എന്നത് തുടരണമെന്ന് ശ്രീ. ഡേവിഡ് എം. പോൾ പറഞ്ഞു. സൊസൈറ്റിക്ക് ബാധ്യതയാവുകയാണെങ്കിൽ മെമ്പർഷിപ്പ് ക്യാമ്പെയിൻ തുടരുന്നതിൽ അർത്ഥമില്ലെന്ന് ശ്രീമതി കൊച്ചുത്രേസ്യാ സൈമണും ശ്രീമതി ജാൻസി ജേക്കബും പറഞ്ഞു. ക്യാമ്പെയിൻ നിർത്തലാക്കുന്നതിനോട് ശ്രീ. ആന്റണി പാലിമറ്റം ഉൾപ്പെടെ പലർക്കും യോജിപ്പുണ്ടായില്ല. നമ്മുടെ പ്രവർത്തന ങ്ങളെക്കുറിച്ച് ജനത്തെ അറിയിക്കാനുള്ള അസുലഭാവസരം നഷ്ടപ്പെടുത്തുന്നതു ശരിയല്ല എന്ന നിലപാടായിരുന്നു ശ്രീ. ആന്റണി പാലിമറ്റത്തിന്റേത്.

എല്ലാവർഷവും ബൈബിളധിഷ്ഠിത പുസ്തകം സമ്മാനമായി നല്കുന്ന ഏർപ്പാട് നിർത്തലാക്കാം എന്ന് യോഗം അഭിപ്രായപ്പെട്ടു. പക്ഷേ ഇക്കാര്യം ജനറൽ ബോഡി യിൽ ആലോചിക്കേണ്ടതുണ്ടെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു. ബുള്ളറ്റിനിൽ കൂടി ഇക്കാര്യം വ്യക്തമാക്കാം എന്നു യോഗം അഭിപ്രായപ്പെട്ടു. ബുള്ളറ്റിൻ കുറച്ചുകൂടി വിപുലപ്പെടുത്തിയാൽ പുസ്തകത്തിന്റെ കുറവും പരിഹരിക്കാനാകും.

സൊസൈറ്റി അംഗങ്ങളുടെ വെരിഫിക്കേഷൻ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തേണ്ടതിന്റെ ആവശ്യകത ശ്രീ. ആന്റണി പാലിമറ്റം ഊന്നിപ്പറഞ്ഞു. ശ്രീ. ലിയോ ടോം ഇതിനായി മുന്നോട്ടുവച്ച പ്രോജക്ട് സ്വീകാര്യമായിരുന്നില്ല. ശ്രീ. ജോസഫ് പന്തപ്ലാക്കൽ താൻ മുന്നോട്ടുവച്ച പ്രോജക്ടിന് പ്രോത്സാഹനജനകമായ മറുപടി ലഭിച്ചില്ല എന്ന പരാതി ഉന്നയിച്ചപ്പോൾ ഇക്കാര്യം യോഗം ഗൗരവമായി പരിഗണി ച്ചു. ഏറ്റവും കുറവ് അംഗങ്ങളുള്ള പത്തനംതിട്ട രൂപതയിലെ അംഗത്വ വെരിഫിക്കേ ഷൻ ആരംഭിക്കാൻ യോഗം അദ്ദേഹത്തെ ഭരമേല്പിച്ചു. ഏപ്രിൽ 30നുള്ളിൽ അതു സമർപ്പിക്കാം എന്ന് അദ്ദേഹം വ്യക്തമാക്കി. ശേഷമുള്ള രൂപതകളുടെ കാര്യം ഏല്പി ക്കാനുള്ള ഉത്തരവാദിത്വം സെക്രട്ടറിയച്ചനെ ഭരമേല്പിച്ചു. ഒരു അംഗത്വ വെരിഫിക്കേ ഷന് 10/– രൂപയായിരിക്കും അദ്ദേഹത്തിനു നല്കുക.

നിശ്ചിത കാലയളവിൽ അംഗത്വം പുതുക്കുന്ന രീതി നിലവിൽ വരുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ശ്രീ. റോബിൻ മാത്യു സംസാരിച്ചു. വെരിഫിക്കേഷൻ വിജ യിച്ചാൽ പുതുക്കലും ശരിയാക്കാവുന്നതാണെന്ന് വൈസ് ചെയർമാൻ അഭിപ്രായ പ്പെട്ടു.

**ജനറൽ ബോഡി (9, ആഗസ്റ്റ് 2015):** ഒരു ഏകദിന പരിപാടിയായി ഏകദേശം 400 പേരെയെങ്കിലും ഉൾക്കൊള്ളിച്ച് വളരെ ആഘോഷമായി നടത്തണമെന്നും രാവിലെ ജസ്റ്റിസ് സിറിയക് ജോസഫ് സാറിനെ ബൈബിൾ പ്രേഷിതത്വ സംബ ന്ധിയായ ഒരു ക്ലാസ്സിനായോ ഉദ്ഘാടനത്തിനായോ ക്ഷണിക്കാമെന്നും യോഗം തീരു മാനിച്ചു.

**ലോഗോസ് ക്വിസ് 2015**: സന്ന്യസ്ത വർഷം പ്രമാണിച്ച് സംസ്ഥാനതല ലോഗോസ് ക്വിസ്സിലേക്ക് എല്ലാ രൂപതകളിൽ നിന്നും ഏറ്റവും കൂടുതൽ മാർക്കുള്ള 5 സന്ന്യസ്തരെ വീതം പ്രത്യേകം രജിസ്റ്റർ ചെയ്ത് അവർക്കുവേണ്ടി പ്രത്യേകം എഴുത്തു പരീക്ഷയും ടെലിക്വിസ്സും സംഘടിപ്പിച്ച് ഒന്നാം സ്ഥാനത്തെത്തുന്ന വ്യക്തിയെ ലോഗോസ് സമർപ്പിതപ്രതിഭയായി പ്രഖ്യാപിച്ച് വിശുദ്ധനാട് തീർത്ഥാട നത്തിന് തിരഞ്ഞെടുക്കാൻ യോഗം തീരുമാനിച്ചു. രൂപതാതല രജിസ്ട്രേഷൻ, പരീക്ഷാ നടത്തിപ്പ്, മൂല്യ നിർണയം എന്നിവയും സംസ്ഥാനതലത്തിലെ പരീക്ഷ കളും ലോഗോസ് പ്രതിഭയ്ക്കുള്ള വിശുദ്ധനാടു തീർത്ഥാടനവുമെല്ലാം സമർപ്പി ത–അല്മായ വ്യത്യാസം കൂടാതെ നടക്കും.

**ആക്സെസ്സിബിൾ ബൈബിളും സൈൻ ബൈബിളും:** ശ്രീ. ആന്റണി സച്ചിനു മായി ആക്സെസ്സിബിൾ ബൈബിളിനുവേണ്ടിയുള്ള കോൺട്രാക്ട് ഒപ്പിട്ടതായും അഡ്വാൻസ് തുക അദ്ദേഹത്തിനു നല്കിയതായും സെക്രട്ടറി അറിയിച്ചു. ആഗസ്റ്റ് മാസത്തിൽ മൂകർക്കും ബധിരർക്കും വേണ്ടിയുള്ള സൈൻ ബൈബിളിന്റെ ആദ്യ

CD തയ്യാറാക്കുന്നതിന് ഏതാണ്ട് ഒരു ലക്ഷത്തോളം രൂപ ചെലവു വരുമെന്നാണ് ഹൈടെക്ക് കമ്മിറ്റി കൺവീനർ അറിയിച്ചിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ഇവയുടെ നിർമ്മാണച്ചെലവു കണ്ടെത്തുന്നതിന്റെ ഭാഗമായി ഒരു വീഡിയോ അപ്പീൽ ഈയിടെ തയ്യാറാക്കാൻ ആരംഭിച്ചിട്ടുണ്ട്.

**അവാർഡ് എൻട്രി**: പത്രങ്ങളിലും മാഗസിനുകളിലുമായി പരസ്യം കൊടുത്തിരുന്നെന്നും ഇതുവരെയും കുറച്ച് എൻട്രികൾ മാത്രമേ കിട്ടിയുള്ളൂ എന്നും ഏപ്രിൽ 30 ആണ് അവസാന തീയതി എന്നും സെക്രട്ടറിയച്ചൻ അറിയിച്ചു.

**CBF പ്ലീനറി അസംബ്ലീ:** ഇറ്റലിയിൽ ജൂൺ 18–25 വരെ നടക്കുന്ന CBF പ്ലീനറി യോഗത്തിനു പോകാനുള്ള യാത്രാച്ചെലവ് സൊസൈറ്റി തരാമെന്നേറ്റതിൽ തനിക്കു സന്തോഷമുണ്ടെന്നും എന്നാൽ CBF അംഗമായിട്ടുള്ള ബൈബിൾ കമ്മീഷനിൽ നിന്നുതന്നെ ആ ചെലവും വഹിക്കാനാണ് ഇപ്പോഴത്തെ തീരുമാനമെന്നും സെക്രട്ടറിയച്ചൻ പറഞ്ഞു. ലോഗോസ് ക്വിസ്സിനെക്കുറിച്ചുള്ള ന്യൂസ് ലെറ്റർ തയ്യാറാക്കാനുള്ള ചെലവു മാത്രം സൊസൈറ്റി വഹിച്ചാൽ മതിയാകും.

ശ്രീ. സിജോ പൈനേടത്ത് എറണാകുളം അങ്കമാലി അതിരൂപതയുടെ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടതിൽ ബൈബിൾ സൊസൈറ്റിക്കുള്ള സന്തോഷം വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം പ്രകടമാക്കുകയും അദ്ദേഹത്തെ യോഗം അഭിനന്ദിക്കുകയും ചെയ്തു. മാനേജിങ്ങ് കൗൺസിൽ അംഗം അഡ്വ. റോഷർ രോഗാവസ്ഥയിലാണെന്നും ഏവരുടെയും പ്രാർത്ഥന ആവശ്യപ്പെട്ടിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു. ഏവരും ചേർന്ന് അദ്ദേഹത്തിന്റെ രോഗശാന്തിക്കായി പ്രാർത്ഥിച്ചു.

ശ്രീ. ഡേവിസ് എം. പോൾ എല്ലാവർക്കും കൃതജ്ഞത പറഞ്ഞു. വൈകീട്ട് 6.30 ഓടെ യോഗം പിരിഞ്ഞു.

**3. എക്സിക്യൂട്ടിവ് കമ്മിറ്റി യോഗം 2015 ജൂലൈ 23**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടിവ് യോഗം 2015 ജൂലൈ 23ന് ഉച്ചയ്ക്ക് 2.20ന് ശ്രീ. ആന്റണി പാലിമറ്റത്തിന്റെ അധ്യക്ഷതയിൽ ശ്രീമതി ജാൻസി ജേക്കബിന്റെ ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ചു. യോഗത്തിൽ 11 അംഗങ്ങൾ പങ്കെടുത്തു.

സെക്രട്ടറിയച്ചൻ ഏവർക്കും സ്വാഗതമോതി. രജത ജൂബിലിവർഷ കുടുംബസംഗമ വാർഷിക പൊതുയോഗ നടപടികളെക്കുറിച്ച് ചർച്ചചെയ്യാനും വിലയിരുത്താനുമാണ് ഈ യോഗം കൂടുന്നതെന്ന് സ്വാഗതപ്രസംഗത്തിൽ സെക്രട്ടറിയച്ചൻ അറിയിച്ചു. രജതജൂബിലി വർഷത്തിന്റെ രണ്ടാം പകുതിയിൽ വച്ച് തിരിഞ്ഞു നോക്കുമ്പോൾ ബൈബിൾ സൊസൈറ്റിക്കും കേരള സഭയ്ക്കും ഇത് ഏറെ കൃപയുടെ കാലഘട്ടമാണെന്ന് തിരിച്ചറിയാനാകും. 2611 പുതിയ അംഗങ്ങൾ ചേർന്നു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഇത് 13 ഇരട്ടി വർധനവ് ആണ്. ഓഡിയോ ബൈബിൾ സഭയ്ക്കുള്ള ജൂബിലിക്കാല സമ്മാനമാണ്. ബധിരമൂകർക്കുവേണ്ടിയുള്ള സൈൻ ബൈബിളും അന്ധർക്കുവേണ്ടിയുള്ള ആക്സെസ്സിബിൾ ബൈബിളും ജൂബിലി സമ്മാനങ്ങൾ തന്നെ. പതിനായിരത്തോളം ബൈബിളുകൾ സൗജന്യമായി നല്കാനുള്ള ക്രമീകരണങ്ങൾ ചെയ്തു കഴിഞ്ഞു.

ശ്രീ. ലിയോ ടോമിന്റെ നേതൃത്വത്തിൽ 'കളേഴ്സ് ഓഫ് ബൈബിളി'ന്റെ ഒരുക്കങ്ങളും ശ്രീ. ആന്റണി സച്ചിന്റെ നേതൃത്വത്തിൽ ആക്സെസ്സിബിൾ ബൈബിൾ, സൈൻ ബൈബിൾ നിർമ്മാണവും വളരെ നന്നായി നടക്കുന്നുണ്ടെന്നും വൈസ് ചെയർമാൻ പറഞ്ഞു. 2015 ആഗസ്റ്റ് 9–ാം തീയതി നടക്കുന്ന ജനറൽ ബോഡി യോഗം കുടുംബസംഗമം കൂടിയാണെന്നും അതിലേക്ക് എല്ലാവരുടെയും സഹായ സഹകരണങ്ങൾ ഏറെ ആവശ്യമാണെന്നും വൈസ് ചെയർമാൻ, ശ്രീ. ആന്റണി പാലിമറ്റം തന്റെ അധ്യക്ഷ പ്രസംഗത്തിൽ വ്യക്തമാക്കി.

ബൈബിൾ കമ്മീഷനും ബൈബിൾ സൊസൈറ്റിയും വളരെ സജീവമായ പ്രവർത്തനവുമായി മുന്നോട്ട് പോകുന്നത് ഏറെ സന്തോഷകരമാണെന്ന് പി.ഒ.സി

ഡയറക്ടർ റവ. ഫാ. വർഗീസ് വള്ളിക്കാട്ട് പറഞ്ഞു. ഇതര സംസ്ഥാന തൊഴിലാളികൾ ഏറെ കൂടുതലുള്ള സംസ്ഥാനമാണ് നമ്മുടേതെന്നും അവർക്ക് അവരുടെ ഭാഷയിൽ വായിക്കാൻ പറ്റുന്ന ബൈബിൾ കൊടുക്കാൻ സാധിക്കുക എന്നത് വളരെ നല്ലതായിരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. അവർക്കുവേണ്ടി പ്രവർത്തിക്കുന്ന സംഘടനകളെ ഇക്കാര്യത്തിൽ സഹായിക്കുന്നത് ഉചിതമായിരിക്കും.

ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ കഴിഞ്ഞ യോഗത്തിന്റെ റിപ്പോർട്ടും പ്രവർത്തന റിപ്പോർട്ടും വായിച്ചു. യോഗം അത് രണ്ടും പാസാക്കി. റവ. സി. നിമ സി.റ്റി.സി. വാർഷിക കണക്കും ബഡ്ജറ്റും അവതരിപ്പിച്ചു.

രജത ജൂബിലിവർഷ കുടുംബ സംഗമത്തിലേക്കും വാർഷിക പൊതു യോഗത്തിലേക്കും 400ഓളം ആളുകളെയെങ്കിലും നമുക്കു സംഘടിപ്പിക്കേണ്ടതുണ്ട്. അത് എങ്ങനെ ചെയ്യാനാകും എന്ന ചോദ്യത്തിന് വ്യത്യസ്ത മാർഗങ്ങൾ യോഗാംഗങ്ങൾ നിർദേശിച്ചു.

1). രൂപതാതല ഡയറക്ടറച്ചൻമാരോട് 5 പേരെയെങ്കിലും ഇതിൽ പങ്കെടുപ്പിക്കണമെന്ന് ആവശ്യപ്പെടാമെന്ന് അഗസ്റ്റിൻ കുറ്റിയാനിയച്ചൻ അറിയിച്ചു.

2) മെമ്പർഷിപ്പ് കാമ്പെയിൻ നടത്തിയ പള്ളികളിൽ ഇതെക്കുറിച്ചുള്ള അറിയിപ്പ് നല്കാനും അവിടങ്ങളിൽ സജീവാംഗങ്ങളെ ഇക്കാര്യത്തിനായി സന്നദ്ധരാക്കാനും കഴിഞ്ഞാൽ നന്നായിരിക്കുമെന്ന് ശ്രീമതി ജാൻസി ജേക്കബ് അഭിപ്രായപ്പെട്ടു.

3) ഫോൺ നമ്പറുള്ള വ്യക്തികൾക്ക് കുർബാനയും ജസ്റ്റിസ് സിറിയക് ജോസഫിന്റെ പ്രഭാഷണവും ഉച്ചഭക്ഷണവും ഉള്ള വിവരവും വച്ച് SMS അയയ്ക്കുന്നത് നല്ലതാണെന്ന് ശ്രീ. ലിയോ ടോം പറഞ്ഞു.

4) ഓരോ എക്സിക്യൂട്ടിവ് – മാനേജിങ്ങ് കൗൺസിൽ അംഗവും 10 പേരെയെങ്കിലും കൊണ്ടു വരണമെന്ന് നിർദേശമുണ്ടായി.

5) എല്ലാ വർഷവും വരുന്നവരുടെ ലിസ്റ്റുപയോഗിച്ച് ഫോൺ വിളിക്കാനും തീരുമാനമായി.

**പ്രകാശനം:** ആക്സെസ്സിബിൾ ബൈബിൾ, സൈൻ ബൈബിൾ, ബിബ്ജിയോ ഗെയിം എന്നിവയുടെ പ്രകാശനം ജനറൽ ബോഡി യോഗത്തിൽ വച്ച് നടത്തുന്നതാണെന്നും ഏതാനും ചില സുവിശേഷങ്ങളുടെ ബ്രെയ്‌ലി രൂപവും പ്രകാശനം ചെയ്യാൻ ശ്രമം നടക്കുന്നുണ്ടെന്നും സെക്രട്ടറിയച്ചൻ പറഞ്ഞു. ബ്രെയ്‌ലി ബൈബിളിന്റെ ആവശ്യകതയെക്കുറിച്ച് യോഗം ചർച്ച ചെയ്യുകയുണ്ടായി. ഇന്ത്യയിൽ 12 പ്രാദേശിക ഭാഷയിൽ ബ്രെയ്‌ലി ബൈബിൾ ഉണ്ടെന്നും പി.ഒ.സി ബൈബിൾ ബ്രെയ്‌ലി ബൈബിൾ രൂപത്തിലാക്കാൻ ശ്രമം നടത്തുന്നത് വളരെ നല്ലതാണെന്നും ശ്രീ.ആന്റണി സച്ചിൻ അഭിപ്രായപ്പെട്ടു.

**ചർച്ച:** കഴിഞ്ഞ യോഗത്തിൽ ഗിഫ്റ്റ് ബുക്ക് നിർത്തലാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു എന്നും ജനറൽബോഡി യോഗത്തിൽ അതിനെക്കുറിച്ച് അംഗങ്ങളുടെ അഭിപ്രായം ചോദിക്കേണ്ടതാണെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു. ഗിഫ്റ്റ് ബുക്ക് ഒറ്റയടിക്ക് നിർത്തുക എന്നത് അംഗങ്ങൾക്ക് ബുദ്ധിമുട്ടാകുമെന്നും മിക്കവാറും എല്ലാവരും തന്നെ പുസ്തകം പ്രതീക്ഷിക്കുന്നുണ്ടെന്നും അത് തല്ക്കാലം 2 വർഷത്തിലൊരിക്കൽ ആക്കാമെന്നും റവ. ഫാ. അഗസ്റ്റിൻ കുറ്റിയാനി അഭിപ്രായപ്പെട്ടു. യോഗം അതിനോട് അനുകൂലിച്ചു.

**കളേഴ്സ് ഓഫ് ബൈബിൾ**: ശ്രീ. ലിയോ ടോമും ശ്രീ. ആന്റണി പാലിമറ്റവും ശ്രീ. ആന്റണി സച്ചിനും ചേർന്നു ചർച്ച ചെയ്തു തയ്യാറാക്കിയ ഏകദേശ രൂപരേഖ അവതരിപ്പിച്ചു.

1) സ്ഥലം: രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം
2) തീയതി: സെപ്തംബർ 12 അഥവാ 19
3) 2000 മുതൽ 3000 വരെ കുട്ടികൾ (State level)
4) 2 ലക്ഷം രൂപ മൊത്തം ചെലവ്
5) 4–8–12 (ക്ലാസ് 3 പ്രായ വിഭാഗം)
6) പല സ്പോൺസർമാരെ കണ്ടെത്തണം

7) സെലിബ്രിറ്റി ഗസ്റ്റ് – കാർട്ടൂണിസ്റ്റ് ടോംസ്
8) ജഡ്ജസ്സ് – ഡ്രോയിംഗ് ടീച്ചേർസ്
പ്രധാന ജഡ്ജസ്സ് – 10 പേർ
9) വിഷയം: ബൈബിൾ സംബന്ധമായ ആശയം
10) സമ്മാനങ്ങൾ: I, II, III (10,000/–; 5000/–; 3000/–; ട്രോഫി; സർട്ടിഫിക്കറ്റ്) 10 സ്ഥാനക്കാർക്കും പങ്കെടുക്കുന്ന എല്ലാവർക്കും സർട്ടിഫിക്കറ്റ്.

**അഖണ്ഡ ബൈബിൾ പാരായണ യജ്ഞം**: ഡിസംബർ 27–ാം തീയതി ജൂബിലി വർഷ സമാപനദിനവും ബൈബിൾ ഞായറുമാണെന്നും ആ പരിപാടിയുടെ സമാപനത്തിൽ അഖണ്ഡ ബൈബിൾ പാരായണത്തിന്റെ തുടക്കം കുറിക്കും എന്നും സെക്രട്ടറിയച്ചൻ അറിയിച്ചു.

**ലോഗോസ് 2015:** സമർപ്പിത വർഷം പ്രമാണിച്ച് നടത്തുന്ന സമർപ്പിത ലോഗോസ് ക്വിസിനുവേണ്ടി 'സമർപ്പിതർ' എന്ന പദത്തെ നിജപ്പെടുത്താൻ സെക്രട്ടറി അഭിപ്രായം ആരാഞ്ഞു. ആദ്യ വ്രതവാഗ്ദാനം കഴിഞ്ഞ ആർക്കും സമർപ്പിത ലോഗോസ് ക്വിസിൽ പങ്കെടുക്കാം എന്ന് തീരുമാനമായി.

**ജൂബിലി ബൈബിൾ മിഷൻ അംബാസിഡർ:** 100 പേർ എന്ന ലക്ഷ്യത്തിൽ ആകെ 9 പേർ മാത്രമേ ആയുള്ളൂ. ഇനിയും ആളുകളെ ഇതിനായി പ്രേരിപ്പിക്കാൻ ശ്രമിക്കണം. ജനറൽ ബോഡിയിൽ ഇതിനെക്കുറിച്ച് പറയണം എന്ന് യോഗം അഭിപ്രായപ്പെട്ടു.

ജറുസലേം തീർത്ഥയാത്ര സുഗമമല്ലാതായിരിക്കുന്ന ഒരു അവസ്ഥയുണ്ടെന്നും ഇസ്രായേൽ കേന്ദ്രീകരിച്ച് വിശുദ്ധനാട് പഠനയാത്രയ്ക്കു സാധ്യതയുണ്ടെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു. സാവകാശം അതു ശ്രമിക്കാവുന്നതേയുള്ളൂവെന്ന് യോഗം അഭിപ്രായപ്പെട്ടു.

ശ്രീ. മാത്യു പ്ലാത്തോട്ടം എല്ലാവർക്കും കൃതജ്ഞതയർപ്പിച്ചു. ശ്രീ. ലിയോ ടോം തന്റെ നാലാമത്തെ കുഞ്ഞിന്റെ ജനനത്തിനുള്ള സന്തോഷം പ്രകടിപ്പിച്ചുകൊണ്ട് മധുരം പങ്കുവച്ചു. ശ്രീമതി കൊച്ചുത്രേസ്യാ സൈമണിന്റെ ഉദ്യോഗ കയറ്റത്തോടനുബന്ധിച്ച് എല്ലാവർക്കും ഹൈ ടീ നല്കി. വൈകീട്ട് 4.45ന് യോഗം അവസാനിച്ചു.

**4. മാനേജിങ്ങ് കൗൺസിൽ യോഗ റിപ്പോർട്ട് 2014, ആഗസ്റ്റ് 8**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിങ്ങ് കൗൺസിൽ യോഗം 2015 ആഗസ്റ്റ് 8–ന് ഉച്ചയ്ക്ക് 2.00–ന് ചെയർമാൻ സൂസൈപാക്യം പിതാവിന്റെ അധ്യക്ഷതയിൽ ശ്രീമതി അന്നമ്മ തോമസിന്റെ ഈശ്വര പ്രാർഥനയോടെ ആരംഭിച്ചു. യോഗത്തിൽ 20 അംഗങ്ങൾ പങ്കെടുത്തു. വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം ഏവർക്കും സ്വാഗതമാശംസിച്ചു.

ബൈബിൾ സൊസൈറ്റി ഒരു കുടുംബമാണെന്നും ദൈവം ഈ കുടുംബത്തെ അവിടത്തെ മഹത്വത്തിന്റെ ഉപകരണമായി ഉപയോഗിക്കുന്നുവെന്നും ദൈവം ആഗ്രഹിക്കുന്ന ദൗത്യം വിശ്വസ്തതയോടെ നിർവഹിക്കാൻ കുടുംബത്തിന്റെ സ്വാതന്ത്ര്യത്തോടെ നമുക്കു കഴിയണമെന്നും പിതാവ് തന്റെ അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. മുൻയോഗറിപ്പോർട്ടും പ്രവർത്തനറിപ്പോർട്ടും ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ അവതരിപ്പിച്ചു. യോഗം അതു രണ്ടും പാസാക്കി. ഓഡിറ്റർ ശ്രീ. പി.സി. വർഗീസ് ഈ വർഷത്തെ സാമ്പത്തിക നിലവാരം വിലയിരുത്തി സംസാരിച്ചു. വമ്പിച്ച പുരോഗതി കൈവരിക്കാൻ സൊസൈറ്റിക്കായി.

**ചർച്ച:**

ജനറൽബോഡിയോഗത്തിലേക്ക് പ്രതീക്ഷിക്കുന്ന അംഗങ്ങളുടെ എണ്ണത്തെക്കുറിച്ചു ചർച്ച നടന്നു. ഏകദേശം 300 ഓളം പേരെ അംഗങ്ങളിൽനിന്നും അവരുടെ കുടുംബങ്ങളിൽ നിന്നും, 100 ഓളം പേരെ അന്ധ–ബധിര–മൂക സ്ഥാപനങ്ങളിൽ നിന്നും കൂട്ടായ്മകളിൽ നിന്നും പ്രതീക്ഷിക്കുന്നു. യോഗത്തിലെ VIPകളായ വിഭിന്നശേഷിയുള്ളവർക്കായി ഓഡിറ്റോറിയത്തിൽ സീറ്റ് റിസർവ് ചെയ്തിടാൻ തീരുമാനമായി. വോളയന്റിയർമാരായി ശ്രീമതി കൊച്ചുത്രേസ്യാ സൈമൺ, ശ്രീ. ജോർജ് ജോസഫ്, സി. റെക്സിയ, ശ്രീമതി എൽസി എന്നിവരെ നിയോഗിച്ചു.

സൈൻ ബൈബിളിൽ നിന്ന് 'കാനായിലെ കല്ല്യാണം' പ്രദർശിപ്പിച്ചു. വളരെ നല്ല അഭിപ്രായമാണ് മാനേജിങ്ങ് കൗൺസിൽ അംഗങ്ങളുടെ ഭാഗത്തുനിന്ന് ഉണ്ടായത്. യേശുവിന്റെ ജീവിതകാലത്ത് അന്ധർക്കും ബധിരർക്കും ഇടയിൽ ഉണ്ടായ മഹാദ്ഭുതത്തിന്റെ സമകാലീന മോഡേൺ സാങ്കേതികാദ്ഭുതങ്ങളാണ് ആക്സസ്സിബിൾ ബൈബിളും സൈൻ ബൈബിളും ബ്രെയ്‌ലി ബൈബിളും എന്ന് അഭിപ്രായപ്പെട്ടുകൊണ്ട് പിതാവ് ഹൈടെക് കമ്മിറ്റിയെ അനുമോദിച്ചു. ശ്രീ. ആന്റണി സച്ചിൻ ആക്സസ്സിബിൾ ബൈബിളിന്റെ ഉപയോഗം പ്രദർശിപ്പിച്ചു വിശദീകരിച്ചു. അന്ധർക്കുവേണ്ടി സൗജന്യമായി നെറ്റിൽ നിന്ന് ഡൗൺലോഡു ചെയ്യുവാൻ സൗകര്യം നല്കുമ്പോൾ തന്നെ കാഴ്ചയുള്ളവർക്കും ഏറെ സൗകര്യപ്രദമായ ആക്സസ്സിബിൾ ബൈബിൾ ഉയർന്ന നിലവാരത്തിൽ നിർമ്മിച്ച് വില്പന നടത്താനാവില്ലേ എന്ന് ശ്രീ. പി.സി. വർഗീസ് ചോദിച്ചു. കൂടുതൽ പഠിക്കേണ്ട വിഷയമാണെന്ന് യോഗം വ്യക്തമാക്കി. ബ്രെയ്‌ലി ബൈബിളിന്റെ പുതിയനിയമം ചെയ്യാൻ അവസരമൊരുക്കിയിട്ടുണ്ടെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. ബ്ര. സോണി കടുക്കുന്നേൽ കാത്തലിക് കോൺഗ്രിഗേഷൻ ഫോർ ദ ബ്ലൈൻഡിനുവേണ്ടി തയ്യാറാക്കിയ ബ്രെയ്‌ലി രൂപമാണിത്. കെ.സി.ബി.എസിന്റെ സഹായസഹകരണത്തോടെ പഴയനിയമവും ബ്രെയ്‌ലിയിലാക്കാൻ അദ്ദേഹം സന്നദ്ധനാണ്. ബൈബിൾ സൊസൈറ്റി ആഗ്രഹിക്കുന്നതുപോലെ സമ്പൂർണ ബ്രെയ്‌ലി ബൈബിളിന്റെ കോപ്പികൾ തയ്യാറാക്കാനും സാധിക്കും.

2014–2015 സാമ്പത്തിക വർഷത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്ത രൂപതയ്ക്കുള്ള മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ അവാർഡ് എറണാകുളം – അങ്കമാലി അതിരൂപതയ്ക്കാണ്. മെമ്പർഷിപ്പ് കാമ്പെയിൻ കമ്മിറ്റിയുടെ പ്രവർത്തന ഫലമായാണ് ഇതുണ്ടായതെന്ന് സെക്രട്ടറിയച്ചൻ പ്രത്യേകം ഓർമിപ്പിച്ചു. ഇക്കഴിഞ്ഞ വർഷത്തെ ബെസ്റ്റ് പ്രൊമോട്ടർ ശ്രീമതി ജാൻസി ജേക്കബും ടോപ്പ് സ്കോറർ കോൺടെസ്റ്റിൽ ഏറ്റവും കൂടുതൽ തുക സമാഹരിച്ച സി. മേരി ട്രീസ സി.റ്റി.സിയും, പ്രോത്സാഹന സമ്മാനർഹരായ ശ്രീ. ആന്റണി പാലിമറ്റവും ശ്രീമതി അനിതാരാജും പൊതുയോഗത്തിൽ വച്ച് സമ്മാനങ്ങൾ ഏറ്റുവാങ്ങും.

**സമ്മാനപുസ്തകം:** എല്ലാവർഷവും ബൈബിൾ സംബന്ധിയായ പുസ്തകം സൊസൈറ്റിയംഗങ്ങൾക്കു കൊടുക്കുന്നത് രണ്ട് വർഷത്തിൽ ഒരിക്കൽ മതിയെന്ന എക്സിക്യൂട്ടിവ് കമ്മിറ്റിയുടെ നിർദേശം ചർച്ചചെയ്യപ്പെടുകയുണ്ടായി. മാനേജിങ്ങ് കൗൺസിൽ അത് അംഗീകരിച്ചു. ജനറൽബോഡിയിൽ ചർച്ചയ്ക്കു വയ്ക്കാൻ ധാരണയായി. ബൈബിൾ സൊസൈറ്റിയംഗങ്ങളുടെ സബ്സിഡി ബൈബിൾ രൂപതയ്ക്കു കൊടുക്കുന്നതിനോട് ശ്രീമതി എലിസബത്ത് ജോയി, ശ്രീമതി കൊച്ചുത്രേസ്യ സൈമൺ എന്നിവർ വിയോജിപ്പു പ്രകടിപ്പിച്ചു. സൊസൈറ്റിക്കു രൂപതകളുമായുള്ള ബന്ധം ഇപ്പോൾ അതു മാത്രമാണെന്നും ശ്രീ. ഡേവിസ് എം പോൾ, ഫാ. അഗസ്റ്റിൻ കുറ്റിയാനി എന്നിവർ അഭിപ്രായപ്പെട്ടു. ബൈബിൾ സൊസൈറ്റിയിൽ അംഗങ്ങളെ ചേർക്കാൻ രൂപതകൾ കൂടുതൽ താത്പര്യം എടുക്കണമെന്ന വ്യവസ്ഥയോടെ സബ്സിഡി ബൈബിൾ തുടർന്നും നല്കാം എന്ന തീരുമാനമായി. അടുത്ത ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാരുടെ യോഗത്തിൽ ഇക്കാര്യം പറയാമെന്ന് പിതാവ് ഉറപ്പു നല്കി.

**ബിബ്ജിയോ ഗെയിമും വീഡിയോ ഗെയിമും:** ബൈബിളിന്റെ ഭൂമിശാസ്ത്രം രസകരമായി പഠിക്കാനുതകുന്ന ബിബ്ജിയോ ഗെയിം ജനറൽ ബോഡിയിൽവച്ചു പ്രകാശനം ചെയ്യാൻ ആഗ്രഹമുണ്ടായിരുന്നെങ്കിലും അതു ചെയ്തു പൂർത്തിയാക്കാനായിട്ടില്ലെന്ന് സെക്രട്ടറി അറിയിച്ചു. അത് ക്രമേണ വീഡിയോ ഗെയിം ആക്കുന്നതിനെക്കുറിച്ച് അച്ചൻ ആലോചന ചോദിച്ചു. ഏവർക്കും അനുകൂലാഭിപ്രായമായിരുന്നു.

**ജൂബിലി ബൈബിൾ അംബാസിഡേർസ്:** 9 അംബാസിഡേർസ് മാത്രമേ ഇതുവരെ ആയിട്ടുള്ളൂ. ഇനിയും കൂടുതൽ പേരെ കിട്ടാൻ ശ്രമിക്കണം, പലർ ചേർന്ന് ഒരു ലക്ഷം രൂപ തന്നാൽ അംബാസിഡർമാരാകുമോ എന്ന ശ്രീമതി ജാൻസി ജേക്ക

ബിന്റെ ചോദ്യത്തിന് അതിൽ ഒരാളെ അംബാസിഡറായി പരിഗണിക്കും എന്ന് സെക്രട്ടറി മറുപടി നല്കി.

**കത്തോലിക്കാ ബൈബിൾ ബുക്ക് സ്റ്റാൾ:** സ്ഥിരതയുള്ള ഒരിടം ബുക്ക് സ്റ്റാൾ തുടങ്ങാൻ ലഭിക്കുകയാണെങ്കിൽ ബൈബിൾ സൊസൈറ്റിക്ക് ഒരു കത്തോലിക്കാ ബൈബിൾ ബുക്ക് സ്റ്റാൾ തുടങ്ങാമെന്ന മുൻകാല ജനറൽബോഡികളുടെ തീരുമാനം ഇതുവരെ നടപ്പിലായിട്ടില്ല. അത്തരത്തിൽ ഒരു സ്ഥലം ലഭിച്ചിട്ട് ബൃഹത്തായ ഒരു ബുക്ക് സ്റ്റാൾ തുടങ്ങാം എന്ന ആശയം അത്രപ്രായോഗികമായിരിക്കില്ലെന്നും ഉള്ള ഏതെങ്കിലും സംവിധാനമുപയോഗിച്ച് ബൈബിൾ ഗ്രന്ഥങ്ങളുടെ സംലഭ്യത ഉറപ്പാക്കുന്നതായിരിക്കും നല്ലതെന്നും യോഗത്തിൽ പലരും അഭിപ്രായപ്പെട്ടു.

**കളേഴ്സ് ഓഫ് ബൈബിൾ**: കുട്ടികൾക്കുവേണ്ടിയുള്ള ബൈബിൾ ചിത്രരചനാ പരിപാടിയായ 'കളേഴ്സ് ഓഫ് ബൈബിളി'ന്റെ ഉത്തരവാദിത്വം ശ്രീ. ലിയോ ടോമിനെയാണ് ഏല്പിച്ചിരിക്കുന്നത്. സെപ്തംബർ 12,19 എന്നിവയിൽ ഏതെങ്കിലും തീയതിയിൽ നടത്താം എന്ന നിർദേശം സ്വീകാര്യമായില്ല. തീയതി പിന്നീട് തീരുമാനിക്കും.

**അഖണ്ഡ ബൈബിൾ പാരായണം:** ഡിസംബർ 27ന് ജൂബിലി വർഷ സമാപനത്തോടെ ആരംഭിച്ച് ഡിസംബർ അവസാനത്തോടെ സമാപിക്കും. ഇതിന്റെ ഉത്തരവാദിത്വം ശ്രീ. ആന്റണി സച്ചിനെയും ശ്രീമതി ജാൻസി ജേക്കബിനെയുമാണ് ഏല്പിച്ചിരിക്കുന്നത്.

**ലോഗോസ് ക്വിസ് 2015:** സെപ്തംബർ 27ന് ഇടവകകളിൽ മാനേജിങ്ങ് കൗൺസിലിന്റെ പങ്കാളിത്തം ഉണ്ടാകണം എന്ന് ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ പറഞ്ഞു. നവംബർ 27, 28, 29 എന്നീ തീയതകളിൽ സഹായിക്കാൻ ഏറെപ്പേർ സന്നദ്ധരായി മുന്നോട്ടുവന്നു.

**വിശുദ്ധനാട് തീർഥാടനവും ബൈബിൾ പഠനവും:** പതിവായി നടത്താറുള്ള വിശുദ്ധനാടു തീർഥാടനത്തിന്റെ സാധ്യത കാര്യമായി കുറഞ്ഞിട്ടുണ്ടെന്നും ബൈബിൾ സൊസൈറ്റി അതിനുവേണ്ടി ഇനിയും ശ്രമിക്കേണ്ടതില്ലെന്നുമുള്ള തന്റെ അഭിപ്രായം സെക്രട്ടറി തുറന്നു പറഞ്ഞു. മറിച്ച്, ബൈബിൾ പഠനം എന്ന ആശയം മുന്നിൽ വച്ച് തീർഥാടനം സംഘടിപ്പിക്കുന്നത് നന്നായിരിക്കും. താത്പര്യമുള്ളവർക്കായി ഇവിടെ ബൈബിൾ പഠനം സംഘടിപ്പിക്കുന്നതും ജോർദ്ദാനിലും ഇസ്രായേലിലുമുള്ള പ്രധാനപ്പെട്ട ബൈബിൾ ആർക്കിയോളജിക്കൽ സ്ഥലങ്ങൾ സന്ദർശിച്ച് തീർഥാടനം നടത്താൻ അവസരം ഒരുക്കുന്നതും കുറെക്കൂടി ഫലപ്രദമായിരിക്കും. ഈ നിർദേശം യോഗാംഗങ്ങൾക്ക് സ്വീകാര്യമായി.

ഈ വർഷം പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്ന പുസ്തകങ്ങളെക്കുറിച്ചുള്ള ഏകദേശ ധാരണ യോഗാംഗങ്ങൾക്ക് സെക്രട്ടറിയച്ചൻ നല്കി. ശ്രീ. റ്റി. എം. അബ്രഹാം, ശ്രീ. നെൽസൺ ഫെർണാണ്ടസ് എന്നിവരുടെ ബൈബിൾ സാഹിത്യകൃതികളും, പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷന്റെ 2014-ലെ രേഖയുടെയും ഹോമിലെക്ടിക് ഡിറക്ടറിയുടെയും പരിഭാഷകളും റവ. ഡോ. ചാക്കോ പുത്തൻപുരക്കലിന്റെ ബൈബിൾ അറ്റ്ലസുമാണ് പരിഗണനയിലുള്ളത്.

ജനറൽബോഡിയോഗത്തിന്റെയും കുടുംബ സംഗമത്തിന്റെയും M.C യായി ശ്രീ. റോബിൻ മാത്യുവിനെ നിയോഗിച്ചു. സെക്രട്ടറിയച്ചൻ ഏവർക്കും കൃതജ്ഞതയർപ്പിച്ചു. വൈകിട്ട് 4.30 ഓടെ യോഗം അവസാനിച്ചു.

**5. 24-ാം വാർഷിക പൊതുയോഗവും രജതജൂബിലി കുടുംബസംഗമവും 2015 ആഗസ്റ്റ് 9**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 24-ാം വാർഷിക പൊതുയോഗവും രജതജൂബിലി കുടുംബസംഗമവും 2015 ആഗസ്റ്റ് 9-ാം തീയതി രാവിലെ 10.00ന് കേരള കാത്തലിക് ബൈബിൾ സൊസൈറ്റി ചെയർമാൻ സൂസൈപാക്യം പിതാവിന്റെ അധ്യക്ഷതയിൽ പി.ഒ.സി.യിൽ ചേരുകയുണ്ടായി. മാണിക്കമംഗലം സെന്റ് ക്ലെയർ ഓറൽ ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥികളായ ദേവികദാസ് & പാർട്ടിയുടെ പ്രാർഥനാനൃത്തത്തോടെ രജതജൂബിലി കുടുംബസംഗമം ആരംഭിച്ചു. കുടുംബസംഗമത്തിൽ 350 അംഗങ്ങൾ പങ്കെടുത്തു. ജോയിന്റ് സെക്രട്ടറി ശ്രീ.

ജിസ്മോൻ തുടിയൻപ്ലാക്കൽ ഏവർക്കും സ്വാഗതമോതി.

"വചനം പാദത്തിന് വിളക്ക് ആണ്; വചനദീപ്തമായ ജീവിതം അപരർക്ക് വഴി വിളക്കുമാണ്" എന്ന് ആർച്ച് ബിഷപ്പ് മോസ്റ്റ് റവ. ഡോ. എം സൂസൈപാക്യം കുടുംബസംഗമത്തിന്റെ ഉദ്ഘാടനസന്ദേശത്തിൽ വ്യക്തമാക്കി.

ദൈവത്തിന്റെ കരുണയും സ്നേഹവും മറ്റുള്ളവരെ അറിയിക്കുക എന്ന ആശംസാസന്ദേശം പി.ഒ.സി. ഡയറക്ടർ റവ. ഫാ. വർഗീസ് വള്ളിക്കാട്ട് നല്കി.

ശ്രീ. എ. എം തോമസ് മുഖ്യാതിഥി ജസ്റ്റിസ് സിറിയക് ജോസഫിനെ ഏവർക്കുമായി പരിചയപ്പെടുത്തി "ബൈബിൾ ക്രൈസ്തവ ജീവിതത്തിന്റെ മാർഗദാർശി" എന്ന വിഷയത്തെ അധികരിച്ച് ജസ്റ്റിസ് പ്രഭാഷണം നടത്തി. നമുക്ക് വിരോധമുള്ളവരോടുമാത്രമല്ല നമ്മളോട് വിരോധമുള്ളവരോടു ക്ഷമിക്കാനും അനുരഞ്ജനപ്പെടാനുമുള്ള ഉന്നതസന്ദേശമാണ് ബൈബിളിന്റേത്. ബൈബിൾ വായിക്കാനും പഠിക്കാനും പഠിപ്പിക്കാനും പ്രസംഗിക്കാനും മാത്രമല്ല അത് നന്മതിന്മയെ തിരിച്ചറിഞ്ഞ് ജീവിക്കാനും വേണ്ടിയുള്ളതാണ്. "കർത്താവാണെന്റെ ഇടയൻ എനിക്കൊന്നിനും മുട്ടുണ്ടാവുകയില്ല" എന്ന സങ്കീർത്തനഭാഗം ജീവിതത്തിനു വലിയ ആശ്വാസമാണ്. വിശുദ്ധഗ്രന്ഥത്തിന്റെ അനുദിന പ്രസക്തിയാണ് ജസ്റ്റിസ് സിറിയക് ജോസഫ് തന്റെ ജീവിതഗന്ധിയും ഹൃദയഹാരിയുമായ പ്രഭാഷണത്തിലൂടെ വ്യക്തമാക്കിയത്. ശ്രീ. സാബു ജോസ് ജസ്റ്റിസിനും രജത ജൂബിലി കുടുംബസംഗമത്തിൽ പങ്കെടുത്ത ഏവർക്കും കൃതജ്ഞതയർപ്പിച്ചു.

തുടർന്ന് സൂസൈപാക്യം പിതാവിന്റെ മുഖ്യകാർമികത്വത്തിൽ രജതജൂബിലി കൃതജ്ഞതാബലിയർപ്പിച്ചു. റവ. ഫാ. വർഗീസ് ചെമ്പോളി OFM, റവ. ഫാ. ജോസ് കോട്ടയിൽ, റവ. ഫാ. അംബ്രോസ് അറയ്ക്കൽ, റവ. ഫാ. ജോഷി മയ്യാറ്റിൽ എന്നിവർ സഹകാർമികർ ആയിരുന്നു. ഗാനങ്ങളാലപിച്ചത് കാത്തലിക് കോൺഗ്രിഗേഷൻ ഫോർ ദി ബ്ലൈന്റിലെ കലാകാരൻമാരായിരുന്നു. തുടർന്ന് ഉച്ചഭക്ഷണം ഉണ്ടായിരുന്നു.

ഉച്ചഭക്ഷണത്തിനുശേഷം ബൈബിൾ സൊസൈറ്റിയുടെ 24-ാമത് വാർഷിക പൊതുയോഗം ചെയർമാൻ സൂസൈപാക്യം പിതാവിന്റെ അധ്യക്ഷതയിൽ ഉച്ചയ്ക്ക് 2.00ന് വിഭിന്നശേഷിയുള്ള ഷീലയുടെയും സജിയുടെയും ഈശ്വരപ്രാർഥനയോടെ ആരംഭിച്ചു. യോഗത്തിൽ 133 അംഗങ്ങൾ പങ്കെടുത്തു. സെക്രട്ടറി റവ. ഫാ. ജോഷി മയ്യാറ്റിൽ ഏവർക്കും സ്വാഗതമോതി. ദൈവത്തിന്റെ തിരുപുത്രന് അന്ധ-ബധിര-മൂകരോട് തന്റെ ജീവിതകാലത്ത് ഉണ്ടായിരുന്ന പ്രത്യേക കരുണയും സ്നേഹവും ഇന്ന് സഭയിലൂടെ വിഭിന്നശേഷിയുള്ളവർക്ക് അനുഭവപ്പെടണം. യേശുവിനോടൊപ്പം സഭയും പറയണം: "എഫ്ഫാത്താ". ഇന്റർനെറ്റിലും മൊബൈലിലും പി.ഒ.സി. ബൈബിൾ ഇന്ന് വായിക്കാനും ശ്രവിക്കാനും ഏവർക്കും സാധിക്കും. എന്നാൽ നമ്മുടെ പ്രിയങ്കരരായ വിഭിന്നശേഷിയുള്ള സഹോദരങ്ങൾക്കായി ആക്സെസ്സിബിൾ ബൈബിളും ബ്രെയ്‌ലി ബൈബിളും സൈൻ ബൈബിളും പ്രകാശിതമാകുമ്പോഴാണ് സഭയുടെ തിരുവചനശുശ്രൂഷയ്ക്കു സമഗ്രത കൈവരുന്നത്. ഇതിനായി അധ്വാനിച്ച എല്ലാവരെയും സ്വാഗതപ്രസംഗത്തിൽ അച്ചൻ പരാമർശിച്ചു. ഇതിനുവേണ്ടി സാമ്പത്തിക സഹായം ചെയ്ത മിഡിൽ ഈസ്റ്റ് നഴ്സസ്സ് മിനിസ്ട്രിയെ പ്രത്യേകം അഭിനന്ദിച്ചു.

മരിക്കാതിരിക്കാൻ ആളുകൾ അമൃത് അന്വേഷിച്ച് നടക്കുന്നു. എന്നാൽ നിത്യജീവന്റെ അപ്പമായ യേശുക്രിസ്തുവാണ് നിത്യജീവൻ എന്ന് പിതാവ് തന്റെ അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു.

ആക്സെസ്സിബിൾ ബൈബിളിന്റെ നിർമ്മാണത്തിനായ് പ്രയത്നിച്ച ശ്രീ. ആന്റണി സച്ചിനെയും ശ്രീ. ജെറിനെയും ശ്രീ. ജോൺസണെയും, സൈൻ ബൈബളിന്റെ നിർമാണത്തിൽ സഹകരിച്ചു പ്രവർത്തിച്ച സി. അഭയയെയും ബ്രെയ്‌ലി ബൈബിൾ നിർമ്മിച്ച ബ്രദർ സോണി കടുക്കുന്നേലിനെയും പിതാവ് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ അനുമോദിച്ചു. നിലവിളക്കു കൊളുത്തിക്കൊണ്ട് പിതാവ് യോഗം ഉദ്ഘാ

ടനം ചെയ്തു. തുടർന്ന് ആക്സെസ്സിബിൾ ബൈബിളും സൈൻ ബൈബിളും ബ്രെയ്‌ലി ബൈബിളും പിതാവ് പ്രകാശനം ചെയ്തു. സി. അഭയ ആംഗ്യഭാഷയിലൂടെ യോഗത്തിന്റെ ആദ്യം മുതൽ അവസാനം വരെ ബധിര–മൂകർക്ക് എല്ലാം വ്യക്തമാക്കി കൊടുത്തു.

സൈൻ ബൈബിളിൽനിന്ന് കാനായിലെ കല്ല്യാണം പ്രദർശിപ്പിച്ചു. വിഭിന്നശേഷിയുള്ള ശ്രീമതി റാണി ജൂഡ് തന്റെ ജീവിതാനുഭവം എല്ലാവരുമായി പങ്കുവച്ചു. എന്നും ബൈബിൾ വായിക്കാറുണ്ടെങ്കിലും സൈൻ ബൈബിളിലൂടെ കാനായിലെ കല്ല്യാണത്തിന്റെ അർഥവും സന്ദേശവും തനിക്ക് വളരെ പെട്ടെന്ന് തന്നെ അതിന്റെ ആഴങ്ങളിൽ മനസ്സിലാക്കാൻ സാധിച്ചു എന്നും ശ്രീമതി റാണി ജൂഡ് വ്യക്തമാക്കി. സി. അഭയയുടെ മലയാള പരിഭാഷ ഏവരെയും സഹായിച്ചു.

അന്ധനായ ശ്രീ. ജെറിൻ തന്റെയും ജീവിതാനുഭവം എല്ലാവരുമായി പങ്കുവച്ചു. ആക്സെസ്സിബിൾ ബൈബിളിലൂടെ എങ്ങനെ കണ്ണ് കാണാൻ സാധിക്കാത്തവർക്ക് ബൈബിൾ ശ്രവിക്കാനാകും എന്ന് കമ്പ്യൂട്ടർ സഹായത്തോടെ അദ്ദേഹം വിവരിച്ചുതന്നു. ബ്രെയ്‌ലി ബൈബിൾ ഏറ്റുവാങ്ങിയ അന്ധനായ ശ്രീ. റോബിൻ വി. യോഹന്നാന്റെ സുവിശേഷത്തിലെ ആദ്യഭാഗം ബ്രെയ്‌ലിയുടെ സഹായത്തോടെ വായിച്ചു.

റവ. ഫാ. വർഗീസ് ചെമ്പോളി OFM, മിഡിൽ ഈസ്റ്റിലെ നഴ്സസ്സ് മിനിസ്ട്രി അന്ധ–ബധിര–മൂകർക്ക് വചനം എത്തിക്കാനുള്ള വെല്ലുവിളി ഏറ്റെടുത്തിരിക്കുകയാണെന്നും നഴ്സിംങ്ങ് ജോലി ഒരു ദൈവവിളിയാണെന്നും എല്ലാവരും അവരെയും പ്രാർഥനയിൽ ഓർക്കണമെന്നും മഹാജൂബിലിവർഷത്തോടെ യേശുവിനെ അറിയാത്ത ഒരു വ്യക്തിപോലും ഉണ്ടാകരുതെന്നാണു ഞങ്ങളുടെ ആഗ്രഹമെന്നും ആശംസപ്രസംഗത്തിൽ പറഞ്ഞു.

ജോയിന്റ് സെക്രട്ടറി ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ വാർഷിക റിപ്പോർട്ടും പ്രവർത്തന റിപ്പോർട്ടും വായിച്ചു. യോഗം അത് രണ്ടും പാസാക്കി.

റവ. സി. നിമ സി.റ്റി.സി. വാർഷിക കണക്കും ബഡ്ജറ്റും അവതരിപ്പിച്ചു. ശ്രീ. തമ്പിയും അഡ്വക്കേറ്റ് ജോസി സേവ്യറും ഉന്നയിച്ച ചില സംശയങ്ങൾക്ക് സി. നിമ സി.റ്റി.സി. വ്യക്തമായ മറുപടി നല്കി. വാർഷികകണക്കും ബഡ്ജറ്റും യോഗം പാസാക്കി.

ഏറ്റവും കൂടുതൽ തുക സൊസൈറ്റിയിലേക്ക് സമാഹരിക്കുന്ന രൂപതയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ അവാർഡ് (ഷീൽഡും 10,000/– രൂപയുടെ ബൈബിളും) എറണാകുളം–അങ്കമാലി അതിരൂപതയ്ക്കുവേണ്ടി രൂപതാംഗങ്ങളായ ശ്രീ. ആന്റണി പാലിമറ്റവും ശ്രീ. സാബു ജോസും പിതാവിൽ നിന്ന് ഏറ്റുവാങ്ങി. സൊസൈറ്റിയിലേക്ക് ഏറ്റവും കൂടുതൽ തുക സമാഹരിച്ച ശ്രീമതി ജാൻസി ജേക്കബും ടോപ്പ് സ്കോറർ കോൺടെസ്റ്റിൽ ഏറ്റവും കൂടുതൽ തുക സമാഹരിച്ച റവ. സി. മേരി ട്രീസ C.T.C. (Rs. 2,97,000/–, 104 അംഗങ്ങൾ)യും ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്ത ശ്രീമതി ജാൻസി ജേക്കബും (Rs. 2,03,000/–; 144 അംഗങ്ങൾ) 50ലേറെ അംഗങ്ങളെ ചേർത്ത ശ്രീ. ആന്റണി പാലിമറ്റവും ശ്രീമതി അനിതാരാജും കാഷ് അവാർഡുകൾ ഏറ്റുവാങ്ങി.

തുടർന്ന് ചർച്ചയായിരുന്നു. സൊസൈറ്റിയംഗങ്ങൾക്കു സബ്സിഡി ബൈബിളും സമ്മാനപ്പുസ്തകങ്ങളും ബുള്ളറ്റിനും നല്കുന്നതിലുണ്ടാകുന്ന അധികച്ചെലവ് സൊസൈറ്റിക്ക് ബാധ്യതയായി മാറാൻ സാധ്യതയുള്ളതിനാൽ ഗിഫ്റ്റിനത്തിലുള്ള ബൈബിൾ സംബന്ധിയായ പുസ്തകം 2 വർഷത്തിൽ ഒരിക്കൽ മാത്രം കൊടുക്കുവാൻ മാനേജിങ്ങ് കൗൺസിൽ ജനറൽബോഡിയുടെ അനുമതിതേടി. അത് യോഗാംഗങ്ങൾ അംഗീകരിച്ചു.

കുട്ടികൾക്കുവേണ്ടി ബൈബിൾ കളികൾ തയ്യാറാക്കുകയും അവ വീഡിയോ ഗെയിമാക്കി പരിവർത്തിപ്പിക്കുകയും ചെയ്യേണ്ട സമയം അതിക്രമിച്ചുവെന്നും ബൈബിൾ സൊസൈറ്റി ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിക്കേണ്ടതല്ലേ

എന്നും സെക്രട്ടറിയച്ചൻ ചോദിച്ചു. ഉചിതമായതു ചെയ്യാൻ യോഗം അനുമതി നല്കി. രജത ജൂബിലി വർഷത്തോടനുബന്ധിച്ച് മെമ്പർഷിപ്പ് ലക്ഷ്യം പൂർത്തിയാക്കാനാകാതെ പോകുന്നതിലുള്ള നീരസം ശ്രീ. തമ്പി പ്രകടമാക്കി. 25,000 ആക്കുകയെന്നത് നിലവിലുള്ള ഓരോ അംഗവും ഒരാളെ വീതം ചേർത്താൽ വളരെ എളുപ്പം നടപ്പിലാക്കാവുന്നതേയുള്ളൂ എന്ന് അദ്ദേഹം പറഞ്ഞു. അത് നല്ല ആശയമാണെന്നും പക്ഷെ, എല്ലാ ഞായറാഴ്ചകളിലുള്ള ക്യാമ്പെയിനിലൂടെ സെക്രട്ടറിയച്ചനും സിസ്റ്ററും പിന്നെ ഏതാനും ചില അംഗങ്ങളും കഠിനാധ്വാനം ചെയ്തതിലൂടെയാണ് 2600ലേറെ പുതിയ അംഗങ്ങളെ കിട്ടിയത് എന്നും അത് വളരെ പ്രശംസനീയമാണെന്നും മീഡിയാകമ്മീഷൻ സെക്രട്ടറി ഫാ. ജോളി വടക്കൻ അഭിപ്രായപ്പെട്ടു.

സൊസൈറ്റിയുടെ ഓഡിറ്ററായി ശ്രീ. പി.സി. വർഗീസിനെ നിയമിച്ചു. വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം ഏവർക്കും കൃതജ്ഞതയർപ്പിച്ചു. ശ്രീ. റോബിൻ മാത്യു ആയിരുന്നു യോഗത്തിന്റെ M.C. യോഗം 5.00ന് സമാപിച്ചു. ചായ സത്കാരവും ഉണ്ടായിരുന്നു. അതിനുശേഷവും ശ്രീ. ജോൺ മാമ്പിള്ളിയുടെ ബൈബിളധിഷ്ഠിത "വചന വിസ്മയം" മാജിക് ഷോയും ഉണ്ടായിരുന്നു.

**6. എക്സിക്യൂട്ടിവ് കമ്മിറ്റിയോഗം 2015 നവംബർ 25**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടിവ് കമ്മിറ്റിയോഗം 2015 നവംബർ, 25–ാം തീയതി സി. നിമ CTCയുടെ ഈശ്വരപ്രാർഥനയോടെ 1.30ന് ആരംഭിച്ചു. യോഗത്തിൽ 8 അംഗങ്ങൾ പങ്കെടുത്തു. മുൻയോഗ റിപ്പോർട്ടും പ്രവർത്തന റിപ്പോർട്ടും ജോയിന്റ് സെക്രട്ടറി ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ വായിച്ചു. യോഗം അതു പാസ്സാക്കി.

പി.ഒ.സിയോടു ചേർന്നുള്ള വിതയത്തിൽ കുടുംബത്തിന്റെ സ്ഥലം വില്ക്കാൻ പോവുകയാണെന്നും അത് മിതമായ വിലയ്ക്ക് വാങ്ങാൻ പി.ഒ.സിക്ക് താത്പര്യമുണ്ടെന്നും പിതാവ് പറഞ്ഞു. ഏകദേശം അഞ്ചര കോടി രൂപ ഇതിന് ആവശ്യമുണ്ട്. അതിനായി സൊസൈറ്റിയിൽ നിന്ന് രണ്ടരകോടി രൂപ ലോൺ ഇനത്തിൽ പി.ഒ.സിക്കു നല്കണമെന്ന അഭ്യർഥന പി.ഒ.സി. ഡയറക്ടർ മുന്നോട്ടു വച്ചിട്ടുണ്ടെന്ന് പിതാവ് വ്യക്തമാക്കി. ബൈബിൾ സൊസൈറ്റിയുടെ രണ്ടരകോടിയോളമുള്ള ഫിക്സഡ് ഡിപ്പോസിറ്റിന്റെ പലിശയായി ലഭിക്കുന്ന 21 ലക്ഷം രൂപ കൊണ്ടാണ് സൊസൈറ്റിയുടെ ഒരു വർഷത്തെ ചെലവ് നടന്നു പോകേണ്ടതെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. ഓരോവർഷവും ഇത് തരാൻ പി.ഒ.സി തയ്യാറാണെന്ന് പിതാവു പറഞ്ഞു. ഈ തുക ലോൺ ആയി നല്കിയാൽ സൊസൈറ്റിക്ക് ക്രിയാത്മകമായി ഒന്നും ചെയ്യാനാവാത്ത അവസ്ഥയുണ്ടാകും എന്നും സെക്രട്ടറിയച്ചൻ വ്യക്തമാക്കി. ഒരു കോടി രൂപ ഇക്കാര്യത്തിലേക്ക് നല്കാമെന്നും അതിനു തുല്യമായ സ്ഥലം ബൈബിൾ സൊസൈറ്റിയുടെ പേരിൽ രജിസ്റ്റർ ചെയ്തു ലഭിക്കണമെന്നും വൈസ് ചെയർമാൻ അഭിപ്രായപ്പെട്ടു. ഒരു കോടി രൂപ മതിയാകില്ലെന്നും ബൈബിൾ സൊസൈറ്റിയുടെ പേരിൽ സ്ഥലം രജിസ്റ്റർ ചെയ്തു തരാൻ വില്ക്കുന്നവർ തയ്യാറാകില്ലെന്നും പിതാവ് പറഞ്ഞു. ബൈബിൾ സൊസൈറ്റിയുടെ തുക അനിശ്ചിത കാലത്തേക്ക് നൈയാമിക ഉറപ്പുകളില്ലാതെ ഇടുന്നത് അനുചിതമാണെന്നും ഒരു രജിസ്റ്റേർഡ് സൊസൈറ്റിയുടെ കെട്ടുറപ്പിനെ അതു ബാധിക്കുമെന്നും ശ്രീമതി കൊച്ചുത്രേസ്യ സൈമൺ ചൂണ്ടിക്കാട്ടി. ബൈബിൾ സൊസൈറ്റിയുടെ പേരിൽ സ്ഥലം രജിസ്റ്റർ ചെയ്തു കിട്ടുന്നത് ഉചിതമാണെന്നും ഭാവിയിൽ അതു ബൈബിൾ പ്രേഷിതത്വത്തിനു മുതൽക്കൂട്ടാകുമെന്നും ശ്രീ. ആന്റണി സച്ചിൻ അഭിപ്രായപ്പെട്ടു. ഒരു കോടി രൂപ അത്തരത്തിൽ മുടക്കിയാൽത്തന്നെയും സൊസൈറ്റിയുടെ അനുദിന പ്രവർത്തനങ്ങൾ എങ്ങനെ നടത്തികൊണ്ടുപോകും എന്ന് സെക്രട്ടറിയച്ചൻ ചോദിച്ചു. വ്യക്തമായ ഒരു തീരുമാനത്തിലേക്കെത്താതെ, മാനേജിങ്ങ് കൗൺസിൽ യോഗത്തിൽ ഈ വിഷയം ചർച്ചയ്ക്കു വയ്ക്കാൻ തീരുമാനിച്ച് യോഗം 2.15ന് പിരിഞ്ഞു.

**7. മാനേജിങ്ങ് കൗൺസിൽ യോഗ റിപ്പോർട്ട് 2015 നവംബർ 25**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിങ്ങ് കൗൺസിൽ

യോഗം 25.11.2015ന് ഉച്ചയ്ക്ക് 2.15ന് ചെയർമാൻ സൂസൈപാക്യം പിതാവിന്റെ അധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗത്തിൽ 19 അംഗങ്ങൾ പങ്കെടുത്തു.

മരണമടഞ്ഞ മുൻ വൈസ് ചെയർമാൻ ശ്രീ. അഗസ്റ്റിൻ മാസ്റ്ററുടെ ആത്മശാന്തിക്കുവേണ്ടി അനുസ്മരണാ പ്രാർഥന നടത്തി. ശ്രീ. ആന്റണി പാലിമറ്റം പിതാവിനും മറ്റെല്ലാവർക്കും സ്വാഗതമോതി. സൊസൈറ്റിയെ വളർത്തുന്നതിൽ ഏറെ പങ്കുവഹിച്ചിട്ടുള്ളയാളാണ് അഗസ്റ്റിൻ മാസ്റ്റർ എന്നും അദ്ദേഹത്തിന്റെ നിര്യാണം സൊസൈറ്റിക്കു വലിയ നഷ്ടമാണെങ്കിലും സൊസൈറ്റിക്കുവേണ്ടി മാധ്യസ്ഥ്യം പ്രാർഥിക്കാൻ സ്വർഗത്തിൽ ഒരാൾ ഉണ്ട് എന്നതിൽ നമ്മൾ സന്തോഷിക്കണമെന്നും പിതാവ് പ്രസ്താവിച്ചു. 50–ാം ജന്മദിനമാഘോഷിക്കുന്ന ശ്രീ. സാബു ജോസിന് പിതാവ് പിറന്നാൾ ആശംസകൾ അർപ്പിച്ചു. ഏവരും ചേർന്ന് അദ്ദേഹത്തിന് ജന്മദിനാശംസകൾ നേർന്നു. ശ്രീ. സാബു ജോസ് കേക്ക് മുറിച്ച് പങ്കുവച്ചു. ഏവർക്കും നന്ദി പറഞ്ഞു. മുൻയോഗ റിപ്പോർട്ടും പ്രവർത്തന റിപ്പോർട്ടും ജോയിന്റ് സെക്രട്ടറി ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ വായിച്ചു. യോഗം അതു പാസാക്കി.

**1. പി.ഒ.സിയോട് ചേർന്നുള്ള സ്ഥലം**

പി.ഒ.സിയോട് ചേർന്നുള്ള വിതയത്തിൽ കുടുംബത്തിന്റെ സ്ഥലം വില്ക്കാൻ പോവുകയാണെന്നും അത് മിതമായ വിലയ്ക്കു പി.ഒ.സിക്ക് എടുക്കാൻ താത്പര്യമുണ്ടെന്നുമുള്ള വിവരം പിതാവ് മാനേജിങ്ങ് കൗൺസിൽ അംഗങ്ങളെ അറിയിച്ചു. ഏകദേശം അഞ്ചരകോടി രൂപ ഇതിനുവേണ്ടിവരും. അത് വാങ്ങുവാനായി രണ്ടരകോടിയോളം രൂപ ലോണായി പി.ഒ.സിക്ക് നല്കണമെന്ന പി.ഒ.സി. ഡയറക്ടറുടെ അഭ്യർത്ഥന പിതാവ് അവതരിപ്പിച്ചു. ഇപ്പോൾ ബാങ്കിലിട്ടിരിക്കുന്ന തുകയ്ക്കു ലഭിക്കുന്ന പലിശയായ 21 ലക്ഷം രൂപ പലിശയായി നല്കാൻ പി.ഒ.സി. സന്നദ്ധമാണെന്നും പിതാവ് അറിയിച്ചു. യോഗാംഗങ്ങളിൽ നിന്ന് പല അഭിപ്രായങ്ങൾ ഉയർന്നു. ഒരുകോടിക്ക് തുല്യമായ സ്ഥലം ബൈബിൾ സൊസൈറ്റിയുടെ പേരിൽ രജിസ്റ്റർ ചെയ്തു കിട്ടണമെന്നും ശേഷം ലോൺ ആയി നല്കുന്ന ഒന്നരകോടി രൂപയുടെ പലിശ 13–14 ലക്ഷം രൂപ വർഷം തോറും പി.ഒ.സി. സൊസൈറ്റിക്കു നല്കണമെന്നുമുള്ള അഭിപ്രായം വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം പങ്കുവച്ചു. ഫണ്ടുള്ള സൊസൈറ്റികൾ ഇത്തരം ആവശ്യങ്ങളുടെ സമ്മർദത്തിൽ പെടാറുണ്ടെന്നും പക്ഷേ ഇത്തരം ലോണുകൾ സാധാരണ ഗതിയിൽ കാലം മാറുന്നതോടെ തിരികെക്കിട്ടാകടങ്ങളായി പരിണമിക്കുകയാണു പതിവെന്നും ശ്രീ. സാബു ജോസ് പറഞ്ഞു. സൊസൈറ്റിയുടെ ചെയർമാനും സെക്രട്ടറിയും കെ.സി.ബി.സി.യുടെ ഭാരവാഹികളും മാറിപ്പോകും. പിന്നീട് സൊസൈറ്റി നല്കിയ ലോണൊന്നും ആരുടെയും പരിഗണനയിൽ ഉണ്ടാവില്ല. അതുകൊണ്ട് തുക കൊടുക്കുന്നെങ്കിൽ സംഭാവനയായി അതിനെ കരുതിയാൽ മതി എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഒരു സംയുക്ത സംരംഭമായി ഈ വസ്തു ഇടപാടിനെ മാറ്റുന്നതല്ലേ നല്ലത് എന്ന് അഡ്വ. റോഷർ ചോദിച്ചു. പി.ഒ.സിയുടെയും ബൈബിൾ സൊസൈറ്റിയുടെയും പേരിൽ സ്ഥലം രജിസ്റ്റർ ചെയ്യണം എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. അങ്ങനെ വന്നാൽ പിന്നെ ബൈബിൾ സൊസൈറ്റിയുടെ അനുദിന കാര്യങ്ങൾ എങ്ങനെ നടക്കും എന്നു സെക്രട്ടറിയച്ചൻ ചോദിച്ചു. ബൈബിൾ സൊസൈറ്റിയുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നത് അസാധ്യമാണെന്നും പക്ഷേ വാങ്ങുന്ന കെട്ടിടം ബൈബിൾ സൊസൈറ്റിക്ക് ഉപയോഗിക്കാമെന്നും പിതാവ് പറഞ്ഞു. പൊതുവേ അനുകൂലമല്ലാത്ത അഭിപ്രായങ്ങളായിരുന്നു യോഗാംങ്ങളുടേത്. നൈയാമികം മാത്രമായ നിലപാട് കെസിബിസിക്കു സ്വീകാര്യമാകാൻ ഇടയില്ല എന്നും ബൈബിൾ സൊസൈറ്റിയെ സ്വന്തമായി കരുതുന്ന അവസ്ഥയ്ക്കു മാറ്റമുണ്ടാകാം എന്നു പിതാവു സൂചിപ്പിച്ചു. ഭരണസമിതിയംഗങ്ങൾ എന്ന നിലയിൽ സൊസൈറ്റിയുടെ സ്ഥിരതയും സുസ്ഥിതിയും ആഗ്രഹിക്കുന്നതുകൊണ്ടു മാത്രമാണ് ഇത്തരം അഭിപ്രായപ്രകടനങ്ങൾ നടത്തുന്നത് എന്ന് ശ്രീമതി ജാൻസി ജേക്കബ് വ്യക്തമാക്കി. ലോണായി നല്കുന്ന തുക തിരികെ ലഭിക്കാൻ കൃത്യമായ ഒരു കാലയളവു പി.ഒ.സിക്ക് ഉറപ്പുതരാനാകുമോ എന്ന് സെക്രട്ടറി ചോദിച്ചു.

ഈ അഭിപ്രായങ്ങളെല്ലാം വരുന്ന കെസിബിസിയിൽ അവതരിപ്പിക്കാമെന്നും പിതാക്കന്മാരുടെ നിലപാട് അറിഞ്ഞതിനുശേഷം ഭരണസമിതിയോടു ചർച്ച ചെയ്തിട്ടേ തീരുമാനങ്ങളിലേക്കു കടക്കാനാകൂ എന്നും പിതാവു പറഞ്ഞു. മാനേജിങ്ങ് കൗൺസിലിൽനിന്ന് ഒരു സബ്കമ്മിറ്റിയെ രൂപീകരിക്കാൻ തീരുമാനമായി. താഴെപ്പറയുന്നവരെ ഇതിലേക്ക് നാമനിർദേശം ചെയ്തു:

a ശ്രീ. സാബു ജോസ്
b ശ്രീ. ആന്റണി പാലിമറ്റം
c ശ്രീ. ഡേവിസ് എം പോൾ

**2. വിശുദ്ധനാടു തീർത്ഥാടനം സ്പോൺസർ**

എല്ലാ വർഷവും ലോഗോസ് പ്രതിഭയ്ക്കു ബൈബിൾ സൊസൈറ്റി സമ്മാനിക്കാറുള്ള വിശുദ്ധനാടു തീർത്ഥാടനം സ്പോൺസർ ചെയ്യാൻ കണ്ടിരിക്കൽ ട്രാവൽസ് ഉടമ ശ്രീ. മാത്യു കണ്ടിരിക്കൽ താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു. 2014ലെ പ്രതിഭയെ 10,000 രൂപ കിഴിവിൽ വിശുദ്ധനാടു സന്ദർശനത്തിന് അദ്ദേഹം കൊണ്ടുപോയത് സെക്രട്ടറി അനുസ്മരിച്ചു. ലോഗോസ് പ്രതിഭയുടെ Terms & Conditions ട്രാവൽസുമായി സംസാരിച്ചു വ്യക്തമാക്കാൻ സെക്രട്ടറിയെ ഭരമേല്പിച്ചു.

**3. ലോഗോസ് ക്വിസ് 2015 ഫൈനൽ (27–29)**

ലോഗോസ് ക്വിസ് ഫൈനൽ നവംബർ 27–29 ദിവസങ്ങളിലാണെന്നും, ഈ മൂന്ന് ദിവസവും മാനേജിങ്ങ് കൗൺസിൽ അംഗങ്ങളുടെ സഹായസഹകരണങ്ങൾ ഉണ്ടാവണമെന്നും സെക്രട്ടറിയച്ചൻ പറഞ്ഞു. കുറെ അംഗങ്ങൾ വോളണ്ടിയർമാരായി മുന്നോട്ടു വന്നു. ഉത്തരക്കടലാസിന്റെ മൂല്യനിർണയം, ടെലിക്വിസിലും സമ്മാനവിതരണയോഗത്തിലും ഓഡിയൻസ് എന്നിവയ്ക്ക് ആളുകളെ സംഘടിപ്പിക്കാൻ ഏവരോടും സെക്രട്ടറിയച്ചൻ ആവശ്യപ്പെട്ടു. സമാപന സമ്മേളനത്തിൽ സമർപ്പിത പ്രതിഭയ്ക്കും ലോഗോസ് പ്രതിഭയ്ക്കും കെസിബിസി ബൈബിൾ സാഹിത്യമത്സര വിജയികൾക്കുമുള്ള സമ്മാനവിതരണവും 2016ലെ ബൈബിൾ വായനാകലണ്ടർ പ്രകാശനവും ഉണ്ടായിരിക്കും.

**4. ബൈബിൾ പാരായണ മാസം**

ഡിസംബർ മാസം ബൈബിൾ പാരായണമാസമായി ആചരിക്കുന്നതിനുള്ള ഒരുക്കമായി സർക്കുലറും കത്തുകളും ബൈബിൾ റീഡിങ്ങ് ചാർട്ടും രൂപതകൾക്ക് അയച്ചുകൊടുത്തു എന്നും പത്രങ്ങളിലും സോഷ്യൽ മീഡിയായിലും ഇതിന്റെ വാർത്ത നല്കിയിട്ടുണ്ടെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു. അഖണ്ഡ ബൈബിൾ പാരായണയജ്ഞം ജൂബിലിവർഷ സമാപനദിനമായ 27–ാം തീയതി ആരംഭിച്ച് ഡിസംബർ 31–ാം തീയതി സമാപിക്കും. ഇതിനുവേണ്ടിയുള്ള ഒരുക്കങ്ങൾ ശ്രീ. ആന്റണി സച്ചിന്റെയും ശ്രീമതി ജാൻസി ജേക്കബിന്റെയും നേതൃത്വത്തിൽ വളരെ ഭംഗിയായി മുന്നേറുകയാണെന്നും ഇതിനകം മൂന്ന് മീറ്റിംഗുകൾ നടന്നു കഴിഞ്ഞെന്നും യോഗം വിലയിരുത്തി.

**8. ജൂബിലി വർഷ സമാപന സമ്മേളനം 27th ഡിസംബർ**

സൊസൈറ്റിയുടെ രജതജൂബിലിവർഷം ഏറെ ഫലപ്രദമായിരുന്നെന്നു യോഗം വിലയിരുത്തി. ശ്രവ്യബൈബിൾ കേരള സഭയ്ക്കുള്ള ബൈബിൾ സൊസൈറ്റിയുടെ മഹത്തായ ജൂബിലിസമ്മാനമാണ്. കാരുണ്യത്തിന്റെ വചന ശുശ്രൂഷയാണ് വിഭിന്നശേഷിക്കാർക്കുവേണ്ടി ജൂബിലിവർഷത്തിൽ പുറത്തിറക്കാനായ സൈൻ ബൈബിൾ, ആക്സെസ്സിബിൾ ബൈബിൾ, ബ്രെയിലി ബൈബിൾ എന്നിവയിലും നടന്നത്. ജൂബിലിവർഷ ജനറൽബോഡി ദിനത്തിൽ ഉണ്ടായിരുന്ന വിഭിന്ന ശേഷിക്കാരുടെ വലിയ സാന്നിധ്യം ബൈബിൾ സൊസൈറ്റിയുടെ ചരിത്രത്തിൽ മറക്കാനാവാത്ത അനുഭവമാണ്. എണ്ണായിരത്തോളം ബൈബിളുകൾ സൗജന്യമായി വിതരണം ചെയ്യാൻ ജൂബിലിബൈബിൾ മിഷൻ അംബാസഡർമാരുടെ സഹകരണത്തോടെ സാധിച്ചത് ദരിദ്രരോട് പക്ഷം ചേരുന്ന സുന്ദരമായ ഒരു ജൂബിലിക്കാഴ്ചയായിരു

ന്നു. സൊസൈറ്റിയുടെ ജൂബിലിവർഷത്തിൽതന്നെ സഭ ആചരിച്ച സമർപ്പിത വർഷ ത്തോടനുബന്ധിച്ച് ഈ വർഷം സമർപ്പിത ലോഗോസ് ക്വിസ് സംഘടിപ്പിച്ചത് തികച്ചും ഉചിതമായി.

ജൂബിലി സമാപന സമ്മേളനത്തിലേക്ക് ആളുകളെ ആകർഷിക്കാനുള്ള അഭി പ്രായങ്ങൾ സെക്രട്ടറി ആരാഞ്ഞു. കലാപരിപാടികൾ, പ്രത്യേകിച്ച് ഗ്രൂപ്പ് ഐറ്റംസ്, സംഘടിപ്പിക്കുന്നത് നന്നായിരിക്കുമെന്ന് ശ്രീ. ഡേവിസ് എം പോൾ അഭിപ്രായപ്പെ ട്ടു. ജൂബിലി മിഷൻ അംബാസിഡേഴ്സിനെയും അവരുടെ കുടുംബാംഗങ്ങളെയും ഇതിലേക്ക് ക്ഷണിക്കണം. ജൂബിലി മിഷൻ അംബാസിഡേഴ്സിന് സമുചിതമായ ഒരു സർട്ടിഫിക്കറ്റു തയ്യാറാക്കി അന്നു നല്കാൻ യോഗം തീരുമാനിച്ചു. നല്ല രീതി യിൽ ഡിസൈൻ ചെയ്ത ഒരു സർട്ടിഫിക്കറ്റ് കൊടുക്കണമെന്ന് യോഗം തീരുമാനി ച്ചു. സുവനീയറിന്റെ പുരോഗതിയെക്കുറിച്ച് ശ്രീ. സാബൂ ജോസ് സംസാരിച്ചു. സി. നിമ സി.റ്റി.സി. ഏവർക്കും കൃതജ്ഞതയർപ്പിച്ചു. വൈകുന്നേരം 4.00 മണിയോടെ യോഗം അവസാനിച്ചു.

## പ്രവർത്തന റിപ്പോർട്ട്

ലോഗോസ് ക്വിസിനുവേണ്ടി പോസ്റ്ററുകളും രജിസ്ട്രേഷൻ ഫോമുകളും രൂപതാകേന്ദ്രങ്ങളിൽ എത്തിച്ചു. ഓൺ–ലൈൻ രജിസ്ട്രേഷനുവേണ്ട കാര്യങ്ങൾ ശ്രീ. ജോസഫ് പന്തപ്ലാക്കൽ ചെയ്തുകൊണ്ടിരിക്കുന്നു. സൺഡേ ശാലോം, സത്യ ദീപം, ജീവനാദം, താലന്ത് എന്നീ പ്രസിദ്ധീകരണങ്ങളിൽ പരസ്യം നല്കി.

ഇറ്റലിയിലെ നേമിയിൽ വച്ച് നടന്ന കാത്തലിക് ബിബ്ലിക്കൽ ഫെഡറേഷന്റെ പ്ലീനറി അസംബ്ലിയിൽ സെക്രട്ടറിയച്ചൻ പങ്കെടുക്കുകയും 62 രാജ്യങ്ങളിൽ നിന്നു ണ്ടായിരുന്ന 135 ഓളം പേർക്ക് ലോഗോസ് ക്വിസിനെക്കുറിച്ചു തയ്യാറാക്കിയ ന്യൂസ് ലെറ്റർ വിതരണം ചെയ്യുകയുമുണ്ടായി.

രജത ജൂബിലി വർഷത്തോടനുബന്ധിച്ച് ഒരു ഏകദിന പരിപാടിയായി വാർഷിക പൊതുയോഗം നടത്തണമെന്ന മാനേജിങ്ങ് കൗൺസിൽ തീരുമാനം നടപ്പിലാക്കു ന്നതിന്റെ ഭാഗമായി ജസ്റ്റീസ് സിറിയക് ജോസഫിനെ "ബൈബിൾ: ക്രൈസ്തവ ജീവിതത്തിന്റെ മാർഗദർശി" എന്ന വിഷയത്തെ അധികരിച്ച് പ്രഭാഷണം നടത്താൻ ക്ഷണിച്ചു.

ബധിരർക്കുവേണ്ടി സൈൻബൈബിളിന്റെ നിർമാണത്തിന്റെ ഭാഗമായി ഷൂട്ടിങ്ങും ഓഡിയോ റെക്കോർഡിങ്ങും എഡിറ്റിങ്ങും പൂർത്തിയായി. ആക്സെസ്സിബിൾ ബൈബിളും പൂർത്തിയായി. ഇവയെ സംബന്ധിച്ച വാർത്ത പ്രസിദ്ധീകരിച്ചു. മിഡിൽ ഈസ്റ്റിലെ നഴ്സസ് മിനിസ്ട്രി 10 ലക്ഷം രൂപയുടെ ചെക്ക് അന്ധ–ബധിര–മൂക ബൈബിൾ പ്രോജക്ടിനുവേണ്ടി ഓഫീസിൽ ഏല്പിച്ചു. എറണാകുളം അങ്കമാലി അതിരൂപതയുടെ കീഴിലുള്ള കാത്തലിക് കോൺഗ്രിഗേഷൻ ഫോർ ദി ബ്ലൈൻഡി നുവേണ്ടി ബ്രദർ സോണി കടുക്കുന്നേൽ തയ്യാറാക്കിയ പുതിയനിയമത്തിന്റെ ബ്രെയ്ലി ഭാഷ്യം പ്രകാശനം ചെയ്തു. പഴയനിയമത്തിന്റെ ബ്രെയ്ലി രൂപവും സമ്പൂർണ ബൈബിളിലെ ബ്രെയ്ലി കോപ്പികളും ബൈബിൾ സൊസൈറ്റിയുടെ സാമ്പത്തിക പിന്തുണയോടെ പൂർത്തിയാക്കാൻ ഇടയാകും.

ജൂബിലി ബൈബിൾമിഷൻ പ്രൊജക്ടിന്റെ ഭാഗമായി 2485 ബൈബിളുകൾ പൊതുജനത്തിന്റെ പക്കലും 2000 ബൈബിളുകൾ ഓരോ രൂപതയിലെയും പിതാ ക്കൻമാർക്കും വിതരണം ചെയ്തു.

ഓഡിയോ ബൈബിളിന്റെ 8 GB പെൻഡ്രൈവു പുറത്തിറക്കാനായി. ഇത് ജന ങ്ങളിൽ ഏറെ താല്പര്യം ജനിപ്പിച്ചിട്ടുണ്ട്. ബൈബിൾ ഭൂമിശാസ്ത്രം കളിച്ചു പഠി ക്കാൻ സഹായകമായ ഗെയിം തയ്യാറാക്കാൻ കുട്ടികൾക്കായുള്ള ക്രൈസ്തവ ഗെയി മുകൾ നിർമിക്കുന്നതിൽ വൈദഗ്ദ്യമുള്ള മീഡിയാഫിസന്റ് ഗ്രൂപ്പിനെ ഏല്പിച്ചു.

ജനറൽബോഡി യോഗം അതിസുന്ദരമായി നടന്നു. അന്ധ–ബധിര–മൂക സഹോ ദരങ്ങളുടെ സാന്നിധ്യം ജനറൽബോഡിക്ക് ഉന്മേഷം പകർന്നു. സൈൻ ബൈബിൾ, ആക്സെസ്സിബിൾ ബൈബിൾ, പുതിയനിയമം ബ്രെയ്ലി ബൈബിൾ എന്നിവ പ്രകാ

ശനം ചെയ്തു. എറണാകുളം-അങ്കമാലി അതിരൂപതയ്ക്ക് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ അവാർഡു സമ്മാനിക്കപ്പെട്ടു. ബെസ്റ്റ് പ്രൊമോട്ടർമാർക്കും സമ്മാനങ്ങൾ നല്കി.

സെപ്റ്റംബർ 27-ാം തീയതി ഉച്ചകഴിഞ്ഞ് നടന്ന ലോഗോസ് ക്വിസ് മത്സരത്തിൽ മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി ഭാഷകളിലായി 5,69,516 പേർ പങ്കെടുത്തു. ലോഗോസ് ക്വിസിനോടനുബന്ധിച്ച് പുറപ്പാട് കഥകൾ, ബൈബിൾ നാടകങ്ങൾ, ബൈബിൾ അറ്റ്ലസ് എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ച് അയച്ചുകൊടുത്തു. 2015 നവംബർ 27-ാം തീയതി സന്യസ്തർക്കായുള്ള സംസ്ഥാനതല ലോഗോസ് ക്വിസ് പി.ഒ.സി.യിൽ വച്ചു നടന്നു. ഫൈനൽ മത്സരത്തിന്റെ ക്വിസ് മാസ്റ്റർ റവ. ഡോ. ജോയി പുത്തൻവീട്ടിൽ ആയിരുന്നു. ഫൈനൽ മത്സരം ഗുഡ്നസ് ടി.വി റെക്കോർഡു ചെയ്തു. 28-ാം തീയതി രാവിലെ സംസ്ഥാനതല ലോഗോസ് ക്വിസ് പി.ഒ.സി.യിൽ വച്ചു നടന്നു. ക്വിസ് നടത്തിപ്പിന് എക്സിക്യൂട്ടിവ് കമ്മിറ്റി-മാനേജിങ്ങ് കൗൺസിൽ അംഗങ്ങൾ നേതൃത്വം നല്കി, ഉത്തരക്കടലാസുകളുടെ മൂല്യ നിർണയത്തിന് സന്ന്യസ്തരുൾപ്പടെ നിരവധിപേർ സഹായിച്ചു. ലോഗോസ് ഗ്രൻഡ് ഫിനാലെ ടെലി ക്വിസ് നവംബർ 30-ാം തീയതി നടന്നു. റവ. ഡോ. ജോസഫ് പാംബ്ലാനി ക്വിസ് മാസ്റ്ററായിരുന്നു. ഇരിങ്ങാലക്കുട രൂപതയിൽനിന്നുള്ള ടോം ബേബി കണമ്പുഴ ലോഗോസ് പ്രതിഭാപട്ടം ചൂടി. ബൈബിൾ കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ സൂസൈപാക്യം പിതാവ് സമ്മാനങ്ങൾ വിതരണം ചെയ്തു. മൂന്നു റീത്തുകളുടെയും ആരാധനാക്രമ വായനകൾ ഉൾപ്പെടുത്തിയ 2016-ലെ കലണ്ടർ പ്രസിദ്ധീകരിച്ചു. ലോഗോസ് പ്രതിഭയ്ക്കുള്ള വിശുദ്ധനാട് തീർത്ഥാടനം കണ്ടിരിക്കൽ ട്രാവൽസ് സ്പോൺസർ ചെയ്തു. 2016 മാർച്ച് മാസത്തിൽ ഗുഡ്നസ് ടി.വി. രണ്ട് ആഴ്ചകളിൽ വിവിധ എപ്പിസോഡുകളായി ലോഗോസ് ക്വിസ് ഫൈനൽ സംപ്രേക്ഷണം ചെയ്തു.

കെ.സി.ബി.എസ്. രജതജൂബിലി സമാപന ആഘോഷം പി.ഒ.സി. ഓഡിറ്റോറിയത്തിൽവച്ച് ഡിസംബർ 27-ാം തീയതി 10.30ന് ജൂവന്റസ് XIIIന്റെ ജൂബിലി കീർത്തനത്തോടെ ആരംഭിച്ചു. തുടർന്ന് അഭിവന്ദ്യ സൂസൈപാക്യം പിതാവിന്റെ മുഖ്യകാർമികത്വത്തിലുള്ള ജൂബിലി ദിവ്യബലിയായിരുന്നു. ആഘോഷമായ ദിവ്യബലിയർപ്പണ ശേഷം പള്ളിപ്പുറം സെന്റ് റോക്കീസ് നൃത്തകലാഭവൻ 'ദാവീദ്' ചവിട്ടുനാടകം അവതരിപ്പിച്ചു. തുടർന്ന് ജൂബിലി ഡിന്നറായിരുന്നു.

ഉച്ചകഴിഞ്ഞ് 2 മണിക്ക് ആരംഭിച്ച സമാപന സമ്മേളനത്തിൽ അനേകം വിശിഷ്ടാതിഥികൾ പങ്കെടുത്തു. സൊസൈറ്റി സെക്രട്ടറി റവ. ഫാ. ജോഷി മയ്യാറ്റിൽ സ്വാഗതം ആശംസിച്ചു. കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനകർമ്മം നിർവഹിച്ചു. അഭിവന്ദ്യ ആർച്ച് ബിഷപ്പ് സൂസൈപാക്യം യോഗത്തിൽ അധ്യക്ഷനായിരുന്നു. സ്ഥാപക ചെയർമാൻ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവ് അനുഗ്രഹ പ്രഭാഷണം നടത്തി. റവ. ഫാ. വർഗീസ് വള്ളിക്കാട്ട്, ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ, ശ്രീ. സാബു ജോസ്, സി. നിമ സി.റ്റി.സി. എന്നിവർ പ്രസംഗിച്ചു.

മാർ ജോർജ് പുന്നക്കോട്ടിൽ മെമ്മോറിയൽ വചന സർഗ പ്രതിഭാ അവാർഡിന് ഈ വർഷം അർഹനായ ശ്രീ. സെബാസ്റ്റ്യൻ പള്ളിത്തോടിന് പുരസ്കാരം നല്കി ആദരിച്ചു. 20 എൻട്രികളിൽനിന്ന് സമ്മാനർഹമായ കൃതി തിരഞ്ഞെടുത്ത ജൂറിയിലെ അംഗങ്ങൾ പ്രൊഫ. തോമസ് മാത്യു, പ്രൊഫ. വി. ജെ. തമ്പി, ഡോ. കൃഷ്ണൻനായർ എന്നിവരായിരുന്നു. ജൂബിലി ബൈബിൾ മിഷൻ അംബാസഡർമാരായിനുന്ന ശ്രീ. ഒ.റ്റി. അലക്സാണ്ടർ, ശ്രീമതി ജെസ്സി ജോസ്, ശ്രീ. ആന്റണി പി. കുര്യൻ, ശ്രീ. ജോൺസൺ കാഞ്ഞിരത്തിങ്കൽ, ശ്രീ. എൽവീസ് കോട്ടുരാൻ, ഡോ. റെക്സ് തോമസ്, ശ്രീമതി എം.സി. മേരി, ശ്രീ. മാത്യു പോൾ, ശ്രീ. ജൂലിയസ് റൂബർ, ശ്രീ. സജീവ് സെബാസ്റ്റ്യൻ എന്നിവരെ ആദരിച്ചു. പ്രതിഭാ അവാർഡു നേടിയ ശ്രീ. സെബാസ്റ്റ്യൻ പള്ളിത്തോടും അംബാസഡർ പ്രതിനിധിയായ ശ്രീ. ജോൺസൺ കാഞ്ഞിരിത്തിങ്കലും സംസാരിച്ചു. വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം ഏവർക്കും കൃതജ്ഞത പ്രകാശിപ്പിച്ചു.

അഖണ്ഡബൈബിൾ പാരായണവും ബൈബിൾ എക്സിബിഷനും കെ.സി.ബി. എസി. –ന്റെ നേതൃത്വത്തിൽ ഡിസംബർ 27 മുതൽ 31 വരെ പി.ഒ.സി. യിൽ സംഘ ടിപ്പിച്ചു. അഖണ്ഡബൈബിൾ പാരായണയജ്ഞം ആർച്ച് ബിഷപ്പ് ഡോ. സൂസൈ പാക്യം ഉദ്ഘാടനം ചെയ്തു. സഭയിലും മാധ്യമങ്ങളിലും വളരെ നല്ല പ്രതികരണ ങ്ങൾ ഇതുളവാക്കി. പല രൂപതകളും ഈ അഖണ്ഡ ബൈബിൾ പാരായണം ഡിസം ബർ മാസവും തുടർന്നുള്ള മാസങ്ങളും ഏറ്റെടുത്തുവെന്നത് പ്രോത്സാഹനജനക മാണ്. മാത്രമല്ല, ഏപ്രിൽ 1–3 തീയതികളിൽ ബാംഗ്ലൂർ വച്ചുനടന്ന കാത്തലിക് ബിബ്ലി ക്കൽ ഫെഡറേഷനിലെ വിദേശ പ്രതിനിധികൾ ആവശ്യപ്പെട്ട പ്രകാരം ബൈബിൾ പാരായണ മാസത്തിന്റെ വിശദവിവരങ്ങൾ അവർക്കുനല്കി.

Sign Bible പുതിയ കോപ്പികൾ തയ്യാറാക്കി സൗജന്യമായി വിതരണം ചെയ്തു. രണ്ടാംഭാഗത്തിന്റെ പ്രൊഡക്ഷൻ ശ്രീ. ആന്റണി സച്ചിന്റെ നേതൃത്വത്തിൽ നടക്കു ന്നു. Accessible Bible ന്റെ വെബ്സൈറ്റ് പുതുക്കി. ബ്ര. സോണി അന്ധർക്കുള്ള ബ്രെയിൽ ലിപിയിലെ ബൈബിളിന്റെ തുടർഭാഗം തയ്യാറാക്കുന്ന ജോലി ആരംഭിച്ചു.

കഴിഞ്ഞ അഞ്ചു വർഷം ബൈബിൾ സൊസൈറ്റിയുടെയും കമ്മീഷന്റെയും ട്രഷ ററായി സേവനമനുഷ്ടിച്ച സി. നിമ സി.റ്റി.സിക്ക് ജനുവരി 18–ാം തീയതി വൈക്കത്തു വച്ചു നടന്ന കെ.സി.ബി.എസ് എക്സിക്യൂട്ടിവ് കമ്മിറ്റി കൂട്ടായ്മയിൽ യാത്രയയപ്പു നല്കുകയും ഉപഹാരം നല്കുകയും ചെയ്തു. മാർച്ച് 31–ാം തീയതി പി.ഒ.സി. ഡയ റക്ടർ ബഹു. ഫാ. വർഗീസ് വള്ളിക്കാട്ടച്ചന്റെ പൗരോഹിത്യ രജതജൂബിലി ആഘോ ഷത്തിൽ ബൈബിൾ സൊസൈറ്റിയുടെയും ബൈബിൾ കമ്മീഷന്റെയും പേരിൽ അച്ചന് ഉപഹാരം നല്കി.

ബൈബിൾ കമ്മീഷന്റെയും കാത്തലിക് ബൈബിൾ സൊസൈറ്റിയുടെയും പുതിയ സെക്രട്ടറിയായി മാർച്ച് 1–ാം തീയതി ഫാ. ജോൺസൺ പുതുശ്ശേരി ചാർജെ ടുത്തു. ഫാ. ജോൺസൺ പുതുശ്ശേരിയും മുൻസെക്രട്ടറി ഫാ. ജോഷി മയ്യാറ്റിലും മാർച്ച് 19–ാം തീയതി ചെയർമാൻ അഭിവന്ദ്യ സൂസൈപാക്യം പിതാവിനെ സന്ദർശിച്ച് തിരുനാൾ ആശംസകൾ നേരുകയും സൊസൈറ്റിയുടെ കാര്യങ്ങൾ ചർച്ച ചെയ്യു കയും ചെയ്തു.

**നന്ദി**

തിരുവചനശുശ്രൂഷ ചെയ്യുവാൻ സൊസൈറ്റിയെ നിരന്തരം അനുഗ്രഹിക്കുന്ന സർവ്വേശ്വരന് സൊസൈറ്റി അംഗങ്ങളുടെ കൃതജ്ഞതാഹൃദയമലരുകൾ! തന്റെ തിര ക്കേറിയ ജീവിതത്തിനിടയിലും സൊസൈറ്റി സംബന്ധമായ കാര്യങ്ങൾക്ക് എപ്പോഴും മുൻഗണന നല്കുന്ന സൊസൈറ്റി ചെയർമാൻ അഭിവന്ദ്യ സൂസൈപാക്യം പിതാ വിന് സ്നേഹപൂർവ്വം നന്ദി പറയുന്നു. സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ ആസൂ ത്രണം ചെയ്തു നടപ്പിലാക്കാൻ വേണ്ട എല്ലാ സഹായസഹകരണങ്ങളും ചെയ്ത മാനേജിംഗ് കൗൺസിൽ–എക്സിക്യൂട്ടിവ് കമ്മിറ്റി ഭാരവാഹികളെ പ്രത്യേകം നന്ദി യോടെ അനുസ്മരിക്കുന്നു. പ്രത്യേകിച്ച് വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമ റ്റം, ജോയിന്റ് സെക്രട്ടറി ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ, ട്രഷറർ സി. ആൽഫി സി.റ്റി.സി., ഓഡിറ്റർ ശ്രീ. പി.സി. വർഗീസ്, പി.ഒ.സി. ഡയറക്ടർ റവ. ഫാ. വർഗീസ് വള്ളിക്കാട്ട്, പി.ഒ.സി. യിലെ സ്റ്റാഫംഗങ്ങൾ, മുൻ സെക്രട്ടറി റവ. ഡോ. ജോഷി മയ്യാറ്റിൽ, മുൻട്രഷറർ സി. നിമ സി.ടി.സി. എന്നിവർക്ക് ഹൃദയംഗമമായ നന്ദി രേഖ പ്പെടുത്തുന്നു.

ബൈബിൾ സൊസൈറ്റിയുടെ എല്ലാ ഭാവി പ്രവർത്തനങ്ങളെയും ദൈവപിരപാല നയ്ക്ക് സമർപ്പിച്ചുകൊണ്ടും സൊസൈറ്റുയുടെ എല്ലാ പ്രവർത്തനങ്ങൾക്കും എല്ലാവ രുടെയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ടും ഈ റിപ്പോർട്ട് സവിനയം സമർപ്പിക്കു ന്നു.

**റവ. ഡോ. ജോൺസൺ പുതുശ്ശേരി CST**
(സെക്രട്ടറി, കെ.സി.ബി.എസ്.)

# രജതജൂബിലി സമാപനസമ്മേളനം

അല്മായ നേതൃത്വമാണ് സഭയുടെ ചാലകശക്തിയെന്ന് സീറോ മലബാർസഭയുടെ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പറഞ്ഞു. ഈ ചാലക ശക്തിയെ വേണ്ടതുപോലെ പ്രയോജനപ്പെടുത്തുവാൻ സഭയുടെ എല്ല പ്രവർത്തനമേഖലകളും മുന്നോട്ടു വരണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. പാലാരിവട്ടം പി.ഒ.സിയിൽ ഡിസംബർ 27–ാം തീയതി നടന്ന കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ രജതജൂബിലി സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ വിജയരഹസ്യം തിരുവചന തീക്ഷ്ണതയും സമർപ്പണവുമുള്ള നിരവധി അല്മായ പ്രമുഖരുടെയും വൈദികരുടെയും സന്ന്യസ്തരുടെയും ആത്മാർത്ഥത നിറഞ്ഞ സേവനസന്നദ്ധതയാണെന്നും കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പറഞ്ഞു. എല്ലാ മതസ്ഥരായ വ്യക്തികൾക്കും ബൈബിൾ നന്നായി മനസ്സിലാക്കാൻ സഹായിക്കുന്ന മലയാള ഭാഷയിലുള്ള സ്റ്റഡി ബൈബിൾ വൈകാതെ തയ്യാറാക്കി പ്രസിദ്ധീകരിക്കണമെന്നും, അതു വഴി മനുഷ്യാവതാരരഹസ്യം എല്ലാവർക്കും നന്നായി അറിയാനുള്ള സാഹചര്യം ഉണ്ടാക്കണം എന്നും കർദ്ദിനാൾ പറഞ്ഞു.

കേരളത്തിൽ 90% ജനങ്ങളും തിരുവചനം കേൾക്കുന്നു. ധ്യാനങ്ങളിലൂടെയും രോഗശാന്തി ശുശ്രൂഷയിലൂടെയും ബൈബിൾ ശ്രവിക്കുന്നു. എങ്കിലും വചനം ജീവി




താനുഭവമായി മാറുന്നുണ്ടോ എന്ന് നാം വിചിന്തനം നടത്തണമെന്ന് അധ്യക്ഷത വഹിച്ച കേരള കാത്തലിക് ബൈബിൾ സൊസൈറ്റി ചെയർമാൻ ആർച്ച്ബിഷപ്പ് ഡോ. എം. സൂസൈപാക്യം പറഞ്ഞു. തിരുവചനാനുസൃതം ജീവിതം ക്രമീകരിച്ച് സമൂഹത്തിന്റെ വളർച്ചയ്ക്കുവേണ്ടി പ്രയത്നിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു.

ബൈബിൾ സൊസൈറ്റി മുൻ ചെയർമാൻ ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിൽ, റവ. ഫാ. വർഗീസ് വള്ളിക്കാട്ട്, റവ. ഡോ. ജോഷി മയ്യാറ്റിൽ, ശ്രീ. ആന്റണി പാലിമറ്റം, ശ്രീ. ജോൺസൺ കാഞ്ഞിരത്തിങ്കൽ, ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ, ശ്രീ. സാബു ജോസ്, സി. നിമ സി.റ്റി.സി. എന്നിവർ പ്രസംഗിച്ചു.

മാർ ജോർജ് പുന്നക്കോട്ടിൽ വചനസർഗ പ്രതിഭാ അവാർഡ് സെബാസ്റ്റ്യൻ പള്ളിത്തോടിന് ആർച്ച് ബിഷപ്പ് ഡോ. എം. സൂസൈപാക്യം സമർപ്പിച്ചു. ബൈബിൾ സൊസൈറ്റിയുടെ ചെയർമാൻമാരായി പ്രവർത്തിച്ച മാർ ജോർജ് പുന്നക്കോട്ടിൽ, ആർച്ച് ബിഷപ്പ് ഡോ. എം. സൂസൈപാക്യം എന്നിവരെ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയും ബൈബിൾ സൊസൈറ്റി ഭാരവാഹികളായ ശ്രീ. ആന്റണി പാലിമറ്റം, ഫാ. ജോഷി മയ്യാറ്റിൽ, ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ, സി. നിമ സി.റ്റി.സി. മുൻഭാരവാഹികളായ ശ്രീ. ജോൺസൺ കാഞ്ഞിരത്തിങ്കൽ, ശ്രീ. സാബു ജോസ്,



സി. ഏലിയാമ്മ ഒ.എസ്.എസ്., സി. സൗമ്യ സി.റ്റി.സി, സി. ആഗ്നസ് സി.റ്റി .സി, സി. നിമ സി.റ്റി.സി, എന്നിവരെയും ജൂബിലി ബൈബിൾ മിഷൻ അം ബാ സഡർമാരായ ശ്രീ. ജോൺസൺ കാഞ്ഞിരത്തിങ്കൽ, ശ്രീ. ഒ.റ്റി. അലക്സാണ്ടർ, ശ്രീമതി മേരി എം. പി., ശ്രീമതി ജെസ്സി ജോസ്, ശ്രീ. എൽവീസ് കോട്ടൂരാൻ, ശ്രീ. മാത്യൂ പോൾ, ശ്രീ. ജൂലിയസ് റൂബൻ, ശ്രീ. ആന്റണി പി. കുര്യൻ, ഡോ. റെക്സ് തോമസ്, ശ്രീ. സജീവ് സെബാസ്റ്റ്യൻ എന്നിവരെയും ആർച്ച് ബിഷപ്പ് ഡോ. എം. സൂസൈപാക്യം ആദരിച്ചു.



'നൂറുമേനി' എന്ന പേരിൽ ഡിസംബർ 31 വരെ തുടരുന്ന അഖണ്ഡ ബൈബിൾ പാരായണയജ്ഞത്തിന്റെ ഉദ്ഘാടനം ആർച്ച് ബിഷപ്പ് ഡോ. എം. സൂസൈപാക്യം നിർവഹിച്ചു. പള്ളിപ്പുറം സെന്റ് റോക്കീസ് നൃത്തകലാഭവൻ അവതരിപ്പിച്ച 'ദാവീദ്' എന്ന ചവിട്ടു നാടകം ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി.

---




# ലോഗോസ് പുതുമകൾ

## LOGOS FAMILIA QUIZ

കേരളബൈബിൾ സൊസൈറ്റി സംഘടിപ്പിക്കുന്ന ലോഗോസ് ക്വിസിന്റെ ഭാഗമായി, കുടുംബങ്ങളിൽ ഒരുമിച്ചുള്ള ബൈബിൾ പഠനം പ്രോത്സാഹിപ്പിക്കാൻ ഈ വർഷം മുതൽ ആരംഭിക്കുന്നു ലോഗോസ് ഫമിലിയ ക്വിസ്. ഓരോ രൂപതയിലേയും ഫാമിലി ക്വിസിൽ ഒന്നാം സ്ഥാനം ലഭിക്കുന്നവർ പി.ഒ.സി. യിൽ നവംബർ 26-ാം തീയതി ഫൈനലിൽ പങ്കെടുക്കുന്നു.

*നിബന്ധനകൾ*

1. ലോഗോസ് ആദ്യ റൗണ്ട് ക്വിസിൽ പങ്കെടുത്തിരിക്കണം.
2. മൂന്നുപേരെങ്കിലും ഒരു ഗ്രൂപ്പിൽ വേണം.
3. രണ്ടു തലമുറയിൽ പെട്ടവരെങ്കിലും ഗ്രൂപ്പിൽ ഉണ്ടായിരിക്കണം.

## ബൈബിൾ വിതരണം

2015–2016 സാമ്പത്തികവർഷം ബൈബിൾ സൊസൈറ്റി അംഗങ്ങൾക്ക് സബ്സിഡി നിരക്കിൽ 14,729 ബൈബിളുകൾ നല്കപ്പെട്ടു. ഇതിനായി 5,27,745 രൂപ സൊസൈറ്റി ചെലവഴിച്ചു. പുതുതായി ചേർന്ന അംഗങ്ങൾക്കായി 952 ബൈബിളുകൾ സൗജന്യമായി നല്കുകയുണ്ടായി.

## അംഗത്വനില

ലഭ്യമായ കണക്കുകളനുസരിച്ച് 2016 മാർച്ച് 31–ാം തീയതി വരെ സൊസൈറ്റിയിൽ ആകെ 14,070 അംഗങ്ങളുണ്ട്. ഇക്കഴിഞ്ഞ സാമ്പത്തികവർഷത്തിൽ 786 പേർ സൊസൈറ്റിയിൽ പുതുമുഖങ്ങളായി എത്തിയിട്ടുണ്ട്. ഇവരുടെ പേരു വിവരങ്ങൾ www.keralabiblesociety.com ൽ കാണാവുന്നതാണ്. നടപ്പുവർഷം ഏറ്റവും കൂടുതൽ തുക സമാഹരിച്ച് ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ അവാർഡിന് വരാപ്പുഴ അതിരൂപത അർഹമായി.

## സൊസൈറ്റി അംഗത്വത്തിന്റെ നില വെളിവാക്കുന്ന പട്ടിക

| അംഗത്വം | പുതുക്കിയ നിരക്ക് | 11.12.90 മുതൽ 31.3.15 വരെ | 1.4.15 മുതൽ 31.3.16 വരെ | ആകെ * |
|---|---|---|---|---|
| ഓർഡിനറി | 500 | 7195 | 2 | 7197 |
| സ്പെഷ്യൽ | 1000 | 2959 | 686 | 3645 |
| ലൈഫ് | 2000 | 2454 | 86 | 2540 |
| സ്പെഷ്യൽ ലൈഫ് | 10000 | 162 | 2 | 164 |
| സ്പോൺസർ ലൈഫ് | 20000 | 68 | 4 | 72 |
| ഇൻസ്റ്റിറ്റ്യൂഷൻ | 20000 | 196 | | 196 |
| പാരിഷ് ഓർഡിനറി | 5000 | 204 | 6 | 210 |
| പാരിഷ് ലൈഫ് | 20000 | 46 | | |
| **ആകെ** | | **13,284** | **786** | **14070** |

* അപ്ഗ്രേഡു ചെയ്ത അംഗത്വങ്ങൾ ഉൾപ്പെടെ

## ബൈബിൾ വായനാ കലണ്ടർ

2016 നവംബർ 28–ന് അഭിവന്ദ്യ സൂസൈപാക്യം പിതാവ് ബൈബിൾ കലണ്ടർ 2016 പ്രകാശനം ചെയ്തു. മൂന്നു റീത്തുകളുടെയും ആരാധനക്രമവായനകൾ ഒരു കലണ്ടറിൽ ക്രമപ്പെടുത്തി. ഇടവകകളിലും കുടുംബങ്ങളിലും വ്യക്തി ജീവിതത്തിലും ആരാധനക്രമാധിഷ്ഠിതമായ ബൈബിൾ വായനയ്ക്ക് സഹായകമാണിത്. മൾട്ടികളർ ചിത്രങ്ങളോടുകൂടി ആറ് പേജുകളിലായി ആർട്ട് പേപ്പറിൽ 25000 കലണ്ടറുകൾ അച്ചടിപ്പിച്ചു.

# സെബാസ്റ്റ്യൻ പള്ളിത്തോടിന് മാർ ജോർജ് പുന്നക്കോട്ടിൽ വചനസർഗപ്രതിഭാ പുരസ്കാരം



കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ രജതജൂബിലി വർഷത്തിൽ ഏർപ്പെടുത്തിയ മാർ ജോർജ് പുന്നക്കോട്ടിൽ വചനസർഗപ്രതിഭാ അവാർഡ് ശ്രീ. സെബാസ്റ്റ്യൻ പള്ളിത്തോടിന്. 'ജെസിബൽ' എന്ന ബൈബിൾ നോവലിനാണ് അവാർഡ്. 25,000 രൂപയും പ്രശസ്തിപത്ര ഫലകവും ഡിസംബർ 27നു പി.ഒ.സി.യിൽ വച്ചു ചേർന്ന ബൈബിൾ സൊസൈറ്റിയുടെ രജത ജൂബിലി സമാപന യോഗത്തിൽ വച്ച് അവാർഡു ജേതാവിനു സമ്മാനിച്ചു. പ്രൊഫ. എം. തോമസ് മാത്യു, പ്രൊഫ. വി.ജി. തമ്പി, ഡോ. പി. വി. കൃഷ്ണൻ നായർ എന്നിവരടങ്ങിയ ജൂറിയാണ് അവാർഡു നിർണയം നടത്തിയത്.

അധികാര പ്രമത്തമായ വർത്തമാന കാലത്തിനെതിരായ ശക്തമായ താക്കീതും മുന്നറിയിപ്പുമായി ജസെബെൽ രാജ്ഞിയുടെ ദുരന്തത്തെ ആവിഷ്കരിക്കുന്ന 'ജസിബെൽ' എന്ന ബൈബിൾ നോവലിലൂടെ ശ്രീ. സെബാസ്റ്റ്യൻ പള്ളിത്തോട് മലയാള ബൈബിൾ സാഹിത്യ ശാഖയ്ക്ക് അമൂല്യമായ സംഭാവനയാണ് നല്കിയിരിക്കുന്നത്. പ്രതിഭാധനനായ എഴുത്തുകാരനെ എങ്ങനെയെല്ലാമാണ് ബൈബിൾ പ്രചോദിപ്പിക്കുക എന്നതിന്റെ മൂർത്തമായ ഉദാഹരണമായി ജൂറി ഈ സാഹിത്യകൃതിയെ വിശേഷിപ്പിക്കുന്നു.



പാർശ്വവത്കരിക്കപ്പെട്ട ജീവിതത്തെ അനുഭവത്തിന്റെ തീക്ഷ്ണത മുറ്റിയ വാക്കുകളിൽ ദാർശനിക മാനത്തോടെ ആവിഷ്കരിക്കുമ്പോൾ വർത്തമാനകാലത്തിലേക്കുള്ള ഒരു ജാലകം കൂടിയാണ് ബൈബിൾ എന്ന തന്റെ ബോധ്യം ഏവരോടും പങ്കുവയ്ക്കുകയാണ് നോവലിസ്റ്റ്.

അഞ്ഞൂസ് ദേയി, ജീവിച്ചിരിക്കുന്നവരുടെ മനസ്സിൽ, ജൂദത്തെരുവ്, ആകാശമോക്ഷത്തിന്റെ വാതിൽ, തോരാതെ പെയ്യുന്ന മഴയിൽ, കടലറിയുമോ കരയുമോർമകൾ?, ക്ലിന്റ് നിറങ്ങളുടെ രാജകുമാരൻ, പോപ്പ് ജോൺ പോൾ രണ്ടാമന്റെ ജീവചരിത്രഗ്രന്ഥം, വിശുദ്ധ ഡാമിയൻ, ഫുൾട്ടൺ ജെ. ഷീൻ തുടങ്ങിയ കൃതികൾക്കൊപ്പം കാഫ്ക, ദസ്തയേവ്സ്കി, കസാൻദ്സാക്കീസ് തുടങ്ങിയവരുടെ നോവലുകൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയ സെബാസ്റ്റ്യൻ പള്ളിത്തോട് നോവൽ, ചെറുകഥ, നാടകം, പരിഭാഷ, ജീവചരിത്രം എന്നീ മേഖലകളിൽ തന്റെ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. 100 പേജുമുതൽ 1000–ത്തിലധികം പേജുകൾ വരെ വരുന്ന നാല്പതിലധികം കൃതികളുടെ കർത്താവാണ് ഇദ്ദേഹം.

കെ.സി.ബി.സി. മാധ്യമ അവാർഡ്, സമകാലിക മലയാളം വാരികയുടെ നോവൽ അവാർഡ്, സമസ്ത കേരള സാഹിത്യപരിഷത്തിന്റെ പ്ലാറ്റിനം ജൂബിലി നോവൽ അവാർഡ്, പോഞ്ഞിക്കര റാഫി അവാർഡ്, അറ്റ്ലസ് കൈരളി കഥാ പുരസ്കാരം, മയ്യനാട് എ. ജോൺ സ്മാരക സാഹിത്യ പുരസ്കാരം, മോൺ. മാത്യു മങ്കുഴിക്കരി ആത്മവിദ്യാ അവാർഡ് തുടങ്ങിയ നിരവധി അവാർഡുകൾ കരസ്ഥമാക്കിയ ശ്രീ. സെബാസ്റ്റ്യൻ പള്ളിത്തോട് അറുകുലശ്ശേരിൽ ക്ലീറ്റസ്സിന്റെയും എലിസബത്തിന്റെയും മകനായി 1953–ൽ ജനിച്ചു. ഭാര്യ ദലീല; മക്കൾ ജിജോ, യൂജിൻ; മരുമകൾ ഡയാന; പേരക്കുട്ടി നന്മ.



# ടോണി ബേബി 2015ലെ ലോഗോസ്പ്രതിഭ

ദൈവവചനം പഠിക്കുകയും ഹൃദയത്തിൽ സൂക്ഷിക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്നവരെ വചനം വിളിക്കുന്ന പേരുണ്ട്, ദൈവങ്ങൾ. "ദൈവവചനം ആരുടെ അടുത്തേക്ക് വന്നുവോ അവരെ ദൈവങ്ങൾ എന്ന് അവൻ വിളിച്ചു" (യോഹ 10:35). ദൈവ സത്ത ജീവിത ചൈതന്യമാകുമ്പോൾ വചനം നിരന്തര സാമീപ്യ മാകും. പോട്ട കണ്ണംപുഴ ബേബി – ഫിലോമിന മകൻ ടോണി ഈ അദ്ഭുതങ്ങളുടെ കരുത്തറിഞ്ഞവനാണ്. ലോകത്തിലെ തന്നെ ഏറ്റവും വലിയ വചനാധിഷ്ഠിതമായ ക്വിസ് പ്രോഗ്രാം എന്നറിയപ്പെടുന്ന കേരള കാത്തലിക് ബിഷപ്സ് കൗൺസിലിന്റെ 2015 ലെ 'ലോഗോസ് ക്വിസ്' പ്രോഗ്രാമിൽ ലോഗോസ് പ്രതിഭയായി തിരഞ്ഞെടുക്കപ്പെട്ടത് ടോണിയാണ്.

ആറു വർഷങ്ങളായി ടോണി ഈ ക്വിസ് പ്രോഗ്രാമിൽ പങ്കെടുക്കുന്നു. ആറു വർഷവും റാങ്കുകൾ; രൂപതയിൽ മൂന്നു പ്രാവശ്യം നാലാം റാങ്ക്, രണ്ടു വട്ടം രണ്ടാം റാങ്ക്, ഒരിക്കൽ ഒന്നാം റാങ്ക്. സംസ്ഥാനതല പരീക്ഷയിൽ രണ്ടു വട്ടം ഒന്നാം റാങ്ക്. 2015–ൽ ഡി വിഭാഗത്തിൽ ഒന്നാം റാങ്കും ഗ്രാന്റ് ഫിനാലെയിൽ പ്രതിഭാപട്ടവും.

ടോണിക്കുമുണ്ട് ലോഗോസിനൊരുങ്ങാൻ ഒരു ശൈലി. പഠനഭാഗങ്ങൾ പ്രഖ്യാപന ദിനംമുതൽ അഞ്ചോ ആറോ വാക്യങ്ങൾ ഹൃദിസ്ഥമാക്കാൻ തുടങ്ങും. പഠനം റഫറൻസുകളും വ്യാഖ്യാനങ്ങളും അർഥതലങ്ങളും ക്രോസ് റഫറൻസുകളും ചേർത്താണ് എന്നത് ഒരു പ്രത്യേകതയാണ്. ഒരു വട്ടം വായിച്ചുകഴിഞ്ഞാൽ വീണ്ടും വായന തുടരും. ചോദ്യങ്ങൾ കാണുമ്പോഴേക്കും ദൈവകൃപകൊണ്ട് ഉത്തരങ്ങൾ മനസ്സിൽ തെളിയും.

ജീവിതത്തെ ശുഭാപ്തിവിശ്വാസത്തോടെ കാണുകയും ദൈവകൃപയിൽ ആശ്രയിക്കുകയും ചെയ്ത്, വിശ്വസ്തതയോടും ആത്മാർഥതയോടും കൂടെ




കഠിനപ്രയത്നം ചെയ്യുന്ന ടോണിക്കു പറയാനുള്ളത് ഒന്നുമാത്രം: "സത്യത്തിന്റെ വചനം ഉചിതമായി കൈകാര്യം ചെയ്തുകൊണ്ട് അഭിമാനിക്കാൻ അവകാശമുള്ള വേലക്കാരനായി ദൈവതിരുമുമ്പിൽ അർഹതയോടെ പ്രത്യക്ഷപ്പെടാൻ ഉത്സാഹ പൂർവം പരിശ്രമിക്കുക" (2 തിമോ 2:15). മാർ ബസേലിയൂസ് ക്രിസ്ത്യൻ കോളേജ് ഓഫ് എൻജിനീയറിംഗ് & ടെക്നോളജിയിൽ നിന്ന് എൻജിനീയറിംഗ് ബിരുദം നേടി നെറ്റ് ക്രാക്കർ കമ്പനിയിൽ ജോലി ചെയ്തുവന്ന ടോണി ഇപ്പോൾ ടാറ്റ കൺസൾട്ടൻസി സർവീസിൽ ജോലിക്കായി നിയമിതനായിരിക്കുകയാണ്.

വ്യത്യസ്ത ക്വിസ് പ്രോഗ്രാമുകളിൽ പങ്കെടുത്തിട്ടുള്ള ഈ യുവാവിന് യുവാക്കളോട് വ്യക്തമായ ഒരഭിപ്രായം പറയാനുണ്ട്. 'ജീവിതത്തിന് ഒരു ലക്ഷ്യം വേണം. ലക്ഷ്യം വച്ച് കാര്യങ്ങൾ പൂർത്തിയാക്കാൻ ചിട്ടയായ ജീവിതക്രമം വേണം. തകർച്ചകളും തടസങ്ങളും നേരിടുമ്പോഴും നിരാശരാകാതെ മുന്നോട്ടുള്ള പ്രയാണം തുടരണം. നല്ല സൗഹൃദങ്ങൾ, വാക്കുകളിലും പ്രവൃത്തികളിലും ആത്മാർഥത, സത്യസന്ധത എന്നിവയുമുണ്ടായാൽ ജീവിതം വിജയമായിരിക്കും. പ്രാർഥനയും ബൈബിൾ വായനയും ജീവിതചര്യയാക്കുമ്പോൾ ദൈവകൃപ അദ്ഭുതമായി കൂട്ടുണ്ടാകും.

## ലോഗോസ് റീജിയണൽ സെമിഫൈനൽ

ലോഗോസ് ക്വിസിൽ ആദ്യ റൗണ്ടിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നവർക്കായി, ദൂരെ നിന്നും വരുന്നവരുടെ യാത്രാ ക്ലേശം പരിഗണിച്ച്, കേരളത്തിൽ മൂന്നു സെന്ററുകളിലായി സെമിഫൈനൽ നവംബർ 20-ാം തീയതി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പൊതുവായ ഈ മത്സരത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നവർക്കായി മൾട്ടി മീഡിയ ഫൈനൽ മത്സരങ്ങൾ പിഒസിയിൽ വച്ച് നവംബർ 26-27 തീയതികളിൽ നടക്കുന്നതാണ്.

## പി.ഒ.സി. ബൈബിൾ പുതിയപരിഭാഷ

KCBC ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിലുള്ള ബൈബിൾ പരിഭാഷായജ്ഞം റവ. ഡോ. ജോഷി മയ്യാറ്റിലിന്റെ നേതൃത്വത്തിൽ രണ്ടാംഘട്ടത്തിലേക്കു പ്രവേശിച്ചിരുന്നു. പുതിയനിയമത്തിന്റെ പുതിയപരിഭാഷ 2012ൽ പ്രസിദ്ധീകരിച്ചിരുന്നു. അത് പഠനകുറിപ്പുകളോടെ സ്റ്റഡിബൈബിൾ ആയി പ്രസിദ്ധീകരിക്കാനുള്ള അവസാന മിനുക്കുപണി നടന്നുകൊണ്ടിരിക്കുന്നു.

രണ്ടാംഘട്ടത്തിൽ പഴയനിയമത്തിന്റെ പരിഭാഷയാണ് ആരംഭിച്ചിരിക്കുന്നത്. ഹീബ്രു, അരമായിക്, ഗ്രീക്ക് മൂലങ്ങളിൽനിന്നുള്ള ശ്രമകരമായ പരിഭാഷ ബൈബിൾ പണ്ഡിതരുടെ ഒരു ടീം പി.ഒ.സി.യിൽ താമസിച്ച് ആരംഭിച്ചിരിക്കുന്നു. ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുൻ പ്രസിഡന്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ, സെമിനരി പ്രൊഫസർ റവ. ഡോ. ജോസഫ് തൊണ്ടിപറമ്പിൽ എന്നിവർ ഇവിടെ എത്തിക്കഴിഞ്ഞു. ഇനിയും കൂടുതൽ പേരെ ഇതിലേക്ക് പ്രതീക്ഷിക്കുന്നു.



## ശ്രീമതി ജാൻസി ജേക്കബ് മികച്ച ബൈബിൾ പ്രൊമോട്ടർ



2015-2016 സാമ്പത്തിക വർഷത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർക്കുകയും ഏറ്റവും കൂടുതൽ തുക സമാഹരിക്കുകയും ചെയ്ത് മികച്ച പ്രൊമോട്ടറായ കൊച്ചി രൂപതാംഗം ശ്രീമതി ജാൻസി ജേക്കബ്. 2014-2015-ൽ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്തതും ശ്രീമതി ജാൻസി ജേക്കബാണ്.

# സി. ജിയോ തെരേസ് സമർപ്പിതപ്രതിഭ



സമർപ്പിത വർഷത്തോടനുബന്ധിച്ച് കേരള കാത്തലിക് ബൈബിൾ സൊസൈറ്റി സംഘടിപ്പിച്ച ബൈബിൾ ക്വിസ് മത്സരത്തിൽ സി. ജിയോ തെരെസ് SABS ഒന്നാം സ്ഥാനം കരസ്ഥമാക്കി, സമർപ്പിത പ്രതിഭയ്ക്ക് പ്രഖ്യാപിച്ച വിശുദ്ധനാട് തീർത്ഥാടനത്തിന് അർഹ യായി. മാനന്തവാടി രൂപതയിൽ അമരക്കുനി ഇടവകാംഗമായ സി. ജിയോ തെരെസ് SABS ആരാധനാ സന്യസിനീസമൂഹത്തിന്റെ തൃശൂർ പ്രോവിൻസിലെ അംഗമാണ്. ചെന്നൈ സ്റ്റെല്ലാ മാരിസ് കോളേജിലും ലെയോള കോളേജിലും ഗണതിശാസ്ത്രത്തിൽ ഉപരിപഠനം നടത്തി യിട്ടുള്ള സിസ്റ്റർ ഇപ്പോൾ തൃശൂർ ജില്ലയിൽ എയ്യാലുള്ള മേരിമാതാ കോൺവെന്റ് സ്കൂളിൽ ഗണിതശാസ്ത്ര അധ്യാപികയായും വൈസ് പ്രിൻസിപ്പളായും പ്രവർത്തി ച്ചുവരുന്നു.

സിസ്റ്റർ എഴുതുന്നു: വചനത്തിന്റെ മാഹാദ്മ്യം എത്രയോ ഉന്നതമാണെന്നും ആ വലിയ മഹത്ത്വത്തെ നാം മറ്റുള്ളവരിലേക്കും പകർന്നു നല്കേണ്ടതാണെന്നുമുള്ള ഒരു ഓർമപ്പെടുത്തലായിരുന്നു ലോഗോസ് സമർപ്പിത പ്രതിഭാപട്ടം. വചനത്തിന്റെ ശക്തി വളരെ വലുതാണ്. അത് ജീവിതത്തിന്റെ ഏതവസ്ഥയിലും സാഹചര്യത്തിലും നമ്മെ കൂടുതൽ ചിന്തിപ്പിക്കാനും ആശ്വസിപ്പിക്കാനും വഴി കാണിച്ചു തരാനും നമ്മെ സഹായിക്കുന്നു. ധ്യാനിക്കാനും പ്രാർഥിക്കാനും പദ്ധതികൾ വിഭവാനം ചെയ്യാനും നാം വി.ഗ്രന്ഥത്തെ അനേകം അവസരങ്ങളിൽ അഭയം പ്രാപിക്കുന്നുണ്ട്. ഒരു പരീക്ഷയായിട്ടല്ല ഞാൻ  ഇതിനെ കണ്ടത്. ദൈവത്തിന്റെ വചനം കൂടുതൽ മനസ്സി ലാക്കി ഹൃദ്യസ്ഥമാക്കിയപ്പോൾ ദൈവം തന്ന ഒരു ദാനവും ദൗത്യവുമാണ് ഈ പ്രതിഭാ പട്ടം. മറ്റുള്ളവരെക്കാൾ കൂടുതൽ ഞാൻ മുമ്പിൽ എത്തിയെങ്കിലും അത് ദൈവം എന്നെ കൂടുതൽ ദൗത്യം ഏല്പിച്ചിരിക്കുന്നു എന്നാണ്. നിങ്ങൾ ലോക മെങ്ങും പോയി എല്ലാം സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ എന്ന ദൗത്യമാണ് എന്നിൽ നിക്ഷിപ്തമായിരിക്കുന്നത്. ഞാൻ കൂടുതലായി ഉൾക്കൊണ്ട വചനത്തെ മറ്റുള്ളവർക്കു പകർന്നു നല്കുകയും മറ്റുള്ളവരെ സ്നേഹത്തിന്റെ പാത യിലൂടെ നയിക്കുകയുമാണ് എന്റെ ദൗത്യം. വിശ്വാസികൾക്ക് ദൈവവചനത്തിന്റെ ശക്തിയെക്കുറിച്ച് കൂടുതൽ ആഴത്തിൽ പറഞ്ഞുകൊടുക്കാനുള്ള പ്രേരണയും ഈ സമർപ്പിത ലോഗോസ് ക്വിസ്സുകൊണ്ട് സാധിച്ചു.



# ലോഗോസ് ക്വിസ് 2016 – ലെ സംസ്ഥാനതല ജേതാക്കൾ

## A വിഭാഗം

ഒന്നാം സമ്മാനം



**റിയാൻ ജോർജ്**
എറണാകുളം അതിരൂപത

രണ്ടാം സമ്മാനം



**അലീന സോജൻ**
തൃശൂർ അതിരൂപത

മൂന്നാം സമ്മാനം



**അൽക്ക എലിസബത്ത്**
തലശ്ശേരി രൂപത

## B വിഭാഗം

ഒന്നാം സമ്മാനം



**ഹെൽന ഹെന്റി**
തൃശൂർ അതിരൂപത

രണ്ടാം സമ്മാനം



**ആൻ ആന്റു**
എറണാകുളം അതിരൂപത

മൂന്നാം സമ്മാനം



**ബെഞ്ചമിൻ അനുഗ്രഹ**
മാനന്തവാടി രൂപത

## C വിഭാഗം

ഒന്നാം സമ്മാനം



**സി. കൃപാ മരിയ എസ.എച്ച്**
കോതമംഗലം രൂപത

രണ്ടാം സമ്മാനം



**സി. എയ്ഞ്ചൽ റോസ് എസ്.എ.ബി.എസ്**
പാലാ രൂപത

മൂന്നാം സമ്മാനം



**ലിന്റ ജോസഫ്**
എറണാകുളം അതിരൂപത

## D വിഭാഗം

ഒന്നാം സമ്മാനം



**ലോഗോസ് പ്രതിഭ**
**ടോണി ബേബി**
ഇരിങ്ങാലക്കുട രൂപത

രണ്ടാം സമ്മാനം



**ജെസ്സി ജോസ് മാണിക്കത്താൻ**
എറണാകുളം അതിരൂപത

മൂന്നാം സമ്മാനം



**ബീന ജേക്കബ്**
പാലാ രൂപത

## E വിഭാഗം

ഒന്നാം സമ്മാനം



**ബാബു പോൾ**
പാലാ രൂപത

രണ്ടാം സമ്മാനം



**ലൈല ജോൺ**
പാലക്കാട് രൂപത

മൂന്നാം സമ്മാനം



**ഏലിയാമ്മ ജേക്കബ്**
എറണാകുളം അതിരൂപത

## F വിഭാഗം

ഒന്നാം സമ്മാനം



**ഏലിക്കുട്ടി തോമസ്**
കോതമംഗലം രൂപത

രണ്ടാം സമ്മാനം



**ജാനറ്റ് ഐ. സി.**
തിരുവനന്തപുരം (ലാറ്റിൻ) അതിരൂപത

മൂന്നാം സമ്മാനം



**സി. ആനി ഡോൺ എസ്.എച്ച്**
ഇടുക്കി രൂപത

# 2015 അഖില കേരള ലോഗോസ് ക്വിസിൽ 4–ാം സ്ഥാനം നേടിയവർ

**A വിഭാഗത്തിൽ 4–ാം സ്ഥാനം 1000 രൂപയും മെഡലും സർട്ടിഫിക്കറ്റിനും അർഹരായവർ**

1 നികിത ബിജു – ചങ്ങനാശ്ശേരി അതിരൂപത
2 ഡിയോ മോബി – കോതമംഗലം രൂപത
3 അലൻ തോമസ് – തലശ്ശേരി അതിരൂപത
4 മരിയ ജോസഫ് (അക്സ)– ചങ്ങനാശ്ശേരി അതിരൂപത
5 സുബിൻ ഷാജി – പാലാ രൂപത
6 റോസ്മി ആന്റണി – എറണാകുളം അങ്കമാലി അതിരൂപത
7 ഷോൺ നിമ്മിച്ചൻ – കോട്ടയം രൂപത

**B ഗ്രൂപ്പിൽ 4–ാം സ്ഥാനം 1000 രൂപയും മെഡലും സർട്ടിഫിക്കറ്റിനും അർഹരായവർ**

1 അൽഫോൻസ ഡെന്നിസ് – പാലാ രൂപത
2 തോമസ്കുട്ടി ടോം – ചങ്ങനാശ്ശേരി അതിരൂപത
3 തോമസ്കുട്ടി – താമരശ്ശേരി രൂപത
4 അൽന റോസ്മ സേവി – ചങ്ങനാശ്ശേരി അതിരൂപത
5 തെരേസ ആന്റണി – കാഞ്ഞിരപ്പള്ളി രൂപത
6 ആൻ മേരി – തലശ്ശേരി അതിരൂപത
7 ജോർജ് ജോസഫ് – തൃശൂർ അതിരൂപത

**C ഗ്രൂപ്പിൽ 4–ാം സ്ഥാനം 1000 രൂപയും മെഡലും സർട്ടിഫിക്കറ്റിനും അർഹരായവർ**

1 ഡിസ്മി ജിമ്മിഷ് – എറണാകുളം അങ്കമാലി അതിരൂപത
2 എൽവിൻ റോസ് റാഫി – തൃശൂർ അതിരൂപത
3 റോസ് സ്വീറ്റി റാഫേൽ – പാലക്കാട് രൂപത
4 അമൃത അനൂപ് – കോതമംഗലം രൂപത
5 അന്നമ്മ കണയങ്കൽ – തലശ്ശേരി അതിരൂപത
6 സാന്ദ്ര നെറോണ – ആലപ്പുഴ രൂപത
7 ജോസഫ് പൈനടത്ത് – താമരശ്ശേരി രൂപത

**D ഗ്രൂപ്പിൽ 4–ാം സ്ഥാനം 1000 രൂപയും മെഡലും സർട്ടിഫിക്കറ്റിനും അർഹരായവർ**

1 സി. ബെറ്റി എൽ. എ. ആർ – പാലാ രൂപത
2 റെജീഷ് പെരിമാട്ടുകുന്നേൽ – തലശ്ശേരി അതിരൂപത
3 ലിസ്സി ജെയിംസ് – എറണാകുളം അങ്കമാലി അതിരൂപത
4 റോസി ജെസ്സി ജോണി – വരാപ്പുഴ അതിരൂപത
5 ഗ്രേസ് ജെയിംസ് – തിരുവനന്തപുരം ലത്തീൻ അതിരൂപത
6 മോളി മാത്യു – വിജയപുരം രൂപത
7 ബ്ലെസി സോണി – ചങ്ങനാശ്ശേരി അതിരൂപത

**E ഗ്രൂപ്പിൽ 4 – ാം സ്ഥാനം 1000 രൂപയും മെഡലും സർട്ടിഫിക്കറ്റിനും അർഹരായവർ**

1. മാത്യു തൈക്കുന്നുംപുറത്ത് – താമരശ്ശേരി രൂപത
2 ഷീല ഷാജി – കാഞ്ഞിരപ്പള്ളി രൂപത
3. ഫിലോമിന പോൾ – പാലാ രൂപത
4. ജെസി ജോസ് – ചങ്ങനാശ്ശേരി അതിരൂപത
5 ഫ്രാൻസിസ് കുന്നേൽ – കോട്ടപ്പുറം രൂപത
6 സാലി തോമസ് – പാലക്കാട് രൂപത
7 മേരി ജോർജ് – കാഞ്ഞിരപ്പള്ളി രൂപത

**F ഗ്രൂപ്പിൽ 4 – ാം സ്ഥാനം 1000 രൂപയും മെഡലും സർട്ടിഫിക്കറ്റിനും അർഹരായവർ**

1. മേരി സേവ്യർ – ഇരിങ്ങാലക്കുട രൂപത
2. ബെനീറ്റ ക്ലീറ്റസ് – തിരുവനന്തപുരം (ലത്തീൻ) അതിരൂപത
3 ആന്റണി എം. ജെ. – തൃശൂർ അതിരൂപത
4 റോസി വർഗീസ് – തൃശൂർ അതിരൂപത
5 അന്നമ്മ തമ്പി – ഇരിങ്ങാലക്കുട രൂപത
6 മേഴ്സി ജോർജ് – ഇരിങ്ങാലക്കുട രൂപത
7 റോസി അഗസ്റ്റിൻ – തൃശൂർ അതിരൂപത

## ലോഗോസ് ക്വിസ് 2015ന് ഉത്തരേന്ത്യയിലെ 24 രൂപതകൾ ഉൾപ്പെടെ 57 രൂപതകളിൽ നിന്നായി ആകെ 5,69,515 പേർ രജിസ്റ്റർ ചെയ്തു

**1. ഏറ്റവും കൂടുതൽ ആളുകളെ ചേർത്ത രൂപതകൾ:**

I എറണാകുളം അതിരൂപത – 67,838 – 3,000 രൂപയും മെമന്റോയും
II തൃശൂർ അതിരൂപത – 57,948 – 2,000 രൂപയും മെമന്റോയും
III പാലാ രൂപത – 43,359 – 1,000 രൂപയും മെമന്റോയും

**2. അംഗസംഖ്യയ്ക്ക് ആനുപാതികമായി ഏറ്റവും കൂടുതൽ ആളുകളെ ചേർത്ത രൂപതകൾ:**

I രാമനാഥപുരം രൂപത – 26.33 % – 3,000 രൂപയും മെമന്റോയും
II കോഴിക്കോട് രൂപത – 22.73 % – 2,000 രൂപയും മെമന്റോയും
III പാലക്കാട് രൂപത – 20.78 % – 1,000 രൂപയും മെമന്റോയും

**3. ഏറ്റവും കൂടുതൽ ആളുകളെ ചേർത്ത ഇടവകൾ:**

I മർത്ത മറിയം ഫൊറോന ചർച്ച്, കുറവിലങ്ങാട് (പാലാ രൂപത)–4,600 3,000 രൂപയും, മെമന്റോ
II സെന്റ് ജോർജ് ബസിലിക്ക, അങ്കമാലി (എറണാകുളം അതിരൂപത – 2,335 –2000 രൂപയും മെമന്റോയും
III സെന്റ് ജോസഫ് ഷ്രൈൻ, പാവറട്ടി (തൃശൂർ അതിരൂപത) – 2,115 1,000 രൂപയും, മെമന്റോ

# പതിനാറാം അഖിലകേരള ലോഗോസ് ക്വിസ് – 2016

**പാഠഭാഗങ്ങൾ**
സംഖ്യ 11-21; സുഭാഷിതങ്ങൾ 10-20; യോഹന്നാന്റെ സുവിശേഷം 13-21; വെളിപാട് 1-3

**രജിസ്ട്രേഷൻ**
അവസാനിക്കുന്നത്: 2016 ജൂലൈ 31-ന്

**പരീക്ഷാ സമയം**
രൂപതാതലം: 2016 സെപ്തംബർ 25-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെ

**സംസ്ഥാനതലം**: 2016 നവംബർ 20നും 26നും 27നും

- സംസ്ഥാനതലത്തിലെ 5 വരെയുള്ള സ്ഥാനക്കാർക്ക് ഉയർന്ന ക്യാഷ് പ്രൈസുകൾ
- വിദേശ മലയാളികൾക്കായി ഓൺ ലൈൻ ലോഗോസ് ക്വിസ്
- ലോഗോസ് ക്വിസ് ചോദ്യങ്ങൾ ഇംഗ്ലീഷ്, മലയാളം, തമിഴ്, ഹിന്ദി ഭാഷയിലും
- ഓൺ ലൈൻ രജിസ്ട്രേഷൻ
- ടെലി സംപ്രേക്ഷണം
- ലോഗോസ് പ്രതിഭയ്ക്ക് വിശുദ്ധനാട് തീർത്ഥാടനം.
- ലോഗോസ് ഫമിലിയ ക്വിസ് ഈ വർഷം മുതൽ

**ഗ്രൂപ്പുകൾ**

**A വിഭാഗം – 1.1.2005 നു ശേഷം ജനിച്ചവർ**
**B വിഭാഗം – 1.1.2000 നും 31.12.2004 നും ഇടയ്ക്ക് ജനിച്ചവർ**
**C വിഭാഗം – 1.1.1985 നും 31.12.1999 നും ഇടയ്ക്ക് ജനിച്ചവർ**
**D വിഭാഗം – 1.1.1965 നും 31.12.1984 നും ഇടയ്ക്ക് ജനിച്ചവർ**
**E വിഭാഗം – 1.1.1952 നും 31.12.1964 നും ഇടയ്ക്ക് ജനിച്ചവർ**
**F വിഭാഗം – 31.12.1951 നു മുമ്പ് ജനിച്ചവർ**

**സമ്മാനങ്ങൾ**

അഖില കേരളാതലത്തിലും രൂപതാതലത്തിലും ഇടവകതലത്തിലും ആകർഷകമായ ക്യാഷ് അവാർഡുകൾ, ഷീൽഡുകൾ, പുസ്തകങ്ങൾ, സ്വർണ്ണമെഡലുകൾ, ട്രോഫികൾ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ ...

**ലോഗോസ് പ്രതിഭയ്ക്ക് കണ്ടിരിക്കൽ ട്രാവൽസ് സ്പോൺസർ ചെയ്യുന്ന വിശുദ്ധനാട് തീർത്ഥാടനവും പാലയ്ക്കൽ തോമാ മല്പാൻ മെമ്മോറിയൽ ക്യാഷ് അവാർഡ് 25,000 രൂപയും. ലോഗോസ് പ്രതിഭയുടെ രൂപതയ്ക്ക് പാലയ്ക്കൽ തോമാ മല്പാൻ മെമ്മോറിയൽ എവർറോളിംഗ് ട്രോഫി. ലോഗോസ് ഫമിലിയ പ്രതിഭയ്ക്ക് ജെ.പി. ഫൗണ്ടേഷൻ ക്യാഷ് അവാർഡ്**

**ഓൺ–ലൈൻ രജിസ്ട്രേഷന്: www.logosquiz.org**

**visit: www.keralabiblesociety.com**

# കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിച്ച സാഹിത്യമത്സരങ്ങൾ 2015 ലെ വിജയികൾ

**കവിത**

1. ജോയ് ജേക്കബ്, ആറ്റുച്ചാലിൽ, ചൂണ്ടുച്ചേരി പി.ഒ., ഭരണങ്ങാനം, പ്ലാശനാൽ, കോട്ടയം – 686579. ഫോൺ: 9446985244 (ബേത്സഥാ അഥവാ കൃപാഭവനം)
2. ഫ്രാൻസിസ് നൊറോന, കല്ലേലി പുരയിടം, സനാതനം വാർഡ്, ആലപ്പുഴ– 688001. ഫോൺ: 9048908401, 8943421424 (സിയോൻ)
3. അൽഫോൻസ സണ്ണി, നീലൻകാവിൽ ഹൗസ്, കച്ചേരി, നെല്ലിക്കുന്ന്, ഈസ്റ്റ് ഫോർട്ട് പി.ഒ., തൃശൂർ – 680005, ഫോൺ: 9446504191 (സർവ്വേശ ഗരിമ)

**ചെറുകഥ**

1. ഫ്രാൻസിസ് നൊറോന, കല്ലേലി പുരയിടം, സനാതനം വാർഡ്, ആലപ്പുഴ– 688001. ഫോൺ: 9048908401, 8943421424 ('വിലാപങ്ങളിലെ നിലാവ്')
2. ഷിബു പൗലോസ്, അറയ്ക്കൽ പുതുക്കാട്ടുകാരൻ ഹൗസ്, ചാലക്കുടി പി.ഒ., നോർത്ത് ചാലക്കുടി ഫോൺ: 9495667822 (സമർപ്പിതയുടെ മകൾ)
3. ഹിനോ പോൾ, ഒലക്കേങ്കിൽ ഹൗസ്, പി.ഒ. വേലൂർ, തെക്കേക്കര വഴി, തൃശൂർ, പിൻ –680601, ഫോൺ: 9947415722 (ചെമ്പുനാണയങ്ങൾ)

**ഏകാങ്കനാടകം**

1. രേഷ്മ തങ്കച്ചൻ, സാൻ ഡാമിയാനോ കോൺവെന്റ്, വഴിക്കുളങ്ങര, നോർത്ത് പറവൂർ, പിൻ – 683513, ഫോൺ: 0484 2445697 (എസ്തേർ)
2. മുതുകുളം അലക്സ്, ലൗ ഡെയ്ൽ, മുതുകുളം സൗത്ത് പി.ഒ., ആലപ്പുഴ, പിൻ – 690506, ഫോൺ: 9497108531 (സിക്കമൂർ വീണ്ടും പൂക്കുന്നു)
3. സി. രാജൻ, സന്തോഷ് ഭവൻ, അളവിൽ പി.ഒ., കണ്ണൂർ–670013, ഫോൺ: 0497 2741433, 9847675832 (ശോണിത വേദനയിൽ ഒരു ശുഭ സാന്ത്വനം)

**ലേഖനം (അല്മായർ)**

1. സി. രാജൻ, സന്തോഷ് ഭവൻ, അളവിൽ പി.ഒ., കണ്ണൂർ–670013, ഫോൺ: 0497 2741433, 9847675832 ക്യാഷ് അവാർഡ് 1500/– രൂപയും സർഫിക്കറ്റും ബൈബിളും.
2. സിനി ജോൺസൻ, പുളിക്കൻ ഹൗസ്. കോന്നിക്കര പി. ഒ., തൃശൂർ, പിൻ – 680306. ഫോൺ: 9446938610, 9447832929
3. ലില്ലി വർഗീസ്, കൊല്ലന്നൂർ വീട്, എരനെല്ലൂർ പി.ഒ., കേച്ചേരി, പിൻ 680501, തൃശൂർ. ഫോൺ: 04885 242563

**ലേഖനം (സമർപ്പിതർ)**

1. സി. ജോൺസിയ എസ്. സി. വി. വിൻസന്റ് ഗിരി, മാനന്തവാടി, വീണം പി.ഒ., വയനാട്, പിൻ –670645, ഫോൺ; 9446341922, 04935 240259
2. സി. ഹിൽഡ മരിയ എഫ്. സി. സി., എഫ്. സി. സി. ജനറലേറ്റ്, പട്ടണക്കാട്, ചേർത്തല, പിൻ – 688531, ഫോൺ: 9947029485
3. സി. എൽസിറ്റ് മാത്യു എഫ്. സി. സി., എഫ്. സി. സി. ജനറലേറ്റ്, പട്ടണക്കാട്, ചേർത്തല, പിൻ – 688531, ഫോൺ: 9947029485

# ജോഷിയച്ചന് നന്ദിയുടെ നറുമലരുകൾ

കെസിബിസി ബൈബിൾ കമ്മീഷന്റെയും കേരളകാത്തലിക് ബൈബിൾ സൊസൈറ്റിയുടെയും സെക്രട്ടറിയായി കഴിഞ്ഞ ആറുവർഷം സ്തുത്യർഹമായ സേവനം ചെയ്ത ജോഷിയച്ചന് അഭിവന്ദ്യ സൂസൈപാക്യം പിതാവ് നന്ദിയുടെ സൂചകമായി ഉപഹാരം നല്കി ആദരിച്ചു. ബൈബിൾ പ്രേഷിതത്വത്തിൽ വിസ്മയങ്ങളുടെ ലോകം തീർക്കുവാൻ ബഹുമുഖപ്രതിഭയായ ജോഷിയച്ചന് സാധിച്ചു. സൈബർ/ഡിജിറ്റൽ രംഗത്ത് ബൈബിൾ പ്രേഷിതത്വം വ്യാപിപ്പിക്കുവാനും സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് മാറി നില്ക്കേണ്ടി വരുന്നവർക്കായി "സൈൻ ബൈബിളും" "ബ്രെയിലി ബൈബിളും" പ്രസിദ്ധീകരിക്കുവാനും മുന്നിട്ടിറങ്ങിയത് അച്ചന്റെ പ്രവർത്തനങ്ങളിലെ പൊൻതൂവലാണ്. ലോഗോസ് ക്വിസ് ഉത്തരേന്ത്യയിലുൾപ്പെടെ വ്യാപിപ്പിക്കുവാനും അച്ചന്റെ മികവുറ്റ നേതൃത്വത്തിനു കഴിഞ്ഞു. ബൈബിൾ കമ്മീഷന്റെ "സ്റ്റഡി ബൈബിൾ" പ്രോജക്റ്റ് പൂർത്തിയാക്കുവാൻ ജോഷിയച്ചൻ പിഒസിയിൽ തുടരുന്നത് വലിയ സന്തോഷത്തോടെയാണ് ഏവരും സ്വാഗതം ചെയ്യുന്നത്.



## ബൈബിൾ കോണ്ടാക്ട് ക്ലാസ്സ്

കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ പഠിക്കുന്നവർക്കും ചേരാൻ താത്പര്യമുള്ളവർക്കും വേണ്ടി 2016 മെയ് 14–ാം തീയതി പി.ഒ.സി.യിൽ വച്ച് ഒരു ഏകദിന കോണ്ടാക്ട് ക്ലാസ്സ് സംഘടിപ്പിക്കപ്പെട്ടു.

നിരവധിപേർ പങ്കെടുത്ത ക്ലാസ്സിൽ വെളിപാട് പുസ്തകത്തെ അധികരിച്ച് റവ. ഡോ. ജോൺസൺ പുതുശ്ശേരി ക്ലാസ്സു നയിച്ചു. ഉച്ചകഴിഞ്ഞ് 3.00ന് ചേർന്ന സമ്മേളനത്തിൽവച്ച് ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിലെ യൂണിറ്റുകൾ വിജയകരമായി പൂർത്തിയാക്കിയവർക്ക് പി.ഒ.സി. ഡയറക്ടർ റവ. ഫാ. വർഗീസ് വള്ളിക്കാട്ട് ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

# കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ സാഹിത്യമത്സരങ്ങൾ - 2016

**കവിത, കഥ, ലേഖനം, ഏകാങ്കനാടകം** എന്നീ ഇനങ്ങളിലാണ് മത്സരം. പ്രതിപാദന വിഷയം ബൈബിളിലെ ഏതു ഭാഗമാണെന്ന് വ്യക്തമാക്കിയിരിക്കണം. ബൈബിൾ പ്രമേയങ്ങളുടെ ആനുകാലികാവിഷ്കരണങ്ങൾ അനുവദനീയമാണ്. ചെറുകഥ ആറുപേജിലും (പ്രിന്റ്: 3 പേജ്) ലേഖനം പത്തു പേജിലും (പ്രിന്റ്: 6 പേജ്) കവിത അറുപതു വരികളിലും കവിയരുത്. ഏകാങ്കം മുപ്പതുമിനിട്ടുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം. കൃതി അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏല്പിച്ചിട്ടുള്ളതോ ആയിരിക്കരുത്. ജൂനിയർ, സീനിയർ തിരിവോ പ്രായപരിധി നിബന്ധനകളോ രചനാമത്സരങ്ങൾക്കില്ല. **രചനകളിൽ പേരോ വിലാസമോ എഴുതരുത്. പേരും വിലാസവും രൂപതയുടെ പേരും മറ്റൊരു കടലാസിലെഴുതി പിൻചെയ്തിരിക്കണം.**

അല്മായർ, സെമിനാരി വിദ്യാർത്ഥികൾ, സന്ന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറെയായിരിക്കും ലേഖനമത്സരം. ഓരോ ഗ്രൂപ്പിലുമുള്ള വിഷയം താഴെ കൊടുക്കുന്നു:

**ഗ്രൂപ്പ്നമ്പർ 1:** അല്മായർ
**വിഷയം: കരുണയുടെ ഉറവവറ്റുന്ന സമൂഹവും ക്രൈസ്തവ പ്രത്യുത്തരവും**
**ഗ്രൂപ്പ്നമ്പർ 2:** സെമിനാരി വിദ്യാർത്ഥികൾ
**വിഷയം: വിശ്വസ്തതയും കാരുണ്യവും (ഹെബ്രാ 2,17): പൗരോഹിത്യത്തിന്റെ മുഖമുദ്ര**
**ഗ്രൂപ്പ്നമ്പർ 3:** സന്ന്യാസിനികൾ
**വിഷയം: സമർപ്പിതജീവിതം - കരുണയുടെ സാക്ഷ്യം**

മത്സരത്തിനയയ്ക്കുന്ന കൃതികളോടൊപ്പം 50 രൂപ വീതം രജിസ്ട്രേഷൻ ഫീസും (MO / DD) വികാരിയുടെയോ സുപ്പീരിയറിന്റെയോ സാക്ഷ്യപത്രവും അയയ്ക്കേണ്ടതാണ്. ഇവ രണ്ടും ലഭിക്കാത്ത രചനകൾ സ്വീകരിക്കുന്നതല്ല. മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നല്കുന്നതല്ല. ആവശ്യമുള്ളവർ മത്സരത്തിനയയ്ക്കുന്നതിനുമുൻപ് കൃതികളുടെ കോപ്പികൾ കരുതേണ്ടതാണ്. സമ്മാനാർഹമാകുന്ന കൃതികൾ ആദ്യം പ്രസിദ്ധീകരിക്കാനുള്ള അവകാശം കെ.സി.ബി.സി. ബൈബിൾ കമ്മീഷനായിരിക്കും. കൃതികൾ ലഭിക്കേണ്ട അവസാന തീയതി 2016 നവംബർ 19 ആണ്. വൈകിയെത്തുന്ന കൃതികൾ സ്വീകരിക്കുന്നതല്ല.

ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തുന്ന സമ്മാനാർഹർക്ക് സർട്ടിഫിക്കറ്റും ബൈബിളും താഴെ കൊടുത്തിരിക്കുന്നതനുസരിച്ച് ക്യാഷ് അവാർഡും നല്കുന്നതാണ്.

| **മത്സര ഇനം** | **രജി. ഫീസ്** | First | Second | Third |
|---|---|---|---|---|
| 1. കവിത | 50 | 1500 | 1000 | 750 |
| 2. ചെറുകഥ | 50 | 1500 | 1000 | 750 |
| 3. ഏകാങ്കനാടകം | 50 | 1500 | 1000 | 750 |
| 4. ലേഖനം - 1 | 50 | 1500 | 1000 | 750 |
| 5. ലേഖനം - 2 | 50 | 1500 | 1000 | 750 |
| 6. ലേഖനം - 3 | 50 | 1500 | 1000 | 750 |

കൃതികൾ അയയ്ക്കേണ്ട വിലാസം: സെക്രട്ടറി, ബൈബിൾ കമ്മീഷൻ,
പി.ഒ.സി., പി.ബി.നമ്പർ 2251, പാലാരിവട്ടം, കൊച്ചി-682025.




5 വർഷക്കാലത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ ട്രഷറർ, കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ ഓഫീസ് സെക്രട്ടറി എന്നീ സ്ഥാനങ്ങളിൽനിന്ന് വിരമിച്ച സി. നിമ സി.റ്റി.സി. യ്ക്ക് കൃതജ്ഞതാനിർഭരമായ കൂപ്പുകൈ!


# KCBS ന്റെ പുതിയ പ്രസിദ്ധീകരണങ്ങൾ




2015 ൽ കേരളകാത്തലിക് ബൈബിൾ സൊസൈറ്റി കുട്ടികൾക്ക് ബൈബിൾ നാടിന്റെ ഭൂമിശാസ്ത്രം പഠിക്കുവാൻ ഉപകരിക്കുന്ന "ബൈബിൾ അറ്റലസ്" പ്രസിദ്ധീകരിച്ചു. ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡന്റായ റവ. ഡോ. ചാക്കോ പുത്തൻപുരയ്ക്കൽ തയ്യാറാക്കിയ ഈ അറ്റ്ലസ് മലയാള ഭാഷയിൽ ആദ്യമായി തയ്യാറാക്കപ്പെടുന്ന ബൈബിൾ ഭൂമിശാസ്ത്ര ഗ്രന്ഥമാണ്.




"ഉൽപത്തി കഥകൾ"ക്കുശേഷം നെൽസൺ ഫെർണാണ്ടസിന്റെ "പുറപ്പാടുകഥകൾ" KCBS പ്രസിദ്ധീകരിച്ചിരിക്കുന്നു. പഞ്ചഗ്രന്ഥിയിലെ രണ്ടാമത്തെ പുസ്തകമായ പുറപ്പാടിലെ ഉദ്വേഗജനകങ്ങളായ രംഗങ്ങളുടെ മനോഹരമായ പുനരാവിഷ്കാരമാണ് കഥപറയുന്ന ബൈബിളിന്റെ ഈ രണ്ടാംഭാഗം.




ടി. എം. എബ്രഹാം രചിച്ച ബൈബിൾ ആസ്പദമാക്കിയിട്ടുള്ള എട്ടു ലഘുനാടകങ്ങൾ ഉൾക്കൊള്ളുന്നതാണ് "ബൈബിൾ നാടകങ്ങൾ". അനവധി തവണ വിജയകരമായി അവതരിപ്പിച്ചിട്ടുള്ള ഈ നാടകങ്ങൾ ബൈബിൾ പ്രമേയത്തിന് നൂതനമായ അർഥവും വ്യാഖ്യാനവും നല്കാനും ശ്രമിക്കുന്നു.

## ബൈബിൾ സായാഹ്ന ക്ലാസ് സമാപനം



ബൈബിൾ സായാഹ്നക്ലാസുകളുടെ സമാപനവും സർട്ടിഫിക്കറ്റ് വിതരണവും മാർച്ച് 16-ാം തീയതി വൈകീട്ട് പി.ഒ.സി. ലിറ്റിൽഫ്ളവർ ഓഡിറ്റോറിയത്തിൽ നടന്നു. 2015 –16–ൽ നാല്പതു ബുധനാഴ്ചകൾ നീണ്ടു നിന്ന കോഴ്സിൽ അല്മായരും സന്യസ്തരുമായി നൂറോളംപേർ രജിസ്റ്റർ ചെയ്യുകയും എഴുപത് പേർ സ്ഥിരമായി പങ്കെടുക്കുകയും ചെയ്തു. നിരവധി ബൈബിൾ പണ്ഡിതർ നേതൃത്വം നല്കിയ ക്ലാസുകൾക്ക് മുന്നോടിയായി അരമണിക്കൂർ ഹീബ്രു–ഗ്രീക്കു ഭാഷാ പഠനവും ഉണ്ടായിരുന്നു. സായാഹ്നക്ലാസുകൾ തുടങ്ങിയ വർഷം മുതൽ സ്ഥിരമായി വരുന്നവരും ഈ പഠനഗ്രൂപ്പിൽ ഉണ്ടെന്നത് സായാഹ്നബൈബിൾ ക്ലാസുകളുടെ സ്വീകാര്യതയ്ക്കു തെളിവാണ്.

പി.ഒ.സി. ഡയറക്ടർ ബഹു. വർഗീസ് വള്ളിക്കാട്ടച്ചൻ സായാഹ്നക്ലാസുകളിൽ സംബന്ധിച്ചവരെ അഭിനന്ദിക്കുകയും വചനബദ്ധമായ ജീവിതം നയിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുകയും ചെയ്തു. എല്ലാ ക്ലാസുകളും മുടങ്ങാതെ പങ്കെടുത്തവർക്കു ട്രോഫികളും സർട്ടിഫിക്കറ്റും ഡയറക്ടറച്ചനും കോഴ്സ് പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റും സമ്മാനവും ബൈബിൾ കമ്മീഷൻ മുൻ സെക്രട്ടറി ജോഷി മയ്യാറ്റിലച്ചനും വിതരണം ചെയ്തു. ക്ലാസ്‌ലീഡർമാരായ ശ്രീ. സെബാസ്റ്റ്യനും ശ്രീമതി. ജിഷ നെല്ലിക്കലും ആശംസകൾ നേർന്നു സംസാരിച്ചു.

## വചനസർഗപ്രതിഭാ പുരസ്കാരത്തിന് കൃതികൾ ക്ഷണിക്കുന്നു

കൊച്ചി: ദീർഘകാലം കെസിബിസി ബൈബിൾ കമ്മീഷനെയും ബൈബിൾ സൊസൈറ്റിയെയും നയിച്ച ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിലിന്റെ ബഹുമാനാർഥം ഏർപ്പെടുത്തിയിരിക്കുന്ന വചനസർഗപ്രതിഭാ പുരസ്കാരത്തിന് 2016 –ലേക്കുള്ള എൻട്രികൾ ക്ഷണിക്കുന്നു. ബൈബിൾ മേഖലയിലെ ക്രിയാത്മക സംഭാവനകൾ പ്രോത്സാഹിപ്പിക്കുന്നതിന് കേരളകാത്തലിക് ബൈബിൾ സൊസൈറ്റിയാണു പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. 25000 രൂപ ക്യാഷ് അവാർഡും പ്രശംസാഫലകവുമാണ് പുരസ്കാരം.

ബൈബിൾ വിജ്ഞാനീയത്തിൽ മലയാളഭാഷയിൽ പുസ്തകരൂപത്തിൽ പ്രസിദ്ധീകൃതമായ രചനകളാണ് 2016–ലെ പുരസ്കാരത്തിന് പരിഗണിക്കപ്പെടുന്നത്. ബൈബിൾ പഠനമേഖലയിൽ വ്യക്തിയോ സംരംഭമോ പ്രസ്ഥാനമോ 2011 മുതൽ പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങൾ സമർപ്പിക്കാവുന്നതാണ്. പുസ്തകത്തിന്റെ 3 കോപ്പികൾ വീതം സമർപ്പിക്കേണ്ടതാണ്. വിശുദ്ധഗ്രന്ഥത്തോടു പുലർത്തുന്ന നീതി, സൃഷ്ടിയുടെ മൗലികത, ക്രിയാത്മകത എന്നിവയായിരിക്കും അവാർഡിനുള്ള മാനദണ്ഡങ്ങൾ. ജാതിമതഭേദമന്യേ ആരും അവാർഡിനു പരിഗണിക്കപ്പെടും.

ജൂൺ 30നുമുമ്പ് സെക്രട്ടറി, കേരളകാത്തലിക് ബൈബിൾ സൊസൈറ്റി, പി.ഒ.സി., പാലാരിവട്ടം, പി.ബി. നമ്പർ 2251, കൊച്ചി – 682 025 എന്ന വിലാസത്തിലാണ് എൻട്രികൾ സമർപ്പിക്കേണ്ടത്. ഫോൺ നമ്പർ: 0484–2805897.

# വചനം
# വിഭിന്നശേഷിയുള്ളവർക്കായി

**ആക്സെസ്സിബിൾ ബൈബിൾ:** കാഴ്ചവൈകല്യമുള്ളവർക്ക് കമ്പ്യൂട്ടറിലും മൊബൈലിലും പരസഹായം കൂടാതെ പി.ഒ.സി. ബൈബിൾ ശ്രവിക്കുവാൻ ഉപകരിക്കുന്ന ആക്സെസ്സിബിൾ ബൈബിൾ പുറത്തിറക്കാൻ അധ്വാനിച്ച ശ്രീ. ആന്റണി സച്ചിൻ, ശ്രീ. ജോൺസൺ, ശ്രീ. ജെറിൻ എന്നിവർക്ക് അഭിനന്ദനങ്ങൾ.




**ബ്രെയ്‌ലി ബൈബിൾ:** ബ്രദർ സോണി കടുക്കുന്നേലിന്റെ നേതൃത്വത്തിൽ ബ്രെയ്‌ലി ലിപിയിൽ പുതിയനിയമം തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ദൈവശാസ്ത്രപഠനത്തിനിടയ്ക്ക് ഇതിനായി സമയം കണ്ടെത്തുന്ന ബ്രദറിന് പ്രത്യേകം നന്ദി.



**സൈൻ ബൈബിൾ:** ബധിരർക്ക് വചനം പകർന്നു നല്കുന്നതിന്റെ ഭാഗമായി "എഫ്ഫാത്ത" സൈൻബൈബിൾ പ്രകാശനം ചെയ്തു. ഹൈടെക് കമ്മിറ്റിയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ഈ CDയിൽ ദൈവവചനം ആംഗ്യഭാഷയിൽ അവതരിപ്പിച്ചിരിക്കുന്നത് സി. അഭയ FCCയാണ്. രണ്ടാമത്തെ CDയുടെ എഡിറ്റിംഗും പൂർത്തിയായിക്കൊണ്ടിരിക്കുന്നു. വിഭിന്നശേഷിയുള്ള സഹോദരങ്ങൾക്കായുള്ള ഈ പ്രസിദ്ധീകരണങ്ങൾക്ക് സാമ്പത്തികസഹായം ചെയ്ത മിഡിൽ ഈസ്റ്റിലെ നഴ്സസ് മിനിസ്ട്രിക്ക് ഹൃദയം നിറഞ്ഞ നന്ദി!

## കരുണയുടെ സുവിശേഷം



ബൈബിൾ കമ്മീഷന്റെ അഭിമാനാർഹമായ ചുവടുവയ്പ്പായ സ്റ്റഡി ബൈബിളിന്റെ ആദ്യഭാഗമായി ലൂക്കായുടെ സുവിശേഷം "കരുണയുടെ സുവിശേഷം" എന്ന പേരിൽ മാർച്ച് 31-ാം തീയതി പ്രസിദ്ധീകരിച്ചു. ഗ്രീക്കുഭാഷയിൽ നിന്നുള്ള പുതിയപരിഭാഷയും ചിത്രങ്ങളോടു കൂടിയ പഠനക്കുറിപ്പുകളുമാണ് ഇതിന്റെ പ്രത്യേകത. കരുണയുടെ വർഷം വി. ലൂക്കായുടെ സുവിശേഷം ആഴമായി പഠിക്കുവാൻ സഹായിക്കുന്നതാണ് ഈ ഗ്രന്ഥം.



കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ഓഫീസ് സെക്രട്ടറി, കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ ട്രഷറർ എന്നീ സ്ഥാനങ്ങളിലേക്ക് നിയമിതയായ സി. ആൽഫി സി.റ്റി.സിയ്ക്ക് സൊസൈറ്റി അംഗങ്ങളുടെ പ്രാർഥനകളും വിജയാശംസകളും!